പഞ്ചായത്ത്‌രാജ്

പുസ്തകം 53 ◆ ലക്കം 10
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ജനുവരി 2014

ജനാധിപത്യ ശാക്തീകരണം
പ്രാദേശിക സർക്കാരുകളിലൂടെ

അന്താരാഷ്ട്ര സമ്മേളനം

ജനുവരി 19–21
സമുദ്ര ഹോട്ടൽ, കോവളം, തിരുവനന്തപുരം

'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6-7 കേരളവും അധികാര വികേന്ദ്രീകരണവും, ഇനി എന്ത്?
ഡോ. എം.കെ. മുനീർ

8 ഇന്ത്യയുടെ വികസന സൂത്രവാക്യത്തിലെ മർമ്മതന്ത്രം
കെ.എം.മണി

11 ഭീംസിംഗ് പഠിച്ചതും പഠിപ്പിച്ചതും
ഡോ. പി.പി ബാലൻ

17 കേരാമൃതം – തെങ്ങിൻ പൂങ്കുലയിൽ നിന്നൊരു ജീവാമൃതം
ഫീച്ചർ
ഡോ: ബി.ജയപ്രകാശ് നായ്ക്,
ഡോ. പി.ആർ. സുരേഷ്,
ഡോ.മീര മഞ്ജുഷ.എ.വി.

20 ഗ്രാമ പഞ്ചായത്തുകളിലൂടെ
പ:ന്യൂ:സർവ്വീസ്

22 അഴിമതി തടയുവാൻ കുറ്റമറ്റ ലോക്പാൽ സംവിധാനം
ടി. ഷാഹുൽ ഹമീദ്

25 പുതിയ ആകാശം പുതിയ ഭൂമി ഇനി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
ജോൺ എസ്. ജയിംസ്

28 കടലാഴങ്ങളുടെ വശ്യതയും അന്തർവാഹിനികളും
തരുൺ കുമാർ സിൻഹ

30 പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

34 കാശുതരാൻ കശുമാവിനങ്ങൾ
എം.എ. സുധീർ ബാബു പട്ടാമ്പി

36-37 അന്താരാഷ്ട്ര സെമിനാർ

അന്താരാഷ്ട്ര സെമിനാർ ലോഗോ പ്രകാശനം

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2014 ജനുവരി 19 മുതൽ 21 വരെ തിരുവനന്തപുരത്ത് വച്ച് നടത്തുന്ന അന്താരാഷ്ട്ര സെമിനാറിന്റെ ലോഗോ 23.12.2013 ന് രാവിലെ നന്തൻകോട് സ്വരാജ് ഭവനിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ പ്രകാശനം ചെയ്തു. 'പങ്കാളിത്ത തദ്ദേശഭരണത്തിലൂടെ ജനാധിപത്യം ശക്തിപ്പെടുത്തുക' എന്നതാണ് സമ്മേളനത്തിന്റെ മുഖ്യ അജൻഡ. വിവധ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും പങ്കെടുക്കുന്ന പ്രതിനിധികൾക്ക് വികേന്ദ്രീകൃത ജനാധിപത്യം, പങ്കാളിത്ത ആസൂത്രണം, തദ്ദേശഭരണ ശാക്തീകരണം തുടങ്ങിയ വിഷയങ്ങളിലെ അനുഭവപാഠങ്ങൾ പങ്ക് വയ്ക്കുന്നതിനുള്ള അവസരം ലഭിക്കും. വിവധ വിഷയങ്ങൾ ചർച്ച ചെയ്യുന്ന 13 സെഷനുകൾ സമ്മേളനത്തിനുണ്ടായിരിക്കും. കോവളം സമുദ്ര ബീച്ച് ഹോട്ടലാണ് പ്രധാന വേദി. കേന്ദ്ര-സംസ്ഥാന മന്ത്രിമാർ വ്യത്യസ്ത സെഷനുകളിൽ പങ്കെടുക്കുന്നുണ്ട്. ചടങ്ങിൽ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എസ്.ദിവാകരൻ പിള്ള, ഐ.കെ.എം. ഡയറക്ടർ ഷംസുദീൻ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സെയ്ദ്, ജെ. ആർ. ഗോപകുമാർ എന്നിവർ സംസാരിച്ചു.

പഞ്ചായത്ത് ദിനാഘോഷം-2014
ഫെബ്രുവരി 18-19 കോട്ടയത്ത്

ഈ വർഷത്തെ പഞ്ചായത്തുദിനാഘോഷം പഞ്ചായത്ത്‌രാജിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്ന ബൽവന്ത്റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 നെ സ്മരിച്ചുകൊണ്ട് 18, 19 തീയതികളിൽ കോട്ടയം - മണർകാട് വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പരിപാടിയുടെ നടത്തിപ്പിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയെ 11.1.2014 ൽ കോട്ടയം ജില്ലാ പഞ്ചായത്തു കോൺഫറൻസ് ഹാളിൽ വച്ച് കൂടിയ യോഗത്തിൽ തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചു.

രക്ഷാധികാരികൾ	: മുഖ്യമന്ത്രി, മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (കോട്ടയം ജില്ല)
ചെയർമാൻ	: പി.റ്റി. മാത്യു, പ്രസിഡന്റ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
വർക്കിംഗ് ചെയർമാൻ	: സൂപ്പി നരിക്കാട്ടേരി ജനറൽ സെക്രട്ടറി കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
ജനറൽ കൺവീനർ	: കെ. രാജവർമ്മ തമ്പാൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2014

പുസ്തകം 53

ലക്കം 10

വാർഷിക വരിസംഖ്യ: ₹ 120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

മിത്ര.റ്റി ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

മിത്ര.റ്റി, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

കേരളം വിവിധ മേഖലകളിൽ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും മാതൃകാപരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾക്കുപുറമേ അധികാര വികേന്ദ്രീകരണത്തിലൂടെ നടത്തിയ ജനാധിപത്യശാക്തീകരണം എടുത്തുപറയത്തക്ക ഒരു നേട്ടമാണ്. 1992-ലെ 73-ം 74-ം ഭരണഘടനാ ഭേദഗതികളെ തുടർന്ന് 1994-ൽ പഞ്ചായത്ത് രാജ് നിയമം നിലവിൽ വരുത്തുകയും നടപ്പിലാക്കുകയും ചെയ്തു. അധികാരം മാത്രമല്ല സാമ്പത്തികതലത്തിലും പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പങ്ക് വ്യക്തമാക്കി വികസന രംഗത്ത് മാതൃക സൃഷ്ടിക്കാൻ നമുക്കു കഴിഞ്ഞു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെ മാതൃകകളായി മാറിക്കഴിഞ്ഞു. ജനങ്ങൾ ഏറ്റവും ആദ്യം ബന്ധപ്പെടുന്നത് ഗ്രാമ പഞ്ചായത്തുകളെ തന്നെയാണ്. വികസന ക്ഷേമ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടത്തി ഗ്രാമപഞ്ചായത്തുകൾ അധികാരവികേന്ദ്രീകരണത്തിന്റേയും ജനകീയ ജനാധിപത്യത്തിന്റേയും നേർക്കാഴ്ചകളായി മാറിക്കഴിഞ്ഞു.

ഗ്രാമ സഭകൾ ഇന്ന് ജനാധിപത്യത്തിന്റെ നിയമ പരിരക്ഷയുള്ള വേദികളാണ്. പങ്കാളിത്ത ജനാധിപത്യത്തിന്റെ പ്രത്യക്ഷ വേദികളായി ഗ്രാമസഭകൾക്ക് പ്രവർത്തിക്കാൻ കഴിയണം. ഗ്രാമസഭ ഗ്രാമത്തിന്റെ സർവ്വതോന്മുഖമായ വികസനത്തെപ്പറ്റി സജീവമായി ചർച്ചചെയ്ത് രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന നിയമ സംവിധാനമാണ്.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ അർഹരായ എല്ലാവർക്കും സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ പെൻഷൻ പഞ്ചായത്ത് എന്ന പദവി നേടിക്കൊണ്ടിരിക്കുന്നു. എല്ലാ പഞ്ചായത്തുകളും ഈ ലക്ഷ്യം കൈവരിക്കുന്ന തോടുകൂടി ഈ രംഗത്ത് കേരളം രാജ്യത്ത് വീണ്ടും മാതൃകയായി മാറും. അതുപോലെ ആധുനിക സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി സേവന മേഖലയിൽ മെച്ചപ്പെട്ട പ്രകടനമാണ് നമ്മുടെ ഗ്രാമ പഞ്ചായത്തുകൾ കാഴ്ച വയ്ക്കുന്നത്. സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് എടുക്കാൻ കഴിയുന്ന രീതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. സേവന ഗുണമേന്മ ഉറപ്പാക്കാൻ ഐ.എസ്.ഒ സാക്ഷ്യപത്രം കരസ്ഥമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്ന ഗ്രാമ പഞ്ചായത്തുകൾ മറ്റ് ഗ്രാമ പഞ്ചായത്തുകൾക്ക് പ്രചോദനമായി മാറും.

പക്ഷേ ഈ നേട്ടങ്ങൾ പറഞ്ഞു നാം അഭിമാനിക്കുമ്പോൾ തന്നെ കോട്ടങ്ങൾ സംഭവിച്ചിട്ടുണ്ടോ അങ്ങനെയെങ്കിൽ അത് പരിഹരിക്കപ്പെടേണ്ടതല്ലേ എന്ന കാര്യം ശ്രദ്ധിക്കുന്നതോടൊപ്പം നമുക്ക് ഇനിയും നേടാനുള്ളത് എന്തൊക്കെയെന്ന് നാം പഠിക്കേണ്ടതുണ്ട്. അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയിട്ട് രണ്ട് പതിറ്റാണ്ടോളം ആകുന്ന ഈ സന്ദർഭത്തിൽ ഇത്തരത്തിലുള്ള ഒരു പരിശോധന നമുക്ക് ആവശ്യമാണ്. ഇത്തരം ഒരു പഠനത്തിന്റെ അനിവാര്യത മനസ്സിലാക്കിക്കൊണ്ട്തന്നെയാണ് ജനാധിപത്യശാക്തീകരണം പ്രാദേശിക സർക്കാരുകളിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി അന്താരാഷ്ട്ര സെമിനാർ നടത്താൻ സർക്കാർ തീരുമാനിച്ചത്. ജനുവരി 19 മുതൽ 21 വരെ കോവളത്തുവച്ച് നടത്തപ്പെടുന്ന ഈ സെമിനാർ സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം ലക്ഷ്യമിട്ട് കേരളം നടപ്പാക്കിവരുന്ന വികേന്ദ്രീകരണ പ്രക്രിയ അന്താരാഷ്ട്രതലത്തിൽ വിലയിരുത്തുന്നതിനും ചർച്ച ചെയ്യുന്നതിനും മറ്റ് രാജ്യങ്ങളിലേയും സംസ്ഥാനങ്ങളിലേയും നൂതനമായ വികേന്ദ്രീകരണ മാതൃകകളെ ഉൾക്കൊള്ളുന്നതിനും സഹായകരമാകും.

വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രബന്ധാവതരണവും പങ്കാളിത്ത ജനാധിപത്യ-അനുഭവങ്ങൾ പാഠങ്ങൾ സേവന പ്രദാനത്തിലെ അനുഭവ പാഠങ്ങൾ, സാമ്പത്തിക വികേന്ദ്രീകരണം, ഇലക്ട്രോണിക് ഭരണസംവിധാനം എന്നീ വിഷയങ്ങൾ സംബന്ധിച്ച ചർച്ചകളും ഉണ്ടായിരിക്കും. എന്നും ജനാധിപത്യ ശാക്തീകരണത്തിനു ഈ കോൺഫറൻസ് ഒരു പുത്തൻ ഉണർവ്വ് നല്കും എന്നു പ്രതീക്ഷിക്കുന്നു.

മിത്ര.റ്റി.ഐ.എ.എസ്.
(പഞ്ചായത്ത് ഡയറക്ടർ)

International Conference on Deepening Democracy
ICODD 2014
Thiruvananthapuram Jan. 19-21



ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

കേരളവും അധികാര വികേന്ദ്രീകരണവും ഇനി എന്ത്?

1994 – ലെ കേരള പഞ്ചായത്തിരാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് എന്നിവ കേരള നിയമസഭ പാസ്സാക്കി. പ്രാദേശിക സർക്കാരുകൾക്ക് പ്രവർത്തിക്കാനായി അധികാരം, ചുമതല, ഫണ്ട് എന്നിവ കൈമാറിക്കൊടുത്തു. എല്ലാ തലത്തിലും സമിതി സമ്പ്രദായത്തിന് രൂപം നൽകി. കൂടുതൽ വികേന്ദ്രീകരണത്തിനും കൂടുതൽ പങ്കാളിത്തത്തിനും അവസരം നൽകുന്നതിന് വേണ്ടിയായിരുന്നു ഇത്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ചരിത്ര പ്രധാനമായ സംഭവമാണ് ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികൾ. തദ്ദേശ ഭരണ സ്ഥാപനങ്ങൾ അതോടെ ഭരണഘടനാസ്ഥാപനങ്ങളായി മാറി. പഞ്ചായത്തുകളും നഗര ഭരണ സംവിധാനവും നിലവിൽ വന്നു. കേരളത്തിലാകട്ടെ, ത്രിതല പഞ്ചായത്ത് സംവിധാനം പ്രാവർത്തികമായി. ഇവയുടെ ഭരണച്ചുമതല തെരഞ്ഞെടുക്കപ്പെട്ട സമിതികളിലേക്ക് കൈമാറി. ഓരോ അഞ്ച് വർഷം കൂടുമ്പോഴും ഇവയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തണമെന്ന് ഭരണഘടന നിഷ്കർഷിക്കുന്നു. ജനങ്ങളുടെ വ്യാപക പങ്കാളിത്തം ഉറപ്പാക്കാൻ ഗ്രാമസഭ/വാർഡ്സഭ രൂപീകരിക്കുകയും വേണം. മൂന്നിലൊന്ന് ഭാഗം സീറ്റുകൾ വനിതകൾക്കായി നീക്കിവയ്ക്കണം എസ്.സി/എസ്.റ്റി വിഭാഗത്തിന് ആനുപാതിക സീറ്റുകൾ റിസർവ് ചെയ്യണം. ഇവയൊക്കെ ഭരണഘടനാ വ്യവസ്ഥകളായിത്തീർന്നു. (കേരളത്തിൽ സ്ത്രീ പ്രാതിനിധ്യം 50% ആയി ഉയർത്തുകയുണ്ടായി)

1994–ലെ കേരള പഞ്ചായത്തീരാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് എന്നിവ കേരള നിയമസഭ പാസ്സാക്കി. പ്രാദേശിക സർക്കാരുകൾക്ക് പ്രവർത്തിക്കാനായി അധികാരം, ചുമതല, ഫണ്ട് എന്നിവ കൈമാറിക്കൊടുത്തു. എല്ലാ തലത്തിലും സമിതി സമ്പ്രദായത്തിന്

ജനപങ്കാളിത്തം, സുതാര്യത, പ്രതിബദ്ധത, പങ്കാളിത്ത ആസൂത്രണം, ദാരിദ്ര്യ നിർമ്മാർജ്ജനം, പാർശ്വവൽക്കൃതരുടെ ക്ഷേമം, സ്ത്രീശാക്തീകരണം തുടങ്ങിയ രംഗങ്ങളിൽ കേരളം ഇതര സംസ്ഥാനങ്ങളേക്കാൾ മുന്നിലെത്തി. കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ പ്രത്യേകിച്ച് കുടുംബശ്രീ ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾക്കും അന്യരാജ്യങ്ങൾക്ക് പോലും മാതൃകയായി.

രൂപം നൽകി. കൂടുതൽ വികേന്ദ്രീകരണത്തിനും കൂടുതൽ പങ്കാളിത്തത്തിനും അവസരം നൽകുന്നതിന് വേണ്ടിയായിരുന്നു ഇത്. നിർദ്ദേശിക്കപ്പെട്ട വിവിധ വകുപ്പുകൾ അവയുടെ ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റി. ആസൂത്രണത്തിന്റെയും സാമൂഹ്യനീതി നിർവഹണത്തിന്റെയും പ്രത്യക്ഷ ഉത്തരവാദിത്തം പ്രാദേശിക സർക്കാരുകൾക്കായി.

സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ ഈ സ്ഥാപനങ്ങൾക്ക് ഭരണപരവും സാമ്പത്തികവും പ്രവർത്തനപരവും ആയ കാര്യങ്ങളിൽ സ്വയം തീരുമാനമെടുത്ത് നടപ്പാക്കാനുള്ള അവസരം കൈവന്നു. ജനപങ്കാളിത്തം, സുതാര്യത, പ്രതിബദ്ധത, പങ്കാളിത്ത ആസൂത്രണം, ദാരിദ്ര്യ നിർമ്മാർജ്ജനം, പാർശ്വവൽക്കൃതരുടെ ക്ഷേമം, സ്ത്രീ ശാക്തീകരണം തുടങ്ങിയ രംഗങ്ങളിൽ കേരളം ഇതര സംസ്ഥാനങ്ങളേക്കാൾ മുന്നിലെത്തി. കേരളത്തിലെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ പ്രത്യേകിച്ച് കുടുംബശ്രീ ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾക്കും അന്യരാജ്യങ്ങൾക്ക് പോലും മാതൃകയായി.

ജനാധിപത്യ വികേന്ദ്രീകരണത്തിന്റെയും പങ്കാളിത്ത ആസൂത്രണത്തിന്റെയും സദ്ഫലങ്ങൾ കേരളത്തിൽ ഏറെയുണ്ടായി. സംസ്ഥാന ബജറ്റ് വിഹിതത്തിന്റെ മൂന്നിലൊന്ന് ഭാഗത്തിലധികം ചെലവഴിക്കപ്പെടുന്ന തദ്ദേശ സ്വയംഭരണ വ്യവസ്ഥ 'By the people, of the people, for the people' എന്ന അടിസ്ഥാന ജനാധിപത്യ സങ്കൽപ്പം അതിന്റെ മുഴുവൻ സ്പിരിറ്റിലും പ്രാവർത്തികമായി എന്നാണ് കേരള അനുഭവം.

ഈ ഘട്ടത്തിൽ, നാം ഈ പ്രക്രിയയിൽ എന്തൊക്കെ നേടി? ഇനി നാം എന്തൊക്കെ ഉൾക്കൊണ്ട് ഏത് ദിശയിൽ മുന്നേറണം? ഇവയെപ്പറ്റിയുള്ള ഒരു പര്യാലോചന ആവശ്യമാണ്. 2014 ജനുവരി 19 മുതൽ 21 വരെ കോവളത്ത് നടക്കു **'ജനാധിപത്യ ശാക്തീകരണം പ്രാദേശിക സർക്കാരുകളിലൂടെ'** എന്ന വിഷയ ത്തിലുള്ള അന്താരാഷ്ട്ര സമ്മേളനം ഈ ദിശയിൽ ഗഹനമായ പര്യാലോചന യ്ക്കുള്ള അവസരമൊരുക്കും എന്നാണ് കേരള ഗവൺമെന്റിന്റെ പ്രതീക്ഷ.

എല്ലാ സമ്മേളന പ്രതിനിധികൾക്കും എന്റെ ഹൃദ്യമായ സ്വാഗതം. ■

ഇന്ത്യയുടെ വികസന സൂത്രവാക്യത്തിലെ മർമ്മതന്തു

കെ.എം. മാണി
ധനകാര്യവകുപ്പ് മന്ത്രി

സാമ്പത്തിക വികസനത്തിന്റെ ഫലമായി ഓരോ സമ്പദ്ഘടനയും അനിവാര്യമായ ചില ചക്രമണങ്ങൾക്കു വിധേയമാകാറുണ്ട്. കാർഷികേതര മേഖലയുടെ പങ്ക് വർദ്ധിക്കുകയും അതോടൊപ്പം പുതിയ സാങ്കേതിക വിദ്യയുടെ സന്നിവേശത്തിലൂടെയും ഘടനാപരിഷ്ക്കരണ ത്തിലൂടെയും ഈ മേഖലയ്ക്കു പുതിയ രൂപഭാവങ്ങൾ വന്നുചേരുകയും സമ്പദ്ഘടന തന്നെ വൈവിധ്യവൽക്കരിക്കപ്പെടുകയും ചെയ്യുക ഈ മാറ്റത്തിന്റെ സ്വാഭാവിക ഭാവമാണ്. ഇതിന്റെ ഫലമായി വ്യാവസായികമേഖലയിലെ ഉൽപ്പാദനം വർദ്ധിക്കുകയും ഈ മേഖലയിലെ പങ്കാളികളുടെ ഗണത്തിലും ഗുണത്തിലും ക്രിയാത്മകമായ മാറ്റം സംഭവിക്കുകയും വ്യക്തികൾ ചേർന്ന് സ്ഥാപനങ്ങൾ രൂപീകരിക്കുകയും അത്തരം സ്ഥാപനങ്ങളുടെ സമ്പദ്ഘടനയിലെ പങ്ക് വർദ്ധിക്കുകയും ചെയ്യും.

എല്ലാം ഇന്ത്യയെ സംബന്ധിച്ചിടത്തോളം വികസനത്തിന്റെ ഭാഗമെന്നോണം കാർഷികേതര മേഖലയുടെ പങ്ക് വർദ്ധിച്ചിട്ടുണ്ടെങ്കിലും ഈ മേഖലയുടെ ഭൂരിഭാഗവും അസംഘടിതമായി നിലകൊള്ളുകയാണ്. അംഗസംഖ്യ, തൊഴിൽ, ഉൽപ്പാദനം എന്നിവയുടെ വലിപ്പത്തിലും സമ്പദ്ഘടനയുടെ 85 ശതമാനവും അസംഘടിത മേഖലയിലാണ്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇന്ത്യയുടെ അസംഘടിത മേഖലയെക്കുറിച്ച് പ്രത്യേകിച്ച് കാർഷികേതര അസംഘടിത മേഖലയെക്കുറിച്ചുള്ള നിരവധി പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഈ മേഖലയുടെ പിന്നോക്കാവസ്ഥ, പരിമിതികൾ, സാധ്യതകൾ, ആവശ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശ്വാസ്യവും താരതമ്യം ചെയ്യാൻ കഴിയുന്നതും കൃത്യവുമായ സ്ഥിതിവിവരക്കണക്കുകളോ ഈ മേഖലയുടെ വിവിധ അംശങ്ങളെക്കുറിച്ചുള്ള വിവരങ്ങളോ ലഭ്യമല്ല.

സാങ്കേതികവിദ്യ, തൊഴിൽ ലഭ്യത, സ്ഥാപനത്തിന്റെ നിയമപരമായ സാധുത, സംഘടനാ രീതി മുതലായവയുടെ അടിസ്ഥാനത്തിൽ ഒരു സ്ഥാപനം സംഘടിത മേഖലയിലാണോ അസംഘടിത മേഖലയിലാണോ എന്ന് നിർവ്വചിക്കുകയും കാലാനുസൃതമായുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് സ്ഥാപനത്തിന്റെ സ്ഥാനത്തിന് ആവശ്യമായ വ്യതിയാനം വരുത്തുകയും ചെയ്യുന്നു. ഈ രംഗത്തു

നടത്തിയിട്ടുള്ള മിക്ക സ്ഥിതിവിവര ശേഖരണങ്ങളും സംഘടിതമേഖലയിലെ വ്യവസായ-വ്യാപാര മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ദേശീയ വരുമാനത്തിന്റെയും തൊഴിലിന്റേയും വലിയൊരു പങ്ക് സംഭാവന ചെയ്യുന്ന നിർമ്മാണ മേഖലയെ പൂർണ്ണമായി വിട്ടുകളയുകയും ചെയ്യുന്ന പ്രവണതയാണ് പുലർത്തിവന്നത്. തദ്ഫലമായി സമ്പദ്ഘടനയുടെ ചലനങ്ങളും പിന്നോക്കാവസ്ഥയുടെ യഥാർത്ഥ കാരണങ്ങളും പിന്നാമ്പുറത്ത് ശ്രദ്ധ ലഭിക്കാതെ നിലകൊള്ളുന്നു. ഇതൊരു വലിയ പോരായ്മയാണ്.

1970കൾ മുതലുള്ള ജനസംഖ്യ സെൻസസുകൾ ഏതാനും സാമ്പത്തിക സർവ്വേകൾ, നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ സർവ്വെകൾ എന്നിവയിലൂടെ രാജ്യത്തെ അസംഘടിത മേഖലയിലെ നിരവധി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഈ സർവ്വേകൾ അസംഘടിത മേഖലാസംരംഭങ്ങളെ അവയുടെ രൂപീകരണ നിബന്ധനകളേയും പ്രവർത്തനരീതികളേയും അടിസ്ഥാനമാക്കിയാണ് വേർതിരിച്ചിട്ടുള്ളത്. നാഷണൽ സാമ്പിൾ സർവ്വേകൾ എല്ലാം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ആക്ടുപ്രകാരം രജിസ്ട്രേഷൻ, നിയമപരമായ നിലനിൽപ്, തൊഴിലാളികളുടെ എണ്ണം, വൈദ്യുതി ഉപയോഗം എന്നിങ്ങനെയുള്ള കാര്യങ്ങളാണ് പരിഗണിച്ചു വരുന്നത്. വൈദ്യുതി ഉപയോഗിക്കുന്ന സ്ഥാപനത്തിൽ പത്തും വൈദ്യുതി ഉപയോഗിക്കാത്തവയിൽ ഇരുപതും തൊഴിലാളികൾ വരെയുള്ളവയെ അസംഘടിത മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2009-10 ലെ തൊഴിൽ-തൊഴിൽ രഹിതസർവ്വേ പ്രകാരം ഉടമ തനിയെയോ, പങ്ക് അടിസ്ഥാനത്തിലോ കാർഷികേതരമേഖലയിലും കാർഷികോൽപാദനം ഒഴികെയുള്ള കാര്യങ്ങളിൽ കാർഷിക രംഗത്തു പ്രവർത്തിക്കുന്ന അസംഘടിത വ്യവസായ യൂണിറ്റുകളിലാണ് ഗ്രാമീണ മേഖലയിലെ 74 ശതമാനവും പട്ടണങ്ങളിലെ 67 ശതമാനം തൊഴിലാളികൾ പണിയെടുക്കുന്നത്. ഇത് ഗ്രാമീണ മേഖലയിലെ ആകെ തൊഴിലവസരങ്ങളുടെ 34 ശതമാനവും പട്ടണങ്ങളിലെ ആകെ തൊഴിലവസരങ്ങളുടെ 94 ശതമാനവുമാണ്. എല്ലാ കാർഷികേതര രംഗം മാത്രം പരിശോധിക്കുമ്പോൾ ഗ്രാമീണ മേഖലയിൽ 71 ശതമാനവും പട്ടണ പ്രദേശങ്ങളിൽ 67 ശതമാനവും പേർ അസംഘടിത മേഖലയിലാണ് പ്രവർത്തിക്കുന്നത്.

അസംഘടിതമേഖലയിൽ ഏറ്റവുമധികം തൊഴിൽ ലഭ്യമാകുന്നത് വ്യാവസായികോൽപാദനം, നിർമ്മാണം, വ്യാപാരം എന്നീ മേഖലകളിലാണ്. ഇതിൽ തന്നെ

മിക്ക സ്ഥിതിവിവരശേഖരണങ്ങളും സംഘടിതമേഖലയിലെ വ്യവസായ-വ്യാപാര മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ദേശീയ വരുമാനത്തിന്റെയും തൊഴിലിന്റേയും വലിയൊരു പങ്ക് സംഭാവന ചെയ്യുന്ന നിർമ്മാണ മേഖലയെ പൂർണ്ണമായി വിട്ടുകളയുകയും ചെയ്യുന്ന പ്രവണതയാണ് പുലർത്തിവന്നത്. തദ്ഫലമായി സമ്പദ്ഘടനയുടെ ചലനങ്ങളും പിന്നോക്കാവസ്ഥയുടെ യഥാർത്ഥ കാരണങ്ങളും പിന്നാമ്പുറത്ത് ശ്രദ്ധ ലഭിക്കാതെ നിലകൊള്ളുന്നു.

ഗ്രാമങ്ങളിലെ വ്യാവസായികോൽപാദനം, നിർമ്മാണം എന്നീ മേഖലകളിലെ ആകെ അസംഘടിത കാർഷികേതര തൊഴിലിന്റെ 76 ശതമാനവും പട്ടണങ്ങളിൽ 72 ശതമാനവുമാണ്.

പൊതു-സ്വകാര്യ കോർപ്പറേറ്റു മേഖലകളുടെ പുറത്ത് ആറുപേരോ അതിൽ കുറവോ തൊഴിലാളികളുള്ള സംരംഭങ്ങളെ അസംഘടിത മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ മാനദണ്ഡമനുസരിച്ച് 2004-05 ലെ തൊഴിൽ-തൊഴിൽ രഹിത സർവ്വേ റിപ്പോർട്ടനുസരിച്ച് രാജ്യത്തെ 84.7 ശതമാനം തൊഴിൽ അസംഘടിത മേഖലയിലും 4.5 ശതമാനം പൊതുമേഖലയിലും 2.5 ശതമാനം സ്വകാര്യ കോർപ്പറേറ്റു മേഖലയിലും 8.4 ശതമാനം (ആറു തൊഴിലാളികളിലധികം ജോലി ചെയ്യുന്നവ) സംഘടിത ഗാർഹിക മേഖലയിലുമാണ്. കൂടുതൽ പേരെ സംഘടിത മേഖലയിൽ ഉൾപ്പെടുത്താൻ കഴിയുന്ന ഈ വ്യാഖ്യാനമനുസരിച്ചു പോലും രാജ്യത്തെ സംഘടിത മേഖലയിലെ തൊഴിൽ കേവലം 15.3 ശതമാനമാണ്.

2009 ജൂൺ മുതൽ 2010 ജൂലൈ വരെ നടത്തിയ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ 67-ാം വട്ടം സർവ്വേ പ്രകാരം നിർമ്മാണം ഒഴികെയുള്ള കാർഷികേതര മേഖലയിലെ 48810 അസംഘടിത തൊഴിൽ ശാലകൾ ഗ്രാമങ്ങളിലും 8863 എണ്ണം പട്ടണപ്രദേശങ്ങളിലും പ്രവർത്തിക്കുന്നു. ഇവയിലാകെ 10.8 കോടി തൊഴിലാളികൾ പണിയെടുക്കുന്നു. ഇതിൽ 51 ശതമാനം തൊഴിൽ ഗ്രാമീണ മേഖലയിലും 49 ശതമാനം പട്ടണങ്ങളിലുമാണ്. ഇത് ഗ്രാമീണ

മേഖലയിലെ ആകെ തൊഴിലവസരങ്ങളുടെ 17 ശതമാനവും പട്ടണങ്ങളിൽ 46 ശതമാനവുമാണ്. ഏറ്റവുമധികം അസംഘടിത തൊഴിലാളികൾ പണിയെടുക്കുന്ന കൃഷി, നിർമ്മാണ മേഖലകളിലെ കണക്ക് ഇതിൽ പെടുന്നില്ല.

അസംഘടിത മേഖലയിലെ ഭൂരിഭാഗവും തീരെ ചെറിയ സംരംഭങ്ങളും വളരെ പഴയ ഉൽപാദനരീതികളും പിൻതുടരുന്നവയാണ്. ഇവയിൽ ഏകദേശം 85 ശതമാനവും കുടുംബാംഗങ്ങൾ മാത്രം തൊഴിലെടുക്കുന്നവയാണ്. ഇത്തരം സംരംഭങ്ങൾ ഗ്രാമങ്ങളിൽ 91 ശതമാനവും പട്ടണങ്ങളിൽ 77 ശതമാനവുമുണ്ട്. പുറത്തുനിന്നുള്ള തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്താത്ത ഗ്രാമങ്ങളിലെ അസംഘടിത വ്യവസായ യൂണിറ്റുകളിൽ 59 ശതമാനവും പട്ടണങ്ങളിൽ 40.2 ശതമാനവും വീടുകളുടെ ഭാഗമായാണ് പ്രവർത്തിച്ചു വരുന്നത്.

പ്രത്യേകമായൊരു ആസ്ഥാനമില്ലാതെ, കിട്ടുന്ന താൽക്കാലിക സ്ഥലത്ത് സ്വയംസംരംഭങ്ങൾ നടത്തുന്നവരാണ് ഗ്രാമങ്ങളിലെ അസംഘടിത വിഭാഗത്തിൽ 16.1 ശതമാനവും പട്ടണങ്ങളിലെ17.3 ശതമാനവും. പുറത്തുനിന്നുള്ള തൊഴിലാളികളുടെ സേവനം വിനിയോഗിക്കുന്ന ഗ്രാമീണ മേഖലയിലെ അസംഘടിത കാർഷികേതര വ്യവസായങ്ങളിൽ 63.1 ശതമാനവും പട്ടണങ്ങളിലെ 83.9 ശതമാനവും പ്രത്യേക കെട്ടിട സൗകര്യമുള്ളവയാണ്. ഇവയിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയും, തൊഴിൽ സൗകര്യങ്ങളും താരതമ്യേന മെച്ചപ്പെട്ടവയാണ്.

ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന അസംഘടിത മേഖല ന്യൂനപക്ഷമായ സംഘടിതമേഖലയ്ക്ക് പിൻതുണയും സഹായവും നല്കുന്നവയാണ്. ഭൂരിപക്ഷം നയരൂപീകരണ വിദഗ്ധരും ഇന്ത്യയുടെ സാമ്പത്തിക വികസനത്തിന് അനിവാര്യഘടകമായി ചൂണ്ടിക്കാട്ടുന്നത് മാനുഫാക്ചറിംഗ് മേഖലയുടെ വികസനമാണ്. ഇത് തൊഴിലവസരങ്ങളും ദേശീയ വരുമാനവും വർദ്ധിപ്പിക്കുമെന്ന പ്രതീക്ഷയാണവർ പുലർത്തുന്നത്. 2011–12 ദേശീയവരുമാനത്തിൽ ഫാക്ടറി ഉല്പാദനത്തിന്റെ പങ്ക് 15–16 ശതമാനമായിരുന്നു. ഇത് 25 ശതമാനമായി വർദ്ധിപ്പിക്കാനുള്ള പദ്ധതികളിലാണ് സർക്കാരിന്റേയും നയരൂപീകരണ വിദഗ്ധരുടേയും ശ്രദ്ധ.

ഇന്ത്യൻ ജനസംഖ്യയിലെ വർദ്ധിച്ച യുവസാന്നിധ്യത്തിന് തൊഴിലവസരമൊരുക്കാൻ 2025 ആകുമ്പോഴേക്ക് 22 കോടി പുതിയ തൊഴിലവസരങ്ങളെങ്കിലും സൃഷ്ടിണ്ടേതുണ്ടെന്നാണ് കണക്ക്. 2000–01 മുതൽ 2009–10 വരെയുള്ള ഒരു ദശാബ്ദം ഇന്ത്യയെ സംബന്ധിച്ചിടത്തോളം മെച്ചപ്പെട്ട വളർച്ചാനിരക്ക് നേടിയകാലഘട്ടമാണ്. ഇതിന്റെ പ്രധാന കാരണങ്ങളിലൊന്ന് സംഘടിത മാനുഫാക്ചറിംഗ് മേഖലയിലെ ഉയർന്ന വളർച്ചയായിരുന്നു. പക്ഷേ ഈ കാലഘട്ടത്തെ തൊഴിൽ രഹിത സാമ്പത്തിക വളർച്ചയുടെ ഘട്ടമെന്നാണ് സാമ്പത്തിക വിദഗ്ധർ വിശേഷിപ്പിക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. സംഘടിത മാനുഫാക്ചറിംഗ് മേഖല എത്ര വളർന്നാലും ഇന്ത്യയിലെ തൊഴിൽ ആവശ്യങ്ങൾ നിറവേറ്റാനാകില്ല. ഇതിനു പരിഹാരം മൈക്രോ, ചെറുകിട, ഇടത്തരം വ്യാവസായിക മേഖലയിലാണു കുടികൊള്ളുന്നത്.

ഇന്ത്യൻ ജനസംഖ്യയിലെ വർദ്ധിച്ച യുവസാന്നിധ്യത്തിന് തൊഴിലവസരമൊരുക്കാൻ 2025 ആകുമ്പോഴേക്ക് 22 കോടി പുതിയ തൊഴിലവസരങ്ങളെങ്കിലും സൃഷ്ടിണ്ടേതുണ്ടെന്നാണ് കണക്ക്. 2000 – 01 മുതൽ 2009 – 10 വരെയുള്ള ഒരു ദശാബ്ദം ഇന്ത്യയെ സംബന്ധിച്ചിടത്തോളം മെച്ചപ്പെട്ട വളർച്ചാനിരക്ക് നേടിയകാലഘട്ടമാണ്. ഇതിന്റെ പ്രധാന കാരണങ്ങളിലൊന്ന് സംഘടിത മാനുഫാക്ചറിംഗ് മേഖലയിലെ ഉയർന്ന വളർച്ചയായിരുന്നു. പക്ഷേ ഈ കാലഘട്ടത്തെ തൊഴിൽ രഹിത സാമ്പത്തിക വളർച്ചയുടെ ഘട്ടമെന്നാണ് സാമ്പത്തിക വിദഗ്ധർ വിശേഷിപ്പിക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്.

ഇന്ത്യയിലെ സംഘടിത മേഖല 2.7 കോടി തൊഴിലവസരങ്ങൾ മാത്രമാണ് നല്കുന്നത്. ഇതിൽത്തന്നെ 1.7 കോടി പൊതുമേഖലയിലാണ്. രാജ്യത്തെ മാനുഫാക്ചറിംഗ് ഉല്പന്നത്തിന്റെ പകുതിയോളം ഉൽപ്പാദിപ്പിക്കുന്നതും നികുതി വരുമാനത്തിന്റെ വലിയ പങ്ക് സംഭാവന ചെയ്യുന്നതും ഈ മേഖലയാണ്. ഈ രംഗത്തെ ചാഞ്ചാട്ടം ദേശീയ വരുമാനത്തിൽ പെട്ടെന്നു പ്രതിഫലിക്കുകയും ചെയ്യും. അതിനാൽ ഭരണാധികാരികളും നയരൂപീകരണകേന്ദ്രങ്ങളും കേവലം 15.3 ശതമാനം മാത്രം വരുന്ന സംഘടിതമേഖലക്ക് വലിയ പ്രാധാന്യം കല്പിക്കുന്നു.

പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റാനുള്ള ഉൽപ്പന്നങ്ങൾ താരതമ്യേന കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുകയും, കുറഞ്ഞ മൂലധനം മുടക്കികൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും കുറഞ്ഞ തോതിൽ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുകയും വികേന്ദ്രീകൃതമായ രീതിയിൽ ഗ്രാമഗ്രാമാന്തരങ്ങളിൽപ്പോലും പ്രവർത്തിക്കുന്നതിനാൽ ഗ്രാമീണ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും പരിസരം മലിനീകരണ സാധ്യതകൾ കുറയ്ക്കുകയും പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന അസംസ്കൃത വസ്തുക്കൾക്ക് വിപണി സൃഷ്ടിക്കുകയുമൊക്കെ ചെയ്യുന്ന കാമധേനുവാണ് ഇന്ത്യയെ സംബന്ധിച്ചിടത്തോളം അസംഘടിത മേഖലയിലെ സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾ. ഈ മേഖലയിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും അന്നന്നുള്ള അഷ്ടിക്കുവേണ്ടി അദ്ധ്വാനിക്കുന്നവരാകയാൽ ഏതു സാമ്പത്തിക മാന്ദ്യകാലത്തും പ്രതിഫലം എത്രതന്നെ കുറഞ്ഞാലും പ്രവർത്തനം തുടർന്നുകൊണ്ടുപോകുന്നു. അതിനാൽ സാമ്പത്തിക മാന്ദ്യത്തെ ചെറുത്തു തോൽപ്പിക്കുന്നതിൽ ഈ വിഭാഗത്തിന്റെ പങ്ക് വലുതാണ്. പക്ഷേ ഇത്രയേറെ പ്രാധാന്യമേറിയ ഈ മേഖലയ്ക്ക് അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല. എന്നാൽ ഈ രംഗത്തിനു ലഭിക്കുന്ന പ്രാധാന്യമാകും ഇന്ത്യയുടെ വികസന സൂത്രവാക്യത്തിലെ മർമ്മ തന്തു എന്നതാണ് വസ്തുത. ■

ഡോ. പി.പി ബാലൻ

ഭീംസിംഗ് പഠിച്ചതും പഠിപ്പിച്ചതും

വരുംവരായ്കകൾ കണക്കിലെടുക്കാതെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ വെളിച്ചത്തിൽ താഴെ തട്ടിലേക്ക് ഒറ്റയടിക്ക് അധികാരവും പണവും നൽകിയ ഏക സംസ്ഥാനം കേരളമാണെന്ന വാദം അദ്ദേഹം അംഗീകരിക്കുകയായിരുന്നു

ഭീംസിംഗിന് അത് അവിശ്വസനീയമായിരുന്നു. ബീഹാറിൽ നിന്നും കേരളത്തിലെത്തുന്നതുവരെ കേരളത്തെപ്പറ്റി കേട്ടതും വായിച്ചതും യാഥാർത്ഥ്യവുമായി നിരക്കാത്തതാണെന്നാണ് അദ്ദേഹം ധരിച്ചത്. എന്നാൽ ബീഹാറിൽ നിന്നുള്ള ഈ പഞ്ചായത്ത് ഗ്രാമവികസന വകുപ്പ് മന്ത്രിക്ക് കിലയിലെ മുഖാമുഖം പരിപാടിയിൽ സംബന്ധിച്ചപ്പോൾ തന്റെ വിശ്വാസം പൂർണ്ണമായും അസ്ഥാനത്താണെന്ന് ബോധ്യമായി. സമീപപ്രദേശത്തെ പഞ്ചായത്തുകൾ കൂടി സന്ദർശിച്ചപ്പോൾ അഭിപ്രായം പാടെ മാറി. അദ്ദേഹം പറഞ്ഞു. "കേരളം അധികാരവികേന്ദ്രീകരണത്തിന്റെ മാതൃകാ സംസ്ഥാനം തന്നെ." ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക് വരുമ്പോൾ കുറെ കാഴ്ച്ചകൾ കൂടി കാണുകയായിരുന്നു ഭീംസിംഗിന്റെ ലക്ഷ്യം. എന്നാൽ, വികേന്ദ്രീകരണത്തിന്റെ കേരളത്തിൽ നിന്നുള്ള ആദ്യ പാഠങ്ങൾ പഠിച്ചപ്പോൾ അദ്ദേഹം കൂടുതൽ ഉത്സുകനായി. മുഴുവൻ കാര്യങ്ങളും ഗ്രഹിക്കാനുള്ള ആവേശം ഇതോടം വർദ്ധിച്ചു. രാത്രി വൈകും വരെ അദ്ദേഹം ചർച്ചയിൽ വ്യാപൃതനായി. കടലും കായലും വയലേലകളും അദ്ദേഹം മറന്നു.

താഴെ തട്ടിൽ നിന്നൊരു പദ്ധതി രൂപപ്പെട്ടു വരുന്ന കാര്യമാണ് ഏറെയും ചർച്ച ചെയ്തത്. വർക്കിംഗ് ഗ്രൂപ്പിന്റെ രൂപീകരണം മുതൽ അതു തുടങ്ങുന്നു. ഗ്രാമസഭാ നിർദ്ദേശങ്ങൾ, ഗ്രാമസഭകൾ, കരട് പദ്ധതികൾ, വികസന സെമിനാറുകൾ, പ്രൊജക്ട് രൂപീകരണം, മേലുദ്യോഗസ്ഥന്മാരുടെ ഓൺലൈൻ പരിശോധന, ഡി.പി.സി. അംഗീകാരം, ഗുണഭോക്തൃ തെരെഞ്ഞെടുപ്പ്, സുതാര്യമായ നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങിയ വ്യത്യസ്ത രീതിസമ്പ്രദായം അദ്ദേഹത്തെ ഹഠാദാകർഷിച്ചു. മുൻകാല പദ്ധതികളുടെ പാളിച്ചകളിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് പന്ത്രണ്ടാം പദ്ധതി കാലത്ത് ഉണ്ടാക്കിയ മാറ്റങ്ങളും ശ്രദ്ധേയമായിരുന്നു. ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്തം നൽകിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള രീതിയും ചർച്ച ചെയ്യപ്പെട്ടു. കേരളം അനുഭവങ്ങളിൽ നിന്നും തെറ്റുകൾ തിരുത്തി മുന്നേറുന്ന കാഴ്ചയാണ് അദ്ദേഹം കണ്ടത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇങ്ങനെയൊരു സമ്പ്രദായം നിലവിലില്ല എന്ന കാര്യം ഭീംസിംഗ് തറപ്പിച്ചു പറഞ്ഞു. പത്ത്, പതിനഞ്ച് വർഷങ്ങൾക്കു മുമ്പു തന്നെ ഒറ്റയടിക്ക് അധികാരവും പണവും ഉദ്യോഗസ്ഥ പുനർ വിന്യാസവും നടത്തിയ സംസ്ഥാനമായിരുന്നല്ലോ കേരളം. ഇത് സാക്ഷര കേരളത്തിന്റെ സംഭാവനയായിട്ടാണ് അദ്ദേഹം കണ്ടത്. പദ്ധതി പ്രവർത്തനത്തിലെ സുതാര്യത, ജനപങ്കാളിത്തം, ഉത്തരവാദിത്ത സമീപനം എന്നിവ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

ഇവയൊക്കെ മറ്റു സംസ്ഥാനങ്ങൾ അവലംബിക്കുന്ന രീതിയിൽ നിന്നും തികച്ചും ഭിന്നമാണ്. ഘട്ടംഘട്ടമായി അധികാരം കൊടുക്കുകയും അതിനൊത്ത് പണം നൽകാതിരിക്കുകയും ചെയ്യുമ്പോൾ കാര്യങ്ങൾ യഥാവിധി നടക്കില്ലെന്നും പ്രത്യേകം പറയേണ്ട കാര്യമില്ല. വരുംവരായ്കകൾ കണക്കിലെടുക്കാതെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ വെളിച്ചത്തിൽ താഴെ തട്ടിലേക്ക് ഒറ്റയടിക്ക് അധികാരവും പണവും നൽകിയ ഏക സംസ്ഥാനം കേരളമാണെന്ന വാദം അദ്ദേഹം അംഗീകരിക്കുകയായിരുന്നു. ഇന്ത്യയിൽ അധികാരവികേന്ദ്രീകരണം മുടന്തി നീങ്ങുന്നതിന്റെ കാരണവും ഇതു തന്നെ. ഇതു വിജയിക്കണമെങ്കിൽ ഈ രീതി എല്ലാ സംസ്ഥാനങ്ങളും പിൻതുടരേണ്ടതുണ്ട്. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം നടപ്പിലാക്കി വരുന്ന പദ്ധതിയായി പിന്നോക്ക മേഖലാ വികസന (BRGF) ഫണ്ടിന്റെ വിനിയോഗം കേരളം രൂപപ്പെടുത്തിയെടുത്ത ആസൂത്രണ പ്രക്രിയ അവലംബിച്ചാണെന്ന കാര്യം അദ്ദേഹം പ്രത്യേകം എടുത്തു പറഞ്ഞു. ഇത് സൂചിപ്പിക്കുന്നത് കേരളത്തിന് ദേശീയതലത്തിലുള്ള അംഗീകാരമാണ്.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക സർക്കാരുകളെന്ന രീതിയിൽ പ്രവർത്തിക്കാനുള്ള പശ്ചാത്തലവും ഇന്നും നിലനിൽക്കുന്നതായി അദ്ദേഹം മനസ്സിലാക്കി. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ആവിഷ്ക്കരിക്കുന്ന സ്കീമുകളുടെ നിർവ്വഹണം നടത്തുന്നതിനുമുള്ള അധികാരം അവയ്ക്ക് ലഭിച്ചിരിക്കുകയാണ്. ഇതിനനുസൃതമായി വിഭവ വികേന്ദ്രീകരണവും ഉദ്യോഗസ്ഥ പുനർവിന്യാസവും നടന്നു കഴിഞ്ഞു. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്ന് പരിമിതമായ നിർദ്ദേശങ്ങളിലൂടെ തദ്ദേശഭരണ സ്ഥാനപനങ്ങളിലെത്തുന്നു എന്നതാണ് ഒരു പ്രത്യേകത. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇങ്ങനെ ഉപാധിരഹിതമായി ഫണ്ട് ലഭിക്കുന്നില്ല. കൂടാതെ കൈമാറ്റം ചെയ്യപ്പെട്ട വിവധ സ്ഥാപനങ്ങൾ നിർവ്വഹണ കേന്ദ്രങ്ങളായി പ്രാദേശിക ഭരണ സംവിധാനത്തിൽ വന്നു കഴിഞ്ഞു. അധികാരം താഴെത്തട്ടിലേക്ക് നൽകിയതും ശ്രദ്ധേയമാണ്. കീഴ്മേൽ ബന്ധങ്ങളെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കൽപകത്തിനനുസൃതമായിട്ടാണ് (Subsidiary) ത്രിതല പഞ്ചായത്തുകളുടേയും നഗരസഭകളുടേയും അധികാരങ്ങൾ നിർവചിച്ചിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾ ഒന്ന് മറ്റൊന്നിന്റെ നിയന്ത്രണമില്ലാതെയും പരസ്പരപൂരകമായും പ്രവത്തിക്കുന്നു.

അധികാരവികേന്ദ്രീകരണം ജനപ്രതിനിധികളുടെ മാത്രമല്ല, സാമാന്യ ജനങ്ങളുടേയും ശേഷീവർദ്ധനവിന് കാരണമായിട്ടുണ്ട്. വിവധ രാഷ്ട്രീയ പാർട്ടികളോട് കൂറ് പുലർത്തുന്ന ഇവരെ സംബന്ധിച്ചിടത്തോളം ഒരു വേള വികസന പ്രവർത്തനത്തിൽ ഇടപെടുമ്പോൾ കക്ഷി രാഷ്ട്രീയത്തിനുപരിയായി ചിന്തിക്കാനുള്ള മാനസികത ഉണ്ടാകുന്നതായി അദ്ദേഹം സമ്മതിച്ചു. ഗ്രാമസഭകളെ അഭിമുഖീകരിക്കാനും വിവിധ വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കാനും അധിക വിഭവസമാഹരണം ഉറപ്പാക്കാനും ഇങ്ങനെ ഒരു സംവിധാനം കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കേന്ദ്രമായും പഞ്ചായത്തുകൾ മാറുന്നു. പ്രാദേശികതലത്തിലെ അനൈക്യം മാറ്റി ജനസൗഹൃദപരമായ അന്തരീക്ഷം പ്രദാനം ചെയ്യാൻ ഇതിലൂടെ സാധിക്കുന്നു.

കേരളത്തിലെ പ്രാദേശിക ആസൂത്രണ രീതിയുടെ പോരായ്മകളും വിശകലനത്തിന് വിധേയമായി. അതിലൊന്ന് ഉദ്യോഗസ്ഥന്മാരിലുള്ള ദ്വിമാന നിയന്ത്രണമാണ്. ഇത് പൂർണ്ണമായും തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതിയോട് വിധേയമായിട്ടുള്ള സംവിധാനത്തിലേക്ക് കൊണ്ടുവരണം. കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ സേവന-വേതന

സംസ്ഥാന പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്ന് പരിമിതമായ നിർദ്ദേശങ്ങിലൂടെ തദ്ദേശഭരണ സ്ഥാനപനങ്ങളിലെത്തുന്നു എന്നതാണ് ഒരു പ്രത്യേകത. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇങ്ങനെ ഉപാധിരഹിതമായി ഫണ്ട് ലഭിക്കുന്നില്ല. കൂടാതെ കൈമാറ്റം ചെയ്യപ്പെട്ട വിവധ സ്ഥാപനങ്ങൾ നിർവ്വഹണ കേന്ദ്രങ്ങളായി പ്രാദേശിക ഭരണ സംവിധാനത്തിൽ വന്നു കഴിഞ്ഞു.

കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ആവശ്യമാണ്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഏജൻസി പ്രവർത്തനം നടത്തുന്ന സ്ഥാപനം എന്ന നിലയിൽ നിന്നും കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുക്തി നേടണമെന്ന് അദ്ദേഹം ഒരു ഘട്ടത്തിൽ സൂചിപ്പിച്ചു. പരിമിതികളുണ്ടെങ്കിലും ഇന്ന് ദക്ഷിണേന്ത്യൻ രാജ്യങ്ങളിൽ അധികാരവികേന്ദ്രീകരണത്തിൽ കേരളത്തിന് സമാനതകളില്ലെന്ന് ഭീംസിംഗ് സമ്മതിച്ചു.

മുന്നോട്ടുള്ള പ്രയാണത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിന് പഠിക്കാനുണ്ടെന്ന് ബീഹാർ മന്ത്രി സൂചിപ്പിച്ചു. ഇതിലൊന്ന് നീതിന്യായ രംഗത്തെ ഇടപെടലാണ്. ബീഹാർ പോലുള്ള സംസ്ഥാനങ്ങളിൽ ജുഡീഷ്യൽ അധികാരങ്ങളോടെ ഗ്രാമകച്ചേരികൾ പ്രവർത്തിക്കുന്നു. പ്രാദേശികമായ പ്രശ്നങ്ങൾ പ്രാദേശികമായി തന്നെ പരിഹരിക്കുകയെന്ന മഹത്തായ ഗാന്ധീയൻ സിദ്ധാന്തം മുറുകെ പിടിച്ചുകൊണ്ടാണ് ഇത് പ്രവർത്തിക്കുന്നത്. ബീഹാർ നൽകുന്ന പാഠവും ഇതാണ്. ഗ്രാമകച്ചേരികൾ ഗ്രാമപഞ്ചായത്ത് ഭരണ സമിതി രൂപീകരണ സമയത്തുതന്നെയാണ് നിലവിൽ വരുന്നത്. ഗ്രാമകച്ചേരികൾക്കുള്ള ഇലക്ഷൻ ഓരോ അഞ്ചു വർഷം കൂടുമ്പോഴും നടക്കും. ഇതിൽ പ്രസിഡന്റും മെംബർമാരുമുണ്ട്. 50% സീറ്റ് വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിയമബിരുദധാരിയായ 'ന്യായമിത്ര' യാണ് ഗ്രാമകച്ചേരിയുടെ സെക്രട്ടറി. ഗ്രാമകച്ചേരിയിൽ വാദിയോ പ്രതിയോ ഫീസ് കൊടുക്കേണ്ടതില്ല. സാധാരണയായി കോടതി സംവിധാനത്തിൽ കണ്ടുവരുന്ന, ഫുൾ ബഞ്ച് സമ്പ്രദായം ഗ്രാമകച്ചേരിയിൽ നിലനിൽക്കുന്നു. ഗ്രാമകച്ചേരിയുടെ ഒരു ബഞ്ചിൽ തീരാത്ത കാര്യങ്ങൾ ഫുൾബഞ്ചിലേക്ക് പോകുന്ന രീതിയും ഇവിടെയുണ്ട്. ഇവിടെയും തീർന്നില്ലെങ്കിൽ മാത്രമെ മജിസ്ട്രേട്ട് കോടതിയിൽ അപ്പീൽ നൽകാൻ പറ്റുകയുള്ളൂ. ചില കേസുകൾ മജിസ്ട്രേട്ടു കോടതയിൽ നിന്ന് താഴെയുള്ള ഗ്രാമകച്ചേരിയിലേക്ക് തിരിച്ചുവിടാറുണ്ട്. ബീഹാർ പഞ്ചായത്ത് രാജ് ആക്ടിന്റെ ഭാഗമായി തന്നെ ഗ്രാമകച്ചേരിയുടെ പ്രവർത്തനങ്ങൾ പ്രത്യേകമായി നിർവ്വഹിച്ചിട്ടുണ്ട്. ഇവയ്ക്ക് കൈകാര്യം ചെയ്യാവുന്ന സിവിൽ, ക്രിമിനൽ കേസുകൾ സംബന്ധിച്ച പട്ടിക വെവ്വേറെ തയ്യാറാക്കിയിട്ടുണ്ട്. ഒരു കാര്യം തീർച്ചയാണ്. ഫീസോ വക്കീലോ ഇല്ലാത്ത സംവിധാനമാണിത്. ജനങ്ങൾക്ക് അയഞ്ഞ ലളിതമായി തങ്ങളുടെ പ്രശ്നങ്ങൾ ചെലവില്ലാതെ പരിഹരിക്കാൻ ഗ്രാമകച്ചേരികൾ സഹായിക്കുന്നു. വീട്ടു മുറ്റത്തെ നീതിപീഠം എന്ന മഹത്തായ ആശയമാണ് ഇവിടെ നിർവ്വഹിക്കപ്പെടുന്നത്. ആത്യന്തിക ലക്ഷ്യവും ഗ്രാമങ്ങളെ പ്രശ്നരഹിതമാക്കുകയാണ്. ജനഹൃദയങ്ങളിൽ നിന്ന് സ്പർദ്ദയും വിദ്വേഷവും മാറ്റിയെടുത്ത് വികസന കാര്യങ്ങളിൽ അവരെ ഒന്നിപ്പിക്കുകയാണ് പ്രധാന ലക്ഷ്യം. ഗ്രാമകച്ചേരികളിൽ ഒരു പരിധി വരെ ഈ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ പര്യാപ്തമാകുന്നുണ്ട്. കേരളത്തിന് പിൻതുടരാവുന്ന വലിയ ആശയമാണ് ഗ്രാമകച്ചേരി സമ്പ്രദായം. വ്യത്യസ്ത ജനവിഭാഗങ്ങളിൽ ഐക്യവും സമാധാനവും ഊട്ടി ഉറപ്പിക്കാൻ ഗ്രാമകച്ചേരിക്കുടെ സഹായത്തോടെ സാധിക്കുമെന്ന കാര്യം ഭീംസിംഗ് ഊന്നി പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരവും ഉത്തരവാദിത്വവും നൽകുന്ന സാഹചര്യത്തിൽ ജുഡീഷ്യൽ അധികാരങ്ങളും താഴെതട്ടിൽ ലഭ്യമായാൽ പ്രാദേശിക ഭരണം കൂടുതൽ ഫലവത്താകും എന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹം ഓർമ്മിപ്പിച്ചു. കേരളം ചർച്ച ചെയ്യേണ്ടുന്ന പ്രധാന വിഷയമാണിത്. ന്യായപഞ്ചായത്തുകളായിരിക്കണം ലക്ഷ്യം. ഇതിനായി മുടങ്ങികിടക്കുന്ന ന്യായപഞ്ചായത്ത് ബിൽ വെളിച്ചം കാണേണ്ടതായുണ്ട്. ■

ലേഖകൻ 'കില' ഡയറക്ടറാണ്.

അധികാരവികേന്ദ്രീകരണം ജനപ്രതിനിധികളുടെ മാത്രമല്ല, സാമാന്യ ജനങ്ങളുടേയും ശേഷീവർദ്ധനവിന് കാരണമായിട്ടുണ്ട്. വിവധ രാഷ്ട്രീയ പാർട്ടികളോട് കൂറ് പുലർത്തുന്ന ഇവരെ സംബന്ധിച്ചിടത്തോളെ ഒരു വേള വികസന പ്രവർത്തനത്തിൽ ഇടപെടുമ്പോൾ കക്ഷി രാഷ്ട്രീയത്തിനുപരിയായി ചിന്തിക്കാനുള്ള മാനസികത ഉണ്ടാകുന്നതായി അദ്ദേഹം സമ്മതിച്ചു.

ലേഖന പരമ്പര

ഡോ. ജെ.ബി. രാജൻ & പ്രൊഫ. എസ്. കെ. ബിജു

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008

ISO കരസ്ഥമാക്കുന്നതിന് ചിട്ടയായ മുന്നൊരുക്കം ആവശ്യമാണ്. ISO കൺസൾട്ടൻസി, സർട്ടിഫിക്കേഷൻ എന്നീ മേഖലകളിൽ ചതിക്കുഴികൾ ഏറെയുണ്ട്. ആയതിനാൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. കരസ്ഥമാക്കുന്നത് സംബന്ധിച്ച വ്യക്തമായ ധാരണ പഞ്ചായത്തുകൾക്ക് ഉണ്ടാകണം.

പ്രാദേശിക സർക്കാരുകളിലൂടെ പൗരന്മാർക്ക് തൃപ്തികരവും കാലവിളംബമില്ലാതെയും സേവനം നൽകുകയെന്നത് കേരള സർക്കാർ സ്വീകരിച്ചിരിക്കുന്ന നയമാണ്. സേവനഗുണമേന്മ ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് (TQM) ലൂടെ ഐ.എസ്.ഒ. (ISO) 9001 : 2008 കരസ്ഥമാക്കുന്നതിന് 2013-14 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ TQM നടപ്പിലാക്കുന്നതിലൂടെ ISO 9001 : 2008 കാര്യക്ഷമമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച മാർഗരേഖയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(എം.എസ്.) നം. 373/2013/ തസ്വഭവ, തിരുവനന്തപുരം; തീയതി 02.12.2013). TQM വിഭാവനം ചെയ്യുന്ന എല്ലാ തത്വങ്ങളും അതിന്റെ അന്ത:സത്തയോടെ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി ഗുണമേന്മാ സംവിധാനത്തിന്റെ മുഖമുദ്രയായ ISO 9001 : 2008 സർട്ടിഫിക്കേഷൻ നേടുകയാവണം പഞ്ചായത്തുകളുടെ പ്രധാന ഉദ്യമം. ഗുണമേന്മാ സംവിധാനം ഉറപ്പുവരുത്തുന്നതിലൂടെ പഞ്ചായത്തുകളെ ജനസൗഹൃദമാക്കുന്നതിനും ജനസംതൃപ്തി ഉറപ്പുവരുത്താനും കഴിയും. എന്നാൽ ISO കരസ്ഥമാക്കുന്നതിന് ചിട്ടയായ മുന്നൊരുക്കം ആവശ്യമാണ്. ISO കൺസൾട്ടൻസി, സർട്ടിഫിക്കേഷൻ എന്നീ മേഖലകളിൽ ചതിക്കുഴികൾ ഏറെയുണ്ട്. ആയതിനാൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. കരസ്ഥമാക്കുന്നത് സംബന്ധിച്ച വ്യക്തമായ ധാരണ പഞ്ചായത്തുകൾക്ക് ഉണ്ടാകണം. ഇത്തരുണത്തിൽ എന്താണ് ISO 9001 : 2008? ISO കരസ്ഥമാക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്താണ്? അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെ? എവിടെയൊക്കെയാണ് ചതിക്കുഴികൾ? എന്നിവ പഞ്ചായത്തുകൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച ലേഖന പരമ്പര ഈ ലക്കം മുതൽ ആരംഭിക്കുന്നു.

ഐ.എസ്.ഒ. 9001 : 2008 – എന്ത്? എന്തിന്?

ഐ.എസ്.ഒ. 9001 : 2008 മനസ്സിലാക്കുന്നതിനുമുമ്പായി ലഘുചരിത്രം പരിശോധിക്കാം. വ്യവസായ വിപ്ലവത്തിന്റെ ഭാഗമായുണ്ടായ വൻകിട ഉൽപ്പാദന പ്രക്രിയകളുടെ ആവിർഭാവത്തോടെ നിലവാരം (Standardization) സംബന്ധിച്ച ചിന്തകളും ഉയർന്നുവന്നു. ഗുണനിലവാരത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക, ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെ ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ (ISO) 1947-ൽ ജനീവയിലാണ് (സ്വിറ്റ്സർലാന്റ്) രൂപംകൊണ്ടത്. ഗുണമേന്മാ സംവിധാനങ്ങളുടെ മാതൃക ലോകത്തിനു മുമ്പിൽ അവതരിപ്പിച്ചത് 1987 ലായിരുന്നു. എങ്കിലും എൺപതുകളുടെ അവസാനത്തോടുകൂടി മാത്രമാണ് ഗുണമേന്മാ പരിപാലന സംവിധാനത്തിന് (Quality Management System) സർട്ടിഫിക്കേഷൻ നൽകുന്ന സമ്പ്രദായം നിലവിൽ വന്നത്.

എന്താണ് ഐ.എസ്.ഒ. (ISO)?

ഉൽപ്പന്നങ്ങളുടെയോ സേവനങ്ങളുടെയോ നിലവാരം സംബന്ധിച്ച മാർഗരേഖകൾ പുറപ്പെടുവിക്കുകയും അവ നടപ്പിലാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുന്ന അന്തർദേശീയ ഏജൻസിയാണ് ഐ.എസ്.ഒ. – ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ (ISO). നൂറ്റിഅമ്പതിലധികം രാജ്യങ്ങളുടെ അന്തർദേശീയ ഏജൻസിയാണ് ISO. അന്തർദേശീയതലത്തിൽ വിവിധ മേഖലകൾക്കായി നിലവാരം (Standardization) നിശ്ചയിച്ചിട്ടുണ്ട്. ഉദാഹരണത്തിന് :

ISO 9001 : ഗുണമേന്മാ പരിപാലന സംവിധാനം

ISO 14001 : പരിസ്ഥിതി പരിപാലന സംവിധാനം

ISO 18001 : തൊഴിലിടങ്ങളിലെ ആരോഗ്യ-സുരക്ഷാ സംവിധാനം

ISO 15700 : സേവന ഗുണമേന്മാ പരിപാലന സംവിധാനം

എ ഐ.എസ്.ഒ. (ISO) 9000 ഗുണമേന്മാ പരമ്പരകൾ

ഗുണമേന്മാ പരിപാലന സംവിധാനത്തിന് ആവശ്യം വേണ്ട മാർഗരേഖകളുടെ പരമ്പരയെ ISO 9000 ഗുണമേന്മാ പരമ്പരകൾ എന്നറിയപ്പെടുന്നു.

ISO 9000 ഗുണമേന്മാ പരമ്പരകൾ

ISO 9000 – ഗുണനിലവാര സംവിധാനം – അടിസ്ഥാന തത്വങ്ങളും, പദങ്ങളുടെ അർത്ഥങ്ങളും.

ISO 9001 – ഗുണനിലവാര സംവിധാനം – ഗുണനിലവാരം ഉറപ്പാക്കാനുള്ള മാതൃക (ഡിസൈൻ, ഉല്പാദനം, സേവനം). ഈ മാതൃക പിന്തുടർന്നാൽ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിക്കും.

ISO 9004 – ഗുണനിലവാര സംവിധാനം – മാനേജ്മെന്റ് മേന്മയ്ക്കും ഗുണമേന്മാ സംവിധാനത്തിനുമുള്ള മാർഗരേഖ.

ഐ.എസ്.ഒ. 9001 : 2008 മനസ്സിലാക്കുന്നതിനുമുമ്പായി ലഘുചരിത്രം പരിശോധിക്കാം. വ്യവസായ വിപ്ലവത്തിന്റെ ഭാഗമായുണ്ടായ വൻകിട ഉൽപ്പാദന പ്രക്രിയകളുടെ ആവിർഭാവത്തോടെ നിലവാരം (Standardization) സംബന്ധിച്ച ചിന്തകളും ഉയർന്നുവന്നു. ഗുണനിലവാരത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക, ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെ ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ (ISO) 1947-ൽ ജനീവയിലാണ് (സ്വിറ്റ്സർലാന്റ്) രൂപംകൊണ്ടത്.

മിക്കവാറും എല്ലാ രാജ്യങ്ങളിലും ഗുണമേന്മ സ്റ്റാൻഡേർഡ് ബോർഡുകൾ ഉണ്ട്. വിവിധ രാജ്യങ്ങൾ അവരുടെ രാജ്യത്തെ ഉല്പന്ന/സേവന ഗുണമേന്മാ വർദ്ധനവിനായി ISO ഉപയോഗിക്കുന്നു. ഉദാഹരണമായി ഇംഗ്ലണ്ടിൽ BS/ISO 9000 പരമ്പര എന്നും, ഇന്ത്യയിൽ IS/ISO 9000 പരമ്പര എന്നും, യൂറോപ്യൻ രാജ്യങ്ങൾ EN/ISO 9000 എന്നും പേര് നൽകിയാണ് ISO സ്റ്റാൻഡേർഡ് ഉപയോഗിക്കുന്നത്.

ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ (ISO) വിവിധ മേഖലകളിൽ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ISO പരമ്പരകളെക്കുറിച്ച് പ്രതിപാദിച്ചുവല്ലോ. ഇതിൽ ഒരു സ്ഥാപനത്തിന്റെ മാനേജ്മെന്റ് സംവിധാനത്തിൽ ഗുണമേന്മ ഉറപ്പ്‌വരുത്തുവാനുള്ള മാർഗനിർദ്ദേശങ്ങളാണ് ISO 9001: 2008. ഈ മാർഗരേഖ വിവിധ രാജ്യങ്ങളിലെ പ്രാദേശിക സർക്കാരുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ISO 9001: 2008 സർട്ടിഫിക്കറ്റ് ലഭിക്കാനാവശ്യമായ പൊതു നിർദ്ദേശങ്ങൾ വിവരിക്കുന്നു.

എന്തിനാണ് ISO?

ഒരു സ്ഥാപനത്തിന്റെ പ്രവർത്തന മികവിന്റെ സാക്ഷിപത്രമാണ് ISO സർട്ടിഫിക്കേഷൻ.

ഒരു സ്ഥാപനത്തിന്റെ സേവനങ്ങൾ ഗുണമേന്മയുള്ളതാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാനുള്ള മുഖമുദ്രയാണ് ISO.

സ്ഥാപനത്തിന്റെ വിഭവങ്ങളുടെയും ഫണ്ടുകളുടെയും സംവിധാനങ്ങളുടെയും ഉപയോഗം ഫലപ്രദമായിട്ടാണെന്നതിന്റെ തെളിവാണ് ISO സർട്ടിഫിക്കേഷൻ.

ഒരു സ്ഥാപനത്തിന്റെ ദീർഘദർശനത്തിന്റെയും കാഴ്ചപ്പാടിന്റെയും ഉത്തരവാദിത്തത്തിന്റെയും അടയാളമാണ് ISO.

ഒരു സ്ഥാപനത്തിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും ഉറപ്പുവരുത്തലാണ് ISO.

ഉദാഹരണത്തിന്, ISO 9001 കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനത്തിൽ നിശ്ചിത നിലവാരത്തിലുള്ള ഗുണമേന്മാ പരിപാലന സംവിധാനവും ISO 14001 കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനത്തിൽ നിശ്ചിത നിലവാരത്തിലുള്ള പരിസ്ഥിതി പരിപാലന സംവിധാനവും ISO 18001 കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനത്തിൽ നിശ്ചിത നിലവാരത്തിലുള്ള ആരോഗ്യ-സുരക്ഷാ സംവിധാനവും ഉണ്ടെന്ന് മനസ്സിലാക്കാം.

എന്താണ് ISO 9001 : 2008?

ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ (ISO) വിവിധ മേഖലകളിൽ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ISO പരമ്പരകളെക്കുറിച്ച് പ്രതിപാദിച്ചുവല്ലോ. ഇതിൽ ഒരു സ്ഥാപനത്തിന്റെ മാനേജ്മെന്റ് സംവിധാനത്തിൽ ഗുണമേന്മ ഉറപ്പ്‌വരുത്തുവാനുള്ള മാർഗനിർദ്ദേശങ്ങളാണ് ISO 9001: 2008. ഈ മാർഗരേഖ വിവിധ രാജ്യങ്ങളിലെ പ്രാദേശിക സർക്കാരുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ISO 9001: 2008 സർട്ടിഫിക്കറ്റ് ലഭിക്കാനാവശ്യമായ പൊതു നിർദ്ദേശങ്ങൾ വിവരിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തിയാൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കാം. പഞ്ചായത്തുകളിൽ ഈ സർട്ടിഫിക്കറ്റ് ലഭ്യമാകത്തക്കരീതിയിൽ TQM നടപ്പിലാക്കി ഓഫീസ് മാനേജ്മെന്റ് സംവിധാനത്തിൽ മാറ്റം വരുത്തിയാൽ ഗുണമേന്മയുള്ള സേവനപ്രദാന സംവിധാനത്തിന്റെ മുഖമുദ്രയായി അതു മാറും.

ISO 9000 ഗുണമേന്മാ പരമ്പര - പുതുക്കൽ

ISO സ്റ്റാൻഡേർഡുകൾ കാലാകാലങ്ങളിൽ പുതുക്കാറുണ്ട്. 1987 ലെ ഒന്നാം പതിപ്പ് 1994 ലും 2000 ലും വിപുലമായി പുതുക്കിയിട്ടുണ്ട്. 2000 ൽ വളരെയധികം മാറ്റങ്ങൾ വരുത്തി പുതുക്കിയ സ്റ്റാൻഡേർഡ് ആണ് ISO 9001 : 2000. 2008 നവംബറിൽ, ISO 9001 ന് കൂടുതൽ ഭേദഗതികൾ വരുത്തി ISO 9001 : 2008 എന്ന പേരിൽ നാലാം പതിപ്പ് രൂപകല്പന ചെയ്തു. ISO : 9001 സ്റ്റാൻഡേർഡിന്റെ കൂടെ കാണുന്ന വർഷം അത് നടപ്പിലാക്കിയ വർഷത്തെയാണ് സൂചിപ്പിക്കുന്നത്. ■

(തുടരും....)

അടുത്ത ലക്കത്തിൽ ISO 9001 : 2008 സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്ത് ചെയ്യണം?

ഫീച്ചർ

ഡോ: ബി.ജയപ്രകാശ് നായ്ക്, ഡോ. പി.ആർ. സുരേഷ്,
ഡോ.മീര മഞ്ജുഷ.എ.വി.

കേരാമൃതം
തെങ്ങിൻ പൂങ്കുലയിൽ നിന്നൊരു ജീവാമൃതം

വിരിയാത്ത തെങ്ങിൻ പൂങ്കുലകളിൽ പ്രത്യേകരീതിയിൽ സമർദ്ദം ചെലുത്തി മുറിവേൽപ്പിക്കുമ്പോൾ ഊറിവരുന്ന മധുരമുള്ള ദ്രാവകമാണ് തെങ്ങിൻ പൂങ്കുല നീര്. ഇങ്ങനെ മുറിവേൽപ്പിക്കുന്ന പ്രക്രിയയെ ടാപ്പിംഗ് എന്നാണ് പറയുന്നത്.

കേരളത്തിലെ ഏറ്റവും പ്രാധാന്യമേറിയ നാണ്യവിളയാണ് തെങ്ങ്. പ്രാഥമിക ഉൽപന്നമായ തേങ്ങ നിലവിൽ ഭക്ഷ്യ ആവശ്യങ്ങൾക്കും (30%) കൊപ്ര (70% : 85% എണ്ണ + 15% ഉണ്ട കൊപ്ര) ആവശ്യങ്ങൾക്കായുമാണ് പ്രധാനമായും പ്രയോജനപ്പെടുത്തുന്നത്. ശരാശരി 2% മാത്രമാണ് ഇളനീരിനായി ഉപയോഗിക്കുന്നത്. എന്നാൽ ഉയർന്ന ഉൽപാദന ചെലവും തേങ്ങയുടെ വിലയിടിവും തെങ്ങ് കൃഷിയെ അനാകർഷകമായി തീർത്തിരിക്കുകയാണ്. ഉൽപന്ന മൂല്യവർദ്ധനവും വൈവിധ്യവൽക്കരണവുമാണ് തെങ്ങിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ലാഭദായകവും എന്നാൽ തീരെ പ്രാവർത്തികമാക്കാത്തതുമായ മേഖല. സുനിശ്ചിതവും തുടർച്ചയായതുമായ ഉത്പാദനം, കുറഞ്ഞ ദിവസങ്ങൾകൊണ്ടുതന്നെ ലഭിക്കുന്ന വരുമാനം, കീടരോഗബാധകളുടെ കുറഞ്ഞ പ്രഭാവം എന്നിവ കണക്കിലെടുക്കുകയാണെങ്കിൽ തെങ്ങിൻ പൂങ്കുല നീര്, മൂല്യ വർദ്ധനത്തിനായി ഇന്നേവരെ ഉപയോഗപ്പെടുത്താത്ത വമ്പൻ സാധ്യതകളാണ് തുറന്നുവെക്കുന്നത്.

വിരിയാത്ത തെങ്ങിൻ പൂങ്കുലകളിൽ പ്രത്യേകരീതിയിൽ സമർദ്ദം ചെലുത്തി മുറിവേൽപ്പിക്കുമ്പോൾ ഊറിവരുന്ന മധുരമുള്ള ദ്രാവകമാണ് തെങ്ങിൻ പൂങ്കുലനീര്. ഇങ്ങനെ മുറിവേൽപ്പിക്കുന്ന പ്രക്രിയയെ ടാപ്പിംഗ് എന്നാണ് പറയുന്നത്. പരമ്പരാഗതതെങ്ങ് കൃഷി മേഖലകളിൽ, പ്രത്യേകിച്ചും ദ്വീപുകളിൽ ഇത് വളരെക്കാലമായി നിലനിൽക്കുന്ന ഒരു രീതിയാണ്. ദ്വീപ് ജനസമൂഹങ്ങൾ പഞ്ചസാര ഉൽപാദനത്തിനും പാനീയങ്ങൾ ഉണ്ടാക്കുന്നതിനും ഇത് പ്രയോജനപ്പെടുത്തി വന്നിരുന്നു. വിരിയാനിരിക്കുന്ന പൂങ്കുലകൾ പ്രത്യേകം തെരെഞ്ഞെടുത്താണ് ചെത്താനായി (ടാപ്പ് ചെയ്യുവാൻ) പ്രയോജനപ്പെടുത്തുന്നത്. ഇതിലേക്കായി ധാരാളം നാട്ടറിവുകളും വൈദഗ്ധ്യവും പ്രചാരത്തിലുണ്ട്. നിലവിൽ ഇങ്ങനെ ചെത്തിയെടുക്കുന്ന നീര് മൺപാത്രങ്ങളിൽ (മാട്ടം)

ശേഖരിച്ച് പ്രകൃത്യായുള്ള യീസ്റ്റിന്റെ (സൂക്ഷ്മജീവികൾ) സഹായത്തോടുകൂടി പുളിപ്പിച്ച് കള്ളാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഇതിന് പ്രത്യേക ഗന്ധവും രുചിയും ഉണ്ടായിരിക്കും. ഇത് വാറ്റാത്ത മദ്യമായി ഉപയോഗിക്കുന്നു. ഈ പുളിപ്പിക്കൽ പ്രക്രിയ തടയാൻ സാധിച്ചാൽ, മാധുര്യമേറിയതും മദ്യാംശം തീരെയില്ലാത്തതും ആരോഗ്യദായകവുമായ പാനീയം ലഭിക്കും. പഞ്ചസാര/ചക്കര ഉണ്ടാക്കുന്നതിനായും ഇത് പ്രയോജനപ്പെടുത്താം. തീരപ്രദേശങ്ങളിൽ സുലഭമായ നീറ്റുകക്കയിൽ നിന്നുള്ള ചുണ്ണാമ്പുലായിനി ഉപയോഗപ്പെടുത്തി ചക്കര നിർമ്മാണ പ്രക്രിയ സാധാരണമായി ചെയ്തുവരുന്നതാണ്. പക്ഷേ ഇത്തരത്തിൽ ഉണ്ടാക്കുന്ന ചക്കരയുടെ ഭൗതികഗുണങ്ങളും സൂക്ഷിപ്പ് കാലവും നിലവാരം പുലർത്താറില്ല. കൂടാതെ ചക്കരയിൽ അവശേഷിക്കുന്ന ചുണ്ണാമ്പിന്റെ അംശം അരുചിക്കും ഉപഭോക്താക്കളുടെ അസംതൃപ്തിക്കും ഇടവെക്കുന്നു.

കേരള കാർഷിക സർവ്വകലാശാല തെങ്ങിൻ പൂങ്കുല നീര് പുളിച്ച്പോകാതെ ശേഖരിക്കുന്നതിനും സംസ്ക്കരിച്ച് കേരാമൃതം എന്ന മദ്യാംശമില്ലാത്ത പാനീയം (നീര), തെങ്ങിൻ ചക്കര (കേരചക്കര), തേൻ എന്നീ ഉത്പ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല തെങ്ങിൻ പൂങ്കുല നീര് പുളിച്ച്പോകാതെ ശേഖരിക്കുന്നതിനും സംസ്ക്കരിച്ച് കേരാമൃതം എന്ന മദ്യാംശമില്ലാത്ത പാനീയം (നീര), തെങ്ങിൻ ചക്കര (കേരചക്കര), തേൻ എന്നീ ഉത്പ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

കേരാമൃതം: തെങ്ങിൽ നിന്നുമെടുക്കുന്ന നീര പുളിച്ച് പോകാതെ സംസ്ക്കരിച്ച് ശാസ്ത്രീയമായ മാർഗങ്ങളിലൂടെ ആൽക്കഹോൾ അംശമില്ലാത്ത ലഹരിമുക്തമായതും ധാതു സംപുഷ്ടവുമായ ഒരു പാനീയമാക്കി മാറ്റുന്നു. ഇതാണ് കേരാമൃതം. ഈ ഉൽപന്നം ശീതീകരിച്ച അവസ്ഥയിൽ മൂന്ന് മാസം വരെ കേടുകൂടാതെ സൂക്ഷിക്കാൻ പറ്റും. മേൻമയേറിയതും സ്വാദിഷ്ടവുമായ ഈ ആരോഗ്യപാനീയം കരിക്കിൻ വെള്ളത്തേക്കാളും രുചിയേറിയതാണ്. മെച്ചപ്പെട്ട സംസ്ക്കരണ, പാക്കിംഗ് രീതികൾ പ്രയോജനപ്പെടുത്തുകയാണെങ്കിൽ വൻതോതിൽ ഈ ആരോഗ്യ പാനീയം ഉൽപ്പാദിപ്പിക്കാവുന്നതാണ്. സ്ഥിരതയുള്ള ഗുണമേന്മ, അനായാസമായ പാക്കിംഗ് എന്നിവ കരിക്കിനെ അപേക്ഷിച്ച് കേരാമൃതത്തെ ആകർഷകമാക്കുന്നു. കൂടാതെ ദിനംപ്രതിയുള്ള അടിസ്ഥാന വിഭവലഭ്യത ഇതിൽ ഉറപ്പുവരുത്താൻ സാധിക്കും .

കേരാമൃതത്തിന്റെ പോഷക ഗുണങ്ങൾ

പോഷകാംശം	
പഞ്ചസാര	15-18%
പി.എച്ച്.	6.8
മറ്റ് ഘടകങ്ങൾ (മില്ലി ഗ്രാം/100 മില്ലി ലിറ്റർ)	
വിറ്റാമിൻ സി.	1.3
ഫിനോളുകൾ	8.0
ധാതുക്കൾ (മില്ലി ഗ്രാം/100 മില്ലി ലിറ്റർ)	
പൊട്ടാസ്യം	9.1

കാൽസ്യം	6.0
ഫോസ്ഫറസ്സ്	1.5
അയേൺ	4.5
സോഡിയം	1.0

പോഷകാംശങ്ങളുടെ ഘടനയിൽ കേരാമൃതം കരിക്കിനെ അപേക്ഷിച്ച് മികച്ചതാണ്. ലഭ്യമായ പഞ്ചസാര, വിറ്റാമിനുകൾ, ധാതുക്കൾ എന്നിവയുടെ അളവ് കരിക്കിൻ വെള്ളത്തിൽ കേരാമൃതത്തേക്കാളും കുറവാണ്.

കേരചക്കര: ഗുണമേന്മയുള്ള ചക്കര അഥവാ കേരചക്കര ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക വിദ്യയും കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്.

സാമ്പത്തികവശങ്ങൾ

ഒരു തെങ്ങിൽ നിന്ന് ശരാശരി ആറ് മാസമാണ് നീര ഉൽപാദനം സാധ്യമാകുന്നത്. ബാക്കി 6 മാസം നാളികേര ഉൽപാദനത്തിനായി ഉപയോഗിക്കുന്നു. ഒരു തൊഴിലാളിക്ക് ഒരു ദിവസം 12 തെങ്ങ് ചെത്താൻ സാധിക്കും. ഇത് ഒരു ഉപതൊഴിലായി നടത്തുവാൻ കഴിയുന്നതാണ്. ഒരു തെങ്ങിൽ നിന്നും ദിവസം 1.5 ലിറ്റർ എന്ന തോതിൽ 12 തെങ്ങിൽനിന്നും 18 ലിറ്റർ നീര ഒരു ദിവസം ലഭിക്കും. ഇങ്ങനെ 540 ലിറ്റർ പ്രതിമാസം ലഭിക്കുന്നു. തൊഴിലാളിക്ക് ദിവസം 400 രൂപ എന്ന തോതിൽ കൂലി നൽകുകയും 13500 രൂപ സംസ്കരണം, കുപ്പികളിൽ നിറക്കൽ, പാക്കിങ്ങ് എന്നിവയ്ക്ക് ചെലവു വരുകയും ചെയ്താൽ മൊത്തം 25500 രൂപ ചെലവുവരും. 2/3 ഭാഗം (360 ലി) സംസ്കരിക്കാൻ ഉപയോഗപ്പെടുത്താവുന്നതാണ്. സംസ്കരണത്തിന് ശേഷം 200 മി.ലി വീതമുള്ള 1500 കുപ്പികളിൽ നിറയ്ക്കാം. ഒരു കുപ്പിക്ക് 25 രൂപ എന്ന തോതിൽ 12000 രൂപ ലാഭം പ്രതീക്ഷിക്കാം. അതായത് 1000 രൂപ പ്രതിമാസം ഒരു തെങ്ങിൽ നിന്ന് കർഷകന് ലഭിക്കുന്നു. ആറുമാസം നാളികേര ഉൽപാദനത്തിൽ നിന്നും ലഭിക്കുന്ന തുക കൂടാതെയാണിത്.

തൊഴിൽ വശങ്ങൾ

നിലവിൽ ചെറിയൊരു ശതമാനം തെങ്ങുകൾ മാത്രമേ കള്ളുചെത്താനായി കേരളത്തിൽ പ്രയോജനപ്പെടുത്തുന്നുള്ളൂ. എന്നാൽ നീര ഉൽപാദനത്തിലൂടെ പടിപടിയായി 25% തെങ്ങുകളെങ്കിലും ചെത്താനായി ഉപയോഗപ്പെടുത്താൻ സാധിക്കും. ചെത്തുതൊഴിലാളികളുടെ ജോലി സാധ്യത ഇത് വളരെയേറെ വർദ്ധിപ്പിക്കും. തേങ്ങ പറിക്കാൻ ആളെ ലഭിക്കാത്ത സാഹചര്യവും തരണം ചെയ്യാൻ സാധിക്കും. സ്ഥിരവരുമാനം പ്രധാനം ചെയ്യുന്നതുമൂലം തൊഴിലാളിലഭ്യത ഉറപ്പുവരുത്താൻ സാധിക്കുമെന്ന് ആശിക്കാം. കുറേ തെങ്ങുകൾ നീര ഉൽപാദനത്തിനായി ഉപയോഗിക്കുന്നതിനാൽ തേങ്ങ ഉൽപ്പാദനത്തിൽ വലിയ കുറവ് ഉണ്ടാകില്ല. കൂടാതെ നീര ചെത്തുന്നതിലൂടെ തേങ്ങ ഉൽപാദനം വരുംവർഷങ്ങളിൽ വർദ്ധിക്കുന്നതായി കണ്ടിട്ടുണ്ട്. ഉൽപന്ന വൈവിധ്യവൽക്കരണത്തിലൂടെ സ്ത്രീകൾക്കും, കുടുംബശ്രീ സംരംഭങ്ങൾക്കും വരുമാന സാധ്യതകളും വർദ്ധിക്കുന്നതാണ്.

നിലവിലെ കാർഷിക സാഹചര്യങ്ങളിൽ പ്രാഥമിക ഉൽപന്നത്തിന്റെ വിലയിടിവുകണക്കിലെടുക്കുമ്പോൾ നാളികേരകൃഷിയുടെ സുസ്ഥിരതയ്ക്ക് മൂല്യവർദ്ധനം, ഉൽപന്ന വൈവിധ്യവൽക്കരണം, പ്രാഥമിക സംസ്കരണം, ഉൽപന്നങ്ങളുടെ വർദ്ധിപ്പിച്ച ഉപഭോഗം എന്നിവ ഒഴിച്ചുകൂടാനാവാത്തതാണ്. കൃത്രിമ ശീതള പാനീയങ്ങൾ ലോകം കീഴടക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ തെങ്ങിൽ നിന്ന് ലഭ്യമാകാവുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ കേരാമൃതം എന്ന ശീതളപാനീയത്തിന്റെ വിപണന സാധ്യത പ്രവചനാതീതമാണ്. ■

കടപ്പാട് പ്രസ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

തെങ്ങിൽ നിന്നുമെടുക്കുന്ന നീര പുളിച്ച് പോകാതെ സംസ്ക്കരിച്ച് ശാസ്ത്രീയമായ മാർഗങ്ങളിലൂടെ ആൽക്കഹോൾ അംശമില്ലാത്ത ലഹരിമുക്തമായതും ധാതു സംപുഷ്ടവുമായ ഒരു പാനീയമാക്കി മാറ്റുന്നു. ഇതാണ് കേരാമൃതം.



ഗ്രാമ പഞ്ചായത്ത്

ഇരട്ടയാർ ഗ്രാമപഞ്ചായത്ത് (ഇടുക്കി)

ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ അർഹരായ എല്ലാവർക്കും പെൻഷൻ ലഭ്യമാക്കുന്നതിന് 17.12.2013 ൽ പെൻഷൻ അദാലത്തും ക്യാമ്പും നടത്തി അർഹരായ എല്ലാവരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് അന്വേഷണം നടത്തി തീർപ്പാക്കി. തുടർന്ന് ഇരട്ടയാർ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ പെൻഷൻ ഗ്രാമമായി പഞ്ചായത്ത് പ്രസിഡന്റ് ബേബി പതിപ്പള്ളിൽ പ്രഖ്യാപിച്ചു. 19097 ജനസംഖ്യയുള്ള പഞ്ചായത്തിലെ 839 പേർക്ക് വാർദ്ധക്യകാല പെൻഷനും, 395 പേർക്ക് വിധവ പെൻഷനും, 234 പേർക്ക് വികലാംഗപെൻഷനും, 14 പേർക്ക് 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷനും 129 പേർക്ക് കർഷകകത്തൊഴിലാളി പെൻഷനും 797 പേർക്ക് കർഷക പെൻഷനും നൽകി വരുന്നു. ആകെ ജനസംഖ്യയുടെ 12.6% പേർ പെൻഷൻ പരിധിയിൽ ഉൾപ്പെടുന്നു.

ഓരോ വീട്ടിലും ഈ രണ്ട് ഇളനീർ തെങ്ങ്

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ (കോഴിക്കോട് ജില്ല) 2013-14 വർഷത്തിലെ പദ്ധതിയിൽ എല്ലാ വീടുകളിലും 2 ഇളനീർ തെങ്ങ് പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം സ്ഥലം എം.എൽ.എ വി.എം. ഉമ്മർ മാസ്റ്റർ നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് യു.പി നഫീസ അദ്ധ്യക്ഷം വഹിച്ചു. വാർഡ്മെമ്പറും പഞ്ചായത്ത് വൈസ്പ്രസിഡന്റുമായ കൊത്തിൾക്കണ്ടി അബ്ദുറഹിമാൻ പദ്ധതിയെ സംബന്ധിച്ചു വിശദീകരിച്ചു. എം.എ ഗഫൂർ മാസ്റ്റർ, കെ.കെ. ജബ്ബാർ മാസ്റ്റർ, ഇ.കെ ആലി, പുറായിൽ മുഹമ്മദ് ഹാജി, കുഞ്ഞയമ്മദ്, മുഹമ്മൂദ്, കാതർ കെ.കെ, കുഞ്ഞിമൂസ, വി.കെ കുഞ്ഞായിൽ കുട്ടി മാസ്റ്റർ തുടങ്ങിയവർ ആശംസ പ്രസംഗം നടക്കി. സെക്രട്ടറി കെ.എം. അബ്ദുള്ളക്കുട്ടി സ്വാഗതവും വി.എം മനോജ് നന്ദിയും പറഞ്ഞു.

ത്തുകളിലൂടെ

പത്തനാപുരം ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)

പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരവും ആത്മവിശ്വാസവും ഉയർത്തുന്നതിനുള്ള സമഗ്ര പരിപാടി.

ഭരണഘടനാപരമായ ഒട്ടേറെ അവകാശങ്ങളും അവസരങ്ങളും നിലനിൽക്കുമ്പോഴും ഇന്നും വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ പത്തനാപുരം ഗ്രാമപഞ്ചായത്ത് 2013-14 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് "പട്ടികജാതി വിദ്യാർത്ഥികളുടെ ആത്മവിശ്വാസവും പഠന നിലവാരവും ഉയർത്തുന്നതിനുള്ള സമഗ്രപരിപാടി" പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ നല്ലൊരു ശതമാനം കുട്ടികളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ശാസ്ത്ര-ഗണിത-ശാസ്ത്ര-സാമൂഹ്യശസ്ത്ര-പ്രവൃത്തി പരിചയ-വിവരസാങ്കേതിക മേളകളിലും യുവജനോത്സവങ്ങളിലും എൽ.എസ്സ്.എസ്സ്/യു.എസ്സ്.എസ്സ്-സയൻസ് ടാലന്റ് സേർച്ച് പരീക്ഷകളിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പങ്കാളിത്തം വളരെ കുറച്ചുമാത്രമാണ്. ഈ തിരിച്ചറിവാണ് പഞ്ചായത്തിനെ ഈ പ്രോജക്ടിലേക്ക് നയിച്ചത്.

സംഗീതത്തിലും ലളിതസംഗീതത്തിലും നാടൻപാട്ടുകളിലും നാടൻ കലാരൂപങ്ങളിലും നാടോടി നൃത്തത്തിലുമൊക്കെ പൊതുവെ തത്പരരാണ് ഈ കുട്ടികളെങ്കിലും പങ്കാളിത്തത്തിലും അതുവഴി ഉണ്ടാകേണ്ട നേട്ടത്തിലും ഇവർ പിന്നോക്കം പോകുന്നത് ഇക്കാര്യത്തിലുള്ള അറിവില്ലായ്മകൊണ്ടാണ് എന്ന വസ്തുതയാണ് പഞ്ചായത്ത് മുഖവിലയ്ക്ക് എടുത്തത്. അതിനാൽ അക്കാര്യത്തിൽ രക്ഷിതാക്കൾക്ക് ബോധവത്ക്കരണവും കുട്ടികൾക്ക് ആത്മവിശ്വാസവും ചിട്ടയായ പരിശീലനവും നൽകേണ്ടത് അനിവാര്യമാണെന്നും പഞ്ചായത്തിന് ബോധ്യപ്പെട്ടു.

അതിനായി പഠനം നടന്നു. ഇതിനായി ഒരു പദ്ധതി തന്നെ ആവിഷ്കരിക്കപ്പെട്ടു. ഇതിനായി വിവധ മേഖലകളിലും കലാരൂപങ്ങളിലും സംഗീതത്തിലും പ്രാവീണ്യമുള്ള പ്രഗത്ഭരുടെ ഒരു പാനൽ രൂപീകരിച്ചു. എൽ.എസ്സ്.എസ്സ്/യു.എസ്സ്.എസ്സ്- സയൻസ് ടാലന്റ് സേർച്ച് പരീക്ഷകളിൽ പരിശീലനം നൽകുന്നതിനും റിസോഴ്സ് പേഴ്സൺമാർ ആവശ്യമാണെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പത്ര പരസ്യം നൽകി. RP മാരുടെ അപേക്ഷ ക്ഷണിച്ചു. 20 പേർ അപേക്ഷകരായി വന്നു. ഇവരിൽ പൊതു വിഭാഗത്തിൽപ്പെടുന്നവരും സംഗീതം, നൃത്തം തുടങ്ങിയ മേഖലകളിൽ അവഗാഹമുള്ളവരും കൗൺസലിംഗ് യോഗ്യതയുള്ളവരും ഉണ്ടായിരുന്നു. ഇവരെ പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, നിർവ്വഹണ ഉദ്യാഗസ്ഥ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, പഞ്ചായത്തംഗം ഉൾപ്പെടുന്ന ബോർഡ് ഇന്റർവ്യൂ നടത്തി പത്തു പേരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കി. പഞ്ചായത്തിനെ നാലുമേഖലകളായി തിരിച്ച് നാല് സെന്ററുകൾ ഉണ്ടാക്കി. ഓരോ സെന്ററിലേക്കും രണ്ട് RP മാരെ നിയമിച്ചു.

ഒക്ടോബർ 11,12, തീയതികളിൽ RP മാർക്കായി രണ്ടു ദിവസത്തെ പരിശീലന ശില്പശാല നടത്തി. നാലുസെന്ററുകളുടെ ചുമതല നൽകി. ഇപ്പോൾ നാലുസെന്ററുകളിലായി കുട്ടികൾക്ക് LSS/USS , യുവജനോത്സവ പരിശീലനങ്ങൾ നടന്നു വരുന്നു. ജനുവരി മാസത്തിൽ കുട്ടികൾക്കായി തൊഴിലധിഷ്ഠിത നിർമ്മാണം ലക്ഷ്യമാക്കി ശില്പശാല നടത്തുന്നു. ഡിസംബറിൽ പഞ്ചായത്ത് തല യുവജനോത്സവം നടക്കും. ഡിസംബർ മാസത്തിൽ തന്നെ പഞ്ചായത്തുതലത്തിൽ എൽ.എസ്സ്.എസ്സ്/യു.എസ്സ്.എസ്സ്.എസ്സ്-പരീക്ഷകൾക്ക് മുന്നോടിയായി മൂന്ന് മാതൃകാ പരീക്ഷകൾ നടക്കുന്നതാണ്. പ്രോജക്ടിന്റെ ഫലപ്രദമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും കൃത്യമായ മോണിട്ടറിംഗ് നടത്തുന്നതിനും പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും നിർവ്വഹണോദ്യോഗസ്ഥ കൺവീനറുമായ മോണിട്ടറിംഗ് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. പദ്ധതിയുടെ മൊത്തത്തിലുള്ള ഡേക്കുമെന്റേഷനും നടക്കുന്നു. ഈ പദ്ധതി സംസ്ഥാന - ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടും എന്ന ഉത്തമ വിശ്വാസത്തിലാണ് പഞ്ചായത്തു അധികൃതർ.

പ:ന്യൂ:സർവ്വീസ്

ടി. ഷാഹുൽ ഹമീദ്

അഴിമതി തടയുവാൻ

കുറ്റമറ്റ ലോക്പാൽ സംവിധാനം

അരനൂറ്റാണ്ട് കാലത്തെ അഴിമതി വിരുദ്ധ പോരാട്ടത്തിന് പരിസമാപ്തി കുറിച്ചുകൊണ്ട് പാർലമെന്റ് ലോക്പാൽ ലോകായുക്താ ബിൽ പാസ്സാക്കിയിരിക്കുന്നു. 1963-ൽ എൽ.എം. സിംഗ്വി ആയിരുന്നു ആദ്യമായി ലോക്പാൽ എന്ന ആശയം മുന്നോട്ട് വെച്ചത്. അഴിമതി ഒരു പ്രതിഭാസമായി സർക്കാറിന്റെ വിവിധ മേഖലകളെ ഗ്രസിച്ച് മുന്നേറുമ്പോൾ കുറ്റമറ്റ ഒരു സംവിധാനത്തിലൂടെ ഇത് തടയുവാനുള്ള രാജ്യത്തിന്റെ ശ്രമം പ്രസിഡന്റ് പ്രണബ് കുമാർ മുഖർജി ഒപ്പ് വെച്ചതോടെ സാക്ഷാത്കരിക്കുകയാണ്. 1960 ൽ അന്നത്തെ നിയമ മന്ത്രിയായിരുന്ന അശോക് കുമാർ സെൻ, ഭരണഘടനാപരമായി അഴിമതി തടയുന്നതിന് വേണ്ടിയുള്ള അധികാര കേന്ദ്രത്തിന് വേണ്ടി ശബ്ദമുയർത്തിയിരുന്നു. 1968ൽ ശാന്തിഭൂഷൺ ജനലോക്പാൽ എന്ന ആശയത്തെ ഉയർത്തികൊണ്ട് വന്ന് 1969ൽ 4ാം ലോകസഭയിൽ അവതരിപ്പിച്ചെങ്കിലും മുതിർന്നവരുടെ സഭയായ രാജ്യസഭയിൽ പാസ്സാക്കാതെ വരികയും, തുടർന്ന് 1971, 1977, 1985, 1989, 1996, 1998, 2001, 2005, 2011 എന്നീ വർഷങ്ങളിൽ വിവിധ സ്രോതസ്സുകളിലൂടെ ജനലോകപാൽ ബിൽ ലോകസഭയിൽ അവതരിപ്പിച്ചെങ്കിലും രാജ്യസഭ കാണാതെ പിൻവാങ്ങേണ്ടി വന്നു.

രാജ്യത്തെ അഴിമതി വിരുദ്ധ നിയമത്തെ ഫലപ്രദമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഇന്ത്യക്കകത്തും പുറത്തുമുള്ള പൊതുസേവകരുടെ അഴിമതി അന്വേഷിക്കുന്നതിനാണ് ലോക്പാൽ സംവിധാനം പിറന്ന് വീണത്. ലോക്പാൽ സംവിധാനം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ലോകായുക്ത സംവിധാനം ഉണ്ടാക്കണം എന്ന നിയമം വിഭാവനം ചെയ്യുന്നു. സുപ്രീംകോടതി ചീഫ് ജസ്റ്റിസിന്റെ റാങ്കിലുള്ള രാഷ്ട്രപതി നിയമിക്കുന്ന ഒരാളാണ് ലോക്പാൽ ചെയർമാൻ.

പ്രമുഖ ഗാന്ധിയൻ അണ്ണാഹസാരെയുടെ നേതൃത്വത്തിൽ നടന്ന അഴിമതി വിരുദ്ധ പോരാട്ടം ലോക്പാൽ ബിൽ പാസ്സാക്കുന്നതിന് ആക്കം കൂട്ടി.

പൊതുഅധികാരി സ്ഥാനങ്ങളിൽ ഇരിക്കുന്നവരുടെ അഴിമതി തുടച്ച് നീക്കുന്നതിന് രാജ്യം പ്രതിജ്ഞാബന്ധമാണ്. ഐക്യരാഷ്ട്രസഭയുടെ അഴിമതിക്കെതിരെയുള്ള രാജ്യാന്ത്യര കൺവെൻഷനിൽ ഇന്ത്യ പങ്കെടുക്കുകയും ഭരണ സുതാര്യതയും അഴിമതി നിർമ്മാർജ്ജനവും ഉറപ്പ് നൽകിയ സാഹചര്യത്തിലും അഴിമതിയുടെ റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം 94 ആയതും, ലോക രാജ്യങ്ങളിൽ പകുതിയിലധികം രാജ്യങ്ങളിൽ നടക്കാത്ത അഴിമതി ഇന്ത്യയിൽ നടക്കുന്നു എന്ന് പഠന റിപ്പോർട്ടിൽ കണ്ടെത്തുകയും ചെയ്ത സാഹചര്യത്തിൽ പഴുതുകളടച്ച സംവിധാനവും, ചലനാത്മകതയുള്ള അധികാര കേന്ദ്രവും ഞൊടിയിടക്കുള്ളിലുള്ള പ്രതിപ്രവർത്തനത്തിനായി രാജ്യം കാത്തിരുന്ന ലോക്പാൽ സംവിധാനം യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്.

രാജ്യത്തെ അഴിമതി വിരുദ്ധ നിയമത്തെ ഫലപ്രദമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഇന്ത്യക്കകത്തും പുറത്തുമുള്ള പൊതുസേവകരുടെ അഴിമതി അന്വേഷിക്കുന്നതിനാണ് ലോക്പാൽ സംവിധാനം പിറന്ന് വീണത്. ലോക്പാൽ സംവിധാനം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ലോകായുക്ത സംവിധാനം ഉണ്ടാക്കണം എന്ന നിയമം വിഭാവനം ചെയ്യുന്നു. സുപ്രീംകോടതി ചീഫ് ജസ്റ്റിസിന്റെ റാങ്കിലുള്ള രാഷ്ട്രപതി നിയമിക്കുന്ന ഒരാളാണ് ലോക്പാൽ ചെയർമാൻ. എട്ടിൽ കുറയാത്ത അംഗങ്ങൾ ലോക്പാൽ സംവിധാനത്തിൽ ഉണ്ടാകും 50% അംഗങ്ങൾ ജുഡീഷ്യറിയിൽ നിന്നാകണം, 50% അംഗങ്ങളും എസ്.സി, എസ്.സി, ഒ.ബി.സി മൈനോറിറ്റി വനിത എന്ന വിഭാഗങ്ങളിൽ നിന്നാകണം. ജുഡീഷ്യൽ മെമ്പർമാർ സുപ്രീംകോടതി ജഡ്ജിയുടെ പദവിയിൽ ഉള്ളവരായിരിക്കണം. അഴിമതി പോരാട്ടത്തിലും വിവിധ വിഷയങ്ങളിൽ അവഗാഹം ഉള്ളവരെയും ലോക്പാൽ അംഗങ്ങളാക്കും. 45 വയസ്സിൽ കുറയാത്ത യാതൊരു കേസ്സിൽ ശിക്ഷിക്കപ്പെടാത്ത ജനപ്രതിനിധികളല്ലാത്ത രാഷ്ട്രീയ പാർട്ടികളുമായി ബന്ധമില്ലാത്തവരെയാണ് ലോക്പാൽ അംഗങ്ങളാക്കുക.

ലോക്പാൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് പ്രധാനമന്ത്രി, സ്പീക്കർ, പ്രതിപക്ഷ നേതാവ്, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എന്നിവരടങ്ങുന്ന കമ്മിറ്റിയെ നിയമം നിർദ്ദേശിക്കുന്നു. ലോക്പാലിന്റെ കാലാവധി 5 വർഷമാണ്. 75 വയസ്സുവരെ അംഗങ്ങൾക്ക് ലോക്പാലായി തുടരാം. അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് സെർച്ച് കമ്മറ്റി ഉണ്ടാക്കുവാനും, ലോക്പാൽ അംഗങ്ങളായവർക്ക് 5 വർഷംവരെ തിരഞ്ഞെടുപ്പിൽ മത്സരിക്കുവാനോ, തന്ത്രപ്രധാന കസേരകളിൽ



ലോക്പാൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് പ്രധാനമന്ത്രി സ്പീക്കർ, പ്രതിപക്ഷ നേതാവ്, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എന്നിവരടങ്ങുന്ന കമ്മിറ്റിയെ നിയമം നിർദ്ദേശിക്കുന്നു. ലോക്പാലിന്റെ കാലാവധി 5 വർഷമാണ്. 75 വയസ്സുവരെ അംഗങ്ങൾക്ക് ലോക്പാലായി തുടരാം. അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് സെർച്ച് കമ്മറ്റി ഉണ്ടാക്കുവാനും, ലോക്പാൽ അംഗങ്ങളായവർക്ക് 5 വർഷംവരെ തിരഞ്ഞെടുപ്പിൽ മത്സരിക്കുവാനോ, തന്ത്രപ്രധാന കസേരകളിൽ ഇരിക്കുവാനോ പാടുള്ളതല്ല എന്ന നിബന്ധന ഈ നിയത്തിൽ ഉണ്ട്.

ഇരിക്കുവാനോ പാടുള്ളതല്ല എന്ന നിബന്ധന ഈ നിയത്തിൽ ഉണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഏറ്റവും ഉയർന്ന റാങ്കിലുള്ള സെക്രട്ടറി ടു ഗവൺമെന്റു സെക്രട്ടറിമാരിൽ ഒരാളെ ലോക്പാൽ സെക്രട്ടറിയാക്കുക. ഇതിനായി ഗവ. ഒരു പാനൽ ഉണ്ടാക്കി ലോക്പാലിന് സമർപ്പിക്കുകയും അതിൽ നിന്ന് ഒരാളെ തെരഞ്ഞെടുക്കുകയും ചെയ്യണം. കൂടാതെ ലോക്പാലിന് കീഴിലായി കേസ്സുകളുടെ അന്വേഷണം നടത്തുന്നതിന് ഡയറക്ടറും കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ഡയറക്ടർ ഓഫ് പ്രോസിക്യൂഷനും ഉണ്ടാകും. അഡീഷണൽ സെക്രട്ടറിമാരുടെ റാങ്കിലുള്ള ഉദ്യോഗസ്ഥൻമാരായിരിക്കും ഈ പദവിയിൽ ഇരിക്കുക. ലോക്പാലിലെ മറ്റ് ഉദ്യോഗസ്ഥന്മാരെ യു.പി.എസ്.സി. മുഖേന നിയമിക്കും. 1988 ലെ അഴിമതി നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനം ലോക്പാൽ ഒരുക്കുന്നതാണ്. കൂടാതെ ലോക്പാലുമായി ബന്ധമുള്ള എല്ലാ ചെലവുകളും കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ് ചെലവഴിക്കുക. ലോക്പാലിന്റെ അധികാരപരിധിയിൽ പ്രധാനമന്ത്രി (ചില വിഷയങ്ങളായ അന്താരാഷ്ട്ര നയതന്ത്ര ബന്ധം, വിദേശ കാര്യം, അറ്റോമിക് എനർജി ഒഴികെ) കേന്ദ്രമന്ത്രിമാർ, ജനപ്രതിനിധികൾ, എ.ബി.സി.ഡി. കാറ്റഗറിയിൽ വരുന്ന ഉദ്യോഗസ്ഥന്മാർ, ബോർഡ്, കോർപ്പറേഷൻ, മറ്റ് സർക്കാർ സംവിധാനങ്ങളിലെ അംഗങ്ങൾ എന്നിവർ വരും. പ്രധാനമന്ത്രിക്കെതിരെ നടപടി സ്വീകരിക്കുവാൻ ലോക്പാലിൽ 3/2 ഭൂരിപക്ഷം ഉണ്ടായിരിക്കണം. പരാതി ലഭിച്ചാൽ 60 ദിവസത്തിനകം അന്വേഷണം 2 വർഷത്തിനകം വിചാരണ എന്നിവ ലോക്പാലിന്റെ പ്രത്യേകതയാണ്. ഒരു പാട് അധികാരങ്ങൾ ലോക്പാൽ സംവിധാനത്തിന് ഈ കാര്യത്തിൽ നിയമം നൽകിയിട്ടുണ്ട്. കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതി ലോക്പാൽ സംവിധാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ്. 100 ൽ കുറയാത്ത എം.പി. മാർ ഒപ്പിട്ട പരാതി കൊടുത്താൽ മാത്രമേ ലോക്പാൽ അംഗങ്ങളെ മാറ്റാൻ സാധിക്കുകയുള്ളൂ. ഇങ്ങനെ ലഭിച്ച അപേക്ഷ പ്രസിഡണ്ട് സുപ്രീംകോടതിക്ക് കൈമാറി നടപടി സ്വീകരിക്കേണ്ടതാണ്. കുറ്റമറ്റ ഓഡിറ്റ് സംവിധാനം ലോക്പാലിന് ഉണ്ടാകും. എല്ലാം കണ്ണാടി പോലെ സുതാര്യമാകാൻ വിവര സാങ്കേതിക വിദ്യ ഉപയോഗിക്കും. പൊതുസേവകർ അവരുടെ ആസ്തി പൊതുജനങ്ങൾക്കുമുമ്പാകെ പ്രഖ്യാപിക്കണം. കള്ള പരാതി ലോക്പാലിന് സമർപ്പിച്ചാൽ 1 വർഷം തടവും 1 ലക്ഷം രൂപ പിഴയും ലഭിക്കുന്നതാണ്. എല്ലാം വർഷവും വാർഷിക റിപ്പോർട്ട് രാഷ്ട്രപതിക്ക് സമർപ്പിക്കണം. 7 വർഷം കഴിഞ്ഞ കേസ്സുകൾ ലോക്പാലിന്റെ പരിധിയിൽ വരില്ല. സംസ്ഥാനങ്ങളിൽ ലോകായുക്ത സംവിധാനം കേന്ദ്ര ലോകപാലിന്റെ ചുവടുവെച്ച് 1 വർഷത്തിനകം ഉണ്ടാവണം.

രാജ്യത്തെ അഴിമതി വിരുദ്ധ പോരാട്ടത്തിലെ രജത രേഖയാണ് ലോക്പാൽ സംവിധാനം. അഴിമതി നടത്തിയവർക്ക് എതിരെ കൃത്യമായ നടപടിയും വേഗതയാർന്ന വിചാരണയും കുറ്റമറ്റ അന്വേഷണവും സമയബന്ധിത തീരുമാനവും ഉണ്ടാക്കും. നിലവിലുള്ള സംവിധാനത്തിലെ എല്ലാ പോരായ്മകളും ഇല്ലാതാക്കാൻ പര്യാപ്തമായ രാജ്യത്തിന്റെ ദീപ്തമായ ചരിത്രത്തിലെ ഒരു ജീവസുറ്റ കണ്ണിയായി ലോക്പാൽ സംവിധാനം മാറുമെന്ന കാര്യത്തിൽ ജനങ്ങൾക്ക് ആശങ്കയില്ല. പൊതുവായ ജനമനസ്സും വേഗതയാർന്ന നിയമനിർമ്മാണവും പ്രതീക്ഷാ നിർഭരമായ സമീപനവും കൊണ്ട് ലോക്പാൽ നിയമം രാജ്യത്തിലെ മറ്റ് നിയമങ്ങളിൽ നിന്ന് വേറിട്ട് നിൽക്കുന്നു. ■

ലേഖകൻ: കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ ADMC ആണ്.

ജോൺ. എസ്. ജയിംസ്

അധികാരവികേന്ദ്രീകരണം - വികേന്ദ്രീകൃത ആസൂത്രണം' എന്നത് ഒരു ഒറ്റത്തവണ അഭ്യാസം അല്ല തന്നെ. ഇവ പരസ്പര പൂരകവും തികഞ്ഞ ലക്ഷ്യബോധത്തോടെ, വീണ്ടു വിചാരത്തോടെ, ക്ലിപ്തകാലയളവിനുള്ളിൽ ചെയ്തുതീർക്കേണ്ട, നിയമനിർമ്മാണ പരിപാടികൾ ഉൾപ്പെട്ട ഒരു മഹായജ്ഞമാണ്. ഒരു ബിഗ് പാക്കേജ്.

പഞ്ചായത്തുകളുടെ കാര്യത്തിൽ വികേന്ദ്രീകൃത ആസൂത്രണം നടത്തേണ്ടത്, 1992 -ലെ ഭരണഘടനാഭേദഗതികൾ പ്രകാരമുള്ള അനുഛേദം 243 ജി. അനുസരിച്ചും, അതനുസരിച്ച് 1994-ൽ കേരള നിയമസഭ പഞ്ചായത്ത് രാജ് ആക്റ്റിലെ പദ്ധതി രൂപീകണത്തെ സംബന്ധിച്ച് പാസാക്കിയ 163 മുതലുള്ള വകുപ്പുകൾ അനുസരിച്ചും ഈ വകുപ്പുകൾ അനുസരിച്ച് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അവയനുസരിച്ചും ആയിരിക്കേണ്ടതാണ്. എന്നാൽ 1995 നുശേഷം പദ്ധതികൾ രൂപീകരിച്ചതും നടപ്പാക്കി വന്നിരുന്നതും സർക്കാർ ഉത്തരവുകളിലൂടെ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരുന്നു. സർക്കാർ ഉത്തരവുകളിലൂടെ അഥവാ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രൂപീകരിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ മുഖേനയാണ് ജനകീയാസൂത്രണപദ്ധതികളും രൂപീകരിക്കപ്പെട്ടിരുന്നത്. പഞ്ചായത്ത് ആക്റ്റ് വകുപ്പ് 163 അനുസരിച്ച് പഞ്ചായത്ത് മെമ്പർമാർ രണ്ടോ മൂന്നോ ക്ഷണിതാക്കൾ എന്നിവർ ഉൾപ്പെട്ട പ്രവർത്തനസമിതിയാണ് പദ്ധതികൾ രൂപീകരിക്കേണ്ടിയിരുന്നത്. തികച്ചും അനൗപചാരികമായി ഒരു ആൾക്കൂട്ടം രൂപപ്പെടുത്തിയ ഇത്തരം പദ്ധതികൾ സ്ഥാപനവൽക്കരണത്തിന്റെ അഭാവത്തിൽ പരാജയമായിരുന്നു എന്ന് പദ്ധതികൾ നടപ്പാക്കിയവർ തന്നെ സമ്മതിക്കേണ്ടി വന്നു.

പുതിയ ആകാശം പുതിയ ഭൂമി

ഇനി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

ഈ സാഹചര്യത്തിലാണ് നിമയാധിഷ്ഠിത പദ്ധതികൾ രൂപീകരിച്ച് പദ്ധതി രൂപീകരണത്തിനും നടപ്പാക്കലിനുമായി നടപടികളെടുക്കണമെന്ന് അധികാരവികേന്ദ്രീകരണ കൺസൾട്ടേറ്റീവ് കമ്മിറ്റി സർക്കാരിനോട് ശുപാർശ ചെയ്ത്, 2011-ൽ. തുടർന്ന് 2012-ൽ, ജനകീയാസൂത്രണം നടപ്പാക്കുന്നതിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് ഇതിനകം വളരെയധികം മാറ്റങ്ങൾ ഉണ്ടായ സാഹചര്യത്തിൽ, ഭരണഘടന ഭേദഗതിയും 1994-ലെ പഞ്ചായത്ത് ആക്ടിലെ പദ്ധതി രൂപീകരണത്തെ സംബന്ധിച്ച വകുപ്പുകളും കണക്കിലെടുത്ത് പുതിയ 'പദ്ധതി രൂപീകരണ-നടപ്പാക്കൽ-മോണിറ്റിംഗ്' ചട്ടങ്ങൾ രൂപീകരിക്കാൻ നടപടിയെടുക്കണമെന്നും സർക്കാരിന് മുമ്പാകെ ശുപാർശ നൽകി. 2013 ഡിസംബറിൽ, ഇപ്രകാരം പുതിയ ചട്ടങ്ങളുടെ കരട് തയ്യാറാക്കി സർക്കാരിനു സമർപ്പിക്കുവാൻ തദ്ദേശഭരണ കമ്മീഷന് സർക്കാർ നിർദ്ദേശം നൽകിക്കഴിഞ്ഞതായി മനസ്സിലാക്കുന്നു. കമ്മീഷന്റെയും സർക്കാരിന്റെയും സജീവ പരിഗണനയിലിരിക്കുന്ന ഈ വിഷയത്തിൽ കൂടുതൽ പരാമർശങ്ങൾക്ക് സാംഗത്യമില്ല. ചട്ടങ്ങളും കൂടുതൽ നിയമനിർമ്മാണവും സാധ്യമായി കഴിയുമ്പോൾ, 2014-ൽ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനമേഖലയിൽ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ലഭ്യമാകും എന്ന് നമുക്ക് ന്യായമായി ആശിക്കാം.

സാമ്പത്തിക ഉന്നമനത്തിനും, സാമൂഹ്യനീതിക്കുമായി പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ നിയമനിർമ്മാണത്തിലൂടെ പ്രാപ്തമാക്കുക എന്നതുപോലെ തുല്യപ്രാധാന്യമുള്ള കാര്യമാണ്, തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തനത് വരുമാനങ്ങളുടെ സ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനനിയമസഭ നിയമസഭ നിയമനിർമ്മാണം നടത്തുകയെന്നത്.

സാമ്പത്തിക ഉന്നമനത്തിനും, സാമൂഹ്യനീതിക്കുമായി പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ നിയമനിർമ്മാണത്തിലൂടെ പ്രാപ്തമാക്കുക എന്നതുപോലെ തുല്യപ്രാധാന്യമുള്ള കാര്യമാണ്, തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തനത് വരുമാനങ്ങളുടെ സ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനനിയമസഭ നിയമനിർമ്മാണം നടത്തുകയെന്നത്. 1992-ലെ ഭരണഘടനാഭേദഗതികളിൽ അനുഛേദം 213 എച്ച് നിഷ്കർഷിക്കുന്നത് ഇതാണ്. 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്റ്റ് വകുപ്പ് 200 പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, വിനോദനികുതി, പരസ്യനികുതി എന്നിങ്ങനെ നാല് ഇനം നികുതികൾ ചുമത്താനും പിരിക്കാനും പഞ്ചായത്തുകളെ അധികാരപ്പെടുത്തിയിരിക്കുന്നു. ഭരണഘടനാഭേദഗതികൾ വരുന്നതിന് വളരെ മുമ്പ് മുതൽ നിലവിലിരുന്നവയാണ് ഈ നികുതികളും സെസ്സുകളും. മറ്റു നികുതികളുടെ കാര്യത്തിലെന്നപോലെ ഈ നികുതികളും നേരെ ചൊവ്വേ ചുമത്തപ്പെടുകയോ പിരിക്കപ്പെടുകയോ ചെയ്യുന്നില്ല. മേൽപ്പറഞ്ഞ ഓരോ ഇനം നികുതിയെപ്പറ്റി പ്രത്യേകമായും, തനതു വരുമാനത്തെക്കുറിച്ചു പൊതുവേയും പഞ്ചായത്തുരാജിന്റെ കഴിഞ്ഞ ആറേഴ് ലക്കങ്ങളിലായി നിമയദൃഷ്ടി എന്ന പംക്തിയിൽ വിശദമായി ചർച്ച ചെയ്തിരുന്നതാണ്. ഇവ സംബന്ധിച്ച നിയമങ്ങളിലുള്ള ഭരണഘടനാവിരുദ്ധ വ്യവസ്ഥകളും വൈരുദ്ധ്യങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടുള്ളതായിരുന്നു ഈ ലേഖനങ്ങൾ. ഇവ പരിഹരിക്കപ്പെടുകയോ, ഉള്ള നികുതി കൃത്യമായി ചുമത്തുന്നതിനോ പിരിക്കുന്നതിനോ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുകയോ ഇതുവരെ ചെയ്തിട്ടില്ല. അതിനുള്ള ശ്രമങ്ങൾ പോലും തുടങ്ങിയിട്ടില്ല. ഈ വിഷയത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധ വീണ്ടും ക്ഷണിക്കുന്നു.

1994 – ലെ കേരള പഞ്ചായത്ത്‌രാജ് ആക്റ്റ് വകുപ്പ് 200 പ്രകാരം വസ്തു നികുതി, തൊഴിൽ നികുതി, വിനോദനികുതി, പരസ്യനികുതി എന്നിങ്ങനെ നാല് ഇനം നികുതികൾ ചുമത്താനും പിരിക്കാനും പഞ്ചായത്തുകളെ അധികാരപ്പെടുത്തിയിരിക്കുന്നു. ഭരണഘടനാഭേദഗതികൾ വരുന്നതിന് വളരെ മുമ്പ് മുതൽ നിലവിലിരുന്നവയാണ് ഈ നികുതികളും സെസ്സുകളും.

അനുഛേദം 243 എച്ച് ആവശ്യപ്പെടുന്നതനുസരിച്ചുള്ള നികുതിനിയമം പരിഷ്കാരത്തിന് കരട് ഭേദഗതികൾ സമർപ്പിക്കാൻ തദ്ദേശഭരണ കമ്മീഷന് സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്. അപ്പോൾ മാത്രമേ 23-ാം 24-ാം ഭരണഘടന ഭേദഗതികളുടെ ലക്ഷ്യം കൈവരിക്കാൻ സംസ്ഥാന സർക്കാരിന് കഴിയുകയുള്ളൂ. അധികാരവികേന്ദ്രീകരണ മേഖലയിൽ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകട്ടെ.

വാൽക്കഷ്ണം

ശിഷ്യൻ: രാഷ്ട്രീയേതര പഞ്ചായത്ത് ഭരണം അതല്ലെ മഹാത്മജിക്കുണ്ടായിരുന്ന സ്വപ്നം?

ആശാൻ: അതേയതേ!! ഒരു കാലത്ത് നമ്മുടെയും.

ശിഷ്യൻ: ആസൂത്രണം ജനകീയമായപ്പോൾ മെമ്പർമാരുടെ സ്ഥാനത്ത് വർക്കിംഗ് ഗ്രൂപ്പുകൾ കയറി ഇരുന്നതെങ്ങനെ?

ആശാൻ: അതെല്ലാം മാറും. ഇനി വകുപ്പ് 163 അനുസരിച്ച് പഞ്ചായത്തു മെമ്പർമാരുടെ പ്രവർത്തന കമ്മിറ്റിയാവും പദ്ധതിരൂപീകരിക്കുക. ഒന്നോ രണ്ടോ ക്ഷണിതാക്കൾ ഉൾപ്പെടെ.

ശിഷ്യൻ: അപ്പോൾ അതാണ് സാക്ഷാൽ 'ജനാധിപത്യസാക്ഷാത്കരണം' അല്ലേ ആശാനേ!

ആശാൻ: അതേയതേ! ■

ലേഖകൻ: സെക്രട്ടറിയേറ്റ് ലാ ഡിപ്പാർട്ട്മെന്റിൽ നിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ചതാണ്.

ഫീച്ചർ

തരുൺ കുമാർ സിൻഹ

കടലാഴങ്ങളുടെ വശ്യതയും അന്തർവാഹിനികളും

വിമാനവാഹിനികളും യുദ്ധക്കപ്പലുകളുമെല്ലാം സമുദ്രോ പരിതലത്തിലെ സാധാരണ കാഴ്ചകളാണ്. എന്നാൽ ലോകമെമ്പാടുമുള്ള നാവിക സേനയുടെ പ്രവർത്തനങ്ങളിൽ ഏറിയ കൂറും കാഴ്ചയ്ക്കപ്പുറത്താണ്. സമുദ്രത്തിന്റെ അഗാധതയിലൂടെ ഊളിയിട്ടു നീങ്ങുന്ന അന്തർവാഹിനികൾക്ക് ഏറ്റവും വലിയ യുദ്ധക്കപ്പലിനെപ്പോലും മുക്കിക്കളയാനുള്ള ശേഷിയുണ്ട്.

ലോകത്തിലെ ഏറ്റവും ശക്തിയേറിയ സൈനിക ഉപകരണങ്ങളാണ് അന്തർവാഹിനികൾ. 500 ഓളം അന്തർവാഹിനികളാണ് ലോകത്തെ വിവിധ സമുദ്രങ്ങളിലൂടെ പട്രോളിങ് നടത്തിക്കൊണ്ടിരിക്കുന്നത്. ആണവ വാഹികളായ അന്തർവാഹിനികളാണ് ലോകത്തെ മൊത്തം ആണവായുധശേഷിയുടെ പകുതിയിലേറെയും വഹിക്കുന്നത്.

ഇന്ത്യ ഉപയോഗിച്ച ആദ്യത്തെ മുങ്ങിക്കപ്പൽ യു.എസ്. എസ് ആറിൽ നിന്നും 1964-ൽ സ്വന്തമാക്കിയ ടൈപ്പ് 641 ഫോക്സ്ട്രോട്ട് ക്ലാസ് അന്തർവാഹിനിയാണ്. ഇന്ത്യയുടെ സ്വന്തം അന്തർവാഹിനിയായ ഐ.എൻ.എസ് കൽവാരി കമ്മീഷൻ ചെയ്തത് 1967ലാണ്. 1971-ലെ യുദ്ധത്തിനു മുമ്പായി ഇതേ ക്ലാസിൽ ഉൾപ്പെടുന്ന മറ്റ് മൂന്ന് അന്തർവാഹിനികൾ കൂടി ഇന്ത്യ സ്വന്തമാക്കി. പിന്നീട് ഇന്ത്യൻ നാവിക സേനയുടെ ഭാഗമായിത്തീർന്ന അന്തർവാഹിനികളിൽ പരമ്പരാഗത ശൈലിയിലുള്ളവ കൂടാതെ അണ്വായുധ ക്ഷമതയുള്ളവയുമുണ്ട്.

എന്നാൽ അന്തർവാഹിനിയിൽ യാത്ര ചെയ്ത ആദ്യത്തെ ഇന്ത്യക്കാരൻ പട്ടാളക്കാരനല്ല, ഒരു സിവിലിയനാണ്. നേതാജി സുഭാഷ് ചന്ദ്രബോസ് ജർമ്മനിയിൽ നിന്നും ജപ്പാനിലേക്ക് രക്ഷപ്പെടാൻ ആശ്രയിച്ചത് ഇരുരാജ്യങ്ങളുടെയും അന്തർവാഹിനികളെയാണ്. 1942-ൽ നടന്ന ഈ രക്ഷപെടലിൽ നടുക്കടലിൽ വച്ചാണ് നേതാജി ഒരു അന്തർവാഹിനിയിൽ നിന്നും മറ്റേതിലേക്ക് മാറി കയറിയത്.

ഏതെങ്കിലും നാവിക അന്തർവാഹിനി ഒരു സിവിലിയൻ യാത്രയ്ക്ക് ഉപയോഗിക്കപ്പെട്ട ഏക ചരിത്രസംഭവമായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതും നേതാജിയുടെ യാത്രയാണ്. കൊൽക്കത്തയിലെ നേവൽ ബേസും, എയർപോർട്ടും മറ്റ് ചില പ്രധാന സ്മാരകങ്ങളും നേതാജി സുഭാഷ് ചന്ദ്രബോസിന്റെ പേരിലാണ് അറിയപ്പെടുന്നത് എന്ന് സന്ദർഭവശാൽ സൂചിപ്പിക്കട്ടെ.

ലോകത്തിലെ ഏറ്റവും ശക്തിയേറിയ സൈനിക ഉപകരണങ്ങളാണ് അന്തർവാഹിനികൾ. 500 ഓളം അന്തർവാഹിനികളാണ് ലോകത്തെ വിവിധ സമുദ്രങ്ങളിലൂടെ പട്രോളിങ് നടത്തിക്കൊണ്ടി രിക്കുന്നത്. ആണവ വാഹികളായ അന്തർവാഹിനി കളാണ് ലോകത്തെ മൊത്തം ആണവായുധശേഷിയു ടെ പകുതിയിലേറെയും വഹിക്കുന്നത്.



കറുത്ത ലോഹ പുറന്തോടുള്ള ഈ കൂറ്റൻ ജലാന്തർ യാനത്തിന്റെ നിർമ്മിതി അത്ഭുതാവഹമാണ്.

എന്നാൽ അന്തർവാഹിനിയുടെ വശീകരണ പ്രഭ അസാമാന്യമായ നാവികനെ ആകർഷിക്കും. കാരിരുമ്പിനെക്കാൾ നിശ്ചയദാർഢ്യവും അതികഠിനവും ഭാവനാതീതവുമായ സമ്മർദ്ദങ്ങളെപ്പോലും അതിജീവിക്കാനുള്ള കഴിവും ഉള്ള നാവികന് മാത്രമേ അന്തർവാഹിനികളിലെ ജോലി ഏറ്റെടുക്കാനാവൂ.

മേൽപറഞ്ഞ ഗുണങ്ങളുള്ള നാവിക്കര കാർക്കശ്യമേറിയ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ കണ്ടെത്തി സമുദ്രാന്തർ ജീവിതത്തിനു യോഗ്യർ എന്ന ഡോൾഫിൻ ബാഡ്ജ് നൽകി സേനയിലെടുക്കുന്നു. അക്ഷരാർത്ഥത്തിൽ ഡോൾഫിന്റേതിനു സമമായ ഒരു ജലജീവിതമാണ് സബ്മറീനുകളുടേത്.

ഇന്ത്യൻ നാവിക സേനയിലെ ഏറ്റവും മുതിർന്ന സബ് മറീനർ വൈസ് അഡ്മിറൽ പ്രദീപ് കെ ചാറ്റർജി ആണ്. 1997-ൽ ഒരു സബ് ലഫ്റ്റനന്റായി സേനയിൽ ചേർന്ന അദ്ദേഹം ഇന്റർഗ്രേറ്റഡ് ഹെഡ്ക്വാർട്ടേഴ്സ് ഓഫ് മിനിസ്ട്രി ഓഫ് ഡിഫൻസി(നേവി)ന്റെ ഡെപ്യൂട്ടി ചീഫ് ഓഫ് നേവൽ സ്റ്റാഫ് ആയി സേവനമനുഷ്ടിക്കുന്നു.

അദ്ദേഹത്തെപ്പോലുള്ള നിരവധി നാവികരെയാണ് അന്തർവാഹിനിയുടെ വശ്യമനോഹരത്വം ആകർഷിച്ചിട്ടുള്ളത്. സമുദ്രാന്തർ ഭാഗത്ത് ഒരു ജീവിതം തെരഞ്ഞെടുക്കാൻ അവരെ പ്രേരിപ്പിച്ചതും വളരെ കുറച്ചുപേർ മാത്രം ചെയ്യാൻ ധൈര്യപ്പെടുന്ന അതിലും കുറച്ചുപേർ മാത്രം തെരഞ്ഞെടുക്കുകയും ചെയ്യുന്ന ഒരു തൊഴിൽ മേഖലയാണിത്.

ഒരു സബ്മറീനർ ആവണമെങ്കിൽ വൻതോതിൽ പ്രചോദിതനാവണം. ഒപ്പം സേവനാസന്നദ്ധതയും വേണം. ഇതെല്ലാം ഉണ്ടെങ്കിലും ഒരു സബ്മറീനർ ആയി തുടരണമെങ്കിൽ മറ്റ് പല ഘടകങ്ങളും ഒത്തുവരണം എന്ന് പ്രദീപ് ചാറ്റർജി പറഞ്ഞു. ഉദാഹരണത്തിന് ഇടുങ്ങിയ സ്ഥലങ്ങളെ ഭയപ്പെടുന്നവർക്ക് ഈ ജോലി ഒട്ടും പറ്റിയതല്ല.

അന്തർവാഹിനിക്കുള്ളിലെ കഠിന സാഹചര്യങ്ങളിൽ ജീവിക്കാൻ ധീരതയും ആത്മവിസ്വാസവും പ്രധാന ഘടകങ്ങളാണെന്നും അഡ്മിറൽ ചാറ്റർജി പറഞ്ഞു. സബ്മറീനുകളുടെ പരിശീലനവും അതികഠിനമാണ്. അന്തർവാഹിനിയിൽ ടീം വർക്ക് അതിപ്രധാനമായതിനാൽ ടീമിലെ ഒരു ചെറിയ കണ്ണിപോലും ഏറ്റവും ബലവത്തായിരിക്കാൻ പരിശീലനത്തിൽ അതീവ ശ്രദ്ധ പുലർത്തുന്നുണ്ട്. സുരക്ഷിതമായും വിജയകരമായും ദൗത്യം പൂർത്തീകരിക്കണമെങ്കിൽ ടീമിലെ ഓരോ അംഗവും പരസ്പരം അങ്ങേയറ്റം ആശ്രയത്വം പുലർത്തണം.

ഒരു സബ്മറീനർക്ക് അന്തർവാഹിനിയുടെയും അതിനുള്ളിലെ ഉപകരണങ്ങളുടെയും സാങ്കേതികത്വം സംബന്ധിച്ച് തികഞ്ഞ അറിവുണ്ടായിരിക്കണം. ഇത്രയേറെ സാങ്കേതികത തിങ്ങി നിറഞ്ഞ അന്തർവാഹിനിക്കുള്ളിൽ അശ്രദ്ധമൂലമുള്ള പിഴവിനൊഴികെ മറ്റെല്ലാത്തിനും സ്ഥലമുണ്ട്. ലോകത്തിലെ ഏതൊരു യുദ്ധക്കപ്പലിനേക്കാളുമേറെ സാങ്കേതികത അന്തർവാഹിനിയിലെ ഓരോ ചതുരശ്ര ഇഞ്ചിലും ശാസ്ത്രം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഒരു സബ്മറീനർ ഏതു തരത്തിലുള്ള ആളായിരിക്കണം?

അയാൾ സാഹസികനും ആത്മവിശ്വാസവുമുള്ളവനും കൂട്ടായ പ്രവർത്തനത്തിൽ താൽപര്യമുള്ളവനും ശാന്തനും ക്ഷമയുള്ളവനും ഉത്കണ്ഠാജനകമായ സാഹചര്യങ്ങൾ നന്നായി കൈകാര്യം ചെയ്യുന്നവനുമായിരിക്കണം എന്ന് കൊൽക്കത്തയിലെ കമാൻഡ് ഹോസ്പിറ്റലിലെ സീനിയർ അഡ്വൈസറായ സർജൻ ക്യാപ്റ്റൻ കൗശിക് ചാറ്റർജി പറഞ്ഞു.

പരിചയ സമ്പന്നനായ ഒരു സബ്മറീനർ കൂട്ടായ പ്രവർത്തനത്തിൽ സംതൃപ്തി കണ്ടെത്തുന്നവനും പരീക്ഷണങ്ങളോട് തുറന്ന മനോഭാവം പുലർത്തുന്നതും മറ്റുള്ളവർക്ക് യോജിപ്പ് പ്രകടിപ്പിക്കാൻ പറ്റുന്നവനും എപ്പോഴും ജാഗരൂകനും ആയിരിക്കണം. ചുരുക്കത്തിൽ ചുറ്റുമുള്ള ലോകം കീഴ്മേൽ മറിഞ്ഞാലും അക്ഷമനാകാതെ ശാന്തനായി തന്റെ ജോലി ശ്രദ്ധയോടെ നിർവ്വഹിക്കാൻ കഴിയുന്നവനായിരിക്കണം.

അന്തർവാഹിനികളുടെ പ്രാധാന്യം

ഉന്നതശേഷിയുള്ള വിവിധോദ്ദേശ്യ അന്തർവാഹിനികൾക്ക് മുടക്കുമുതൽ കൂടുതലാണെങ്കിലും അവയുടെ സേവന കാലഘട്ടം തീരുന്നതുവരെ തുടർചെലവുകൾ വളരെ കുറവാണ്. ആധുനിക അന്തർവാഹിനികൾ വില കൂടിയവയാണെങ്കിലും അവയുടെ സേവന കാലദൈർഘ്യം വളരെ കൂടുതലാണ്. അണ്വായുധ ശേഷിയുള്ള അത്യാധുനിക അന്തർവാഹിനികൾക്ക് അവയുടെ ആയുഷ്ക്കാലം മുഴുവൻ ഉപയോഗിക്കാൻ വേണ്ട ഇന്ധനവും ഉണ്ടാവും. അന്തർവാഹിനിക്കുള്ളിലെ ന്യൂക്ലിയർ റിയാക്ടർ കോറിലാണ് ആണവ ഇന്ധനം സൂക്ഷിച്ചിരിക്കുന്നത്.

ദുഷ്ക്കര സാഹചര്യങ്ങളിൽപോലും നന്നായി പ്രവർത്തിക്കാനാവുന്ന അന്തർവാഹിനികൾ ശത്രുരാജ്യത്തെ സൈനിക നടപടിയിൽ നിന്ന് പിന്തിരിപ്പിക്കത്തക്ക വിധത്തിലുള്ള നയതന്ത്ര ഇടപെടലാണ് നടത്തുന്നത്.

വലിയ അന്തർവാഹിനികൾക്ക് ഒരേ കണക്കിൽ വളരെയേറെ സമയം ജോലി ചെയ്യാനാവും. ആഴ്ചകളോളം നീളുന്ന ദൗത്യത്തിൽ സെൻസറുകളും ആയുധങ്ങളും വിദഗ്ധ സംഘവുമായി നീങ്ങുന്ന അന്തർവാഹിനികൾ മറ്റാവശ്യങ്ങൾക്കായി

ശേഷം 33-ാം പേജിൽ

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്ത് അക്കൗണ്ട്
സംശയങ്ങളും മറുപടികളും

?: സാംഖ്യ ഇപ്പോഴും സുസ്ഥിര (Stable)മായിട്ടില്ല; ഇപ്പോഴും സമ്പൂർണ്ണമല്ല തുടങ്ങിയ ആക്ഷേപങ്ങൾ ചിലർ ഉന്നയിക്കുന്നുണ്ട്. സത്യാവസ്ഥ വിശദീകരിക്കാമോ?

***:** സുസ്ഥിരം (Stable) സമ്പൂർണ്ണം എന്നീ വാക്കുകളുടെ അർത്ഥം തെറ്റായിധരിച്ചാണ് ഇത്തരം ആക്ഷേപങ്ങൾ ഉയരുന്നത്.

റസീറ്റ് വൗച്ചർ, പേയ്മെന്റ് വൗച്ചർ, ജേണൽ വൗച്ചർ, കോൺട്രാവൗച്ചർ എന്നീ നാലു സ്ക്രീനുകൾ ഉപയോഗിച്ചാണ് സാംഖ്യയിൽ എല്ലാ ഇടപാടുകളും നടത്തുന്നത്. ഇവ ഉപയോഗിച്ച് ഇടപാടുകൾ രേഖപ്പെടുത്തുമ്പോൾ ആപ്ലിക്കേഷൻ ഒരു അസ്ഥിരതയും കാണിക്കുന്നില്ല. എല്ലാ ഇടപാടുകളും സമ്പൂർണ്ണമായി രേഖപ്പെടുത്താൻ കഴിയുന്നുണ്ട്. 2011-12 ലെയും 2012-13 ലെയും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ സാംഖ്യയിൽ നിന്നെടുത്ത് സമർപ്പിച്ച് നിരവധി പഞ്ചായത്തുകൾ ക്ലീൻ സർട്ടിഫിക്കറ്റ് നേടിക്കഴിഞ്ഞു. അതിനാൽ ഇപ്പോൾ സാംഖ്യ സുസ്ഥിര (Stable)മാണ്; സമ്പൂർണ്ണമാണ്.

ചില ലൊക്കേഷനുകളിൽ നിന്ന് പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചില പരാതികൾ പരിഹരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടാകാം. എങ്കിലും ഇൻഫർമേഷൻ കേരള മിഷന്റെ ജില്ലാ ടെക്നിക്കൽ ഓഫീസറും ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തക്കുന്ന ജൂനിയർ ടെക്നിക്കൽ ഓഫീസർമാരും അക്കൗണ്ടന്റ് കം ഐടി എക്സ്പെർട്ടുമാരും സാംഖ്യ സോഫ്റ്റ്വെയർ ടീമും ടെക്നിക്കൽ സപ്പോർട്ട് ടീമും ചേർന്ന് മുഴുവൻ പരാതികളും ജനുവരി മാസം കഴിയുന്നതിനകം പരിഹരിക്കുന്നതിനുള്ള തീവ്രശ്രമത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു. ഇതോടെ റിപ്പോർട്ട് ചെയ്ത പരാതികളെല്ലാം പരിഹരിക്കപ്പെടും.

സാംഖ്യയിൽ ആസ്തി-ബാധ്യതകൾ പൂർണ്ണമായി ഉൾക്കൊള്ളിച്ചിട്ടില്ല; സാംഖ്യയിൽ നിന്നു ഡി സി ബി സ്റ്റേറ്റ്മെന്റ് ലഭിക്കുന്നില്ല-അതിനാൽ സാംഖ്യ സമ്പൂർണ്ണമല്ല എന്ന വ്യാഖ്യാനം ചില കേന്ദ്രങ്ങൾ ഉയർത്തുന്നുണ്ട്. ഇത് ശരിയല്ല. ആസ്തി-ബാധ്യത സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിന്റെ ഡിജിറ്റൽ ആസ്തി രജിസ്റ്ററിൽ (സചിത്ര സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് സാംഖ്യയിൽ ഉൾപ്പെടുത്തുന്നതിന് ഒരു തടസ്സവുമില്ല. എന്നാൽ ഡിജിറ്റൽ ആസ്തി - രജിസ്റ്ററുകൾ തെറ്റുതിരുത്തി പൂർണ്ണമാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ കൺവീനറായ സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടന്നു വരുന്നതേയുള്ളു എന്നതാണ് വസ്തുത. ആസ്തി രജിസ്റ്ററുകൾ സമ്പൂർണമായിട്ടും സാംഖ്യയിൽ ചേർക്കാൻ കഴിയുന്നില്ല എന്ന പരാതി ആരും ഉന്നയിച്ചിട്ടില്ല. അതിനാൽ ആസ്തി രജിസ്റ്ററുകൾ സമ്പൂർണമല്ലാതിരിക്കുന്ന സാഹചര്യം സാംഖ്യ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ സമ്പൂർണ്ണമല്ലാത്തതു കൊണ്ടുണ്ടായതല്ല. സാംഖ്യ സമ്പൂർണ്ണം തന്നെയാണ്.

സോഫ്റ്റ്‌വെയർ സംബന്ധിച്ച ഗവേഷണവും വികസനവും ഒരിക്കലും അവസാനിക്കാത്ത പ്രക്രിയയാണ്.

സോഫ്റ്റ്‌വെയർ സംബന്ധിച്ച ഗവേഷണവും വികസനവും ഒരിക്കലും അവസാനിക്കാത്ത പ്രക്രിയയാണ്. പുതിയ പുതിയ രീതികളും സൗകര്യങ്ങളും സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിക്കൊണ്ടേയിരിക്കും. നമ്മുടെ സ്വന്തം അനുഭവത്തിൽ നിന്നുതന്നെ ഉദാഹരണമെടുത്താൽ കുറച്ചു വർഷങ്ങൾക്കുമുമ്പ് നാം ഉപയോഗിച്ച രീതികളും സൗകര്യങ്ങളുമല്ലല്ലോ ഇപ്പോൾ മൊബൈൽ ഫോണിലും ടെലിവിഷനിലും ലഭ്യമായിട്ടുള്ളത്!

അതുപോലെ തന്നെ, സഞ്ചയ (റവന്യു മൊഡ്യൂൾ) സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ വസ്തുനികുതി, തൊഴിൽനികുതി തുടങ്ങിയവയുടെ ഡേറ്റാബേസ് തയ്യാറാക്കി കഴിഞ്ഞാൽ ഉടൻതന്നെ സാംഖ്യ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുമായി ഉദ്ഗ്രഥിച്ചു പ്രവർത്തനം തുടങ്ങാൻ കഴിയും. ഇപ്രകാരം പല നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും പ്രവർത്തിക്കുന്നുണ്ട്. ഈ വർഷം തന്നെ എല്ലാ ഗ്രാമപഞ്ചായത്തുകളും സഞ്ചയ സംബന്ധിച്ച ഡേറ്റാഎൻട്രി പൂർത്തിയാക്കുമെന്നാണ് പ്രത്യാശിക്കുന്നത്.

സോഫ്റ്റ്‌വെയർ സംബന്ധിച്ച ഗവേഷണവും വികസനവും ഒരിക്കലും അവസാനിക്കാത്ത പ്രക്രിയയാണ്. പുതിയ പുതിയ രീതികളും സൗകര്യങ്ങളും സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിക്കൊണ്ടേയിരിക്കും. നമ്മുടെ സ്വന്തം അനുഭവത്തിൽ നിന്നുതന്നെ ഉദാഹരണമെടുത്താൽ കുറച്ചു വർഷങ്ങൾക്കുമുമ്പ് നാം ഉപയോഗിച്ച രീതികളും സൗകര്യങ്ങളുമല്ലല്ലോ ഇപ്പോൾ മൊബൈൽ ഫോണിലും ടെലിവിഷനിലും ലഭ്യമായിട്ടുള്ളത്! അതിനാൽ എന്തിന് സമ്പൂർണ്ണമല്ലാത്ത മൊബൈൽ ഫോണും ടെലിവിഷനും നേരത്തെ മാർക്കറ്റിൽ എത്തിച്ചു എന്നു നാം മൊബൈൽ കമ്പനികളോടും ടെലിവിഷൻ കമ്പനികളോടും ചോദിക്കാറില്ലല്ലോ. എന്നത്തേക്ക് നിങ്ങളുടെ മൊബൈൽ ഫോണും ടെലിവിഷനും സമ്പൂർണ്ണമായിത്തീരും എന്ന് സോണിയോടും സാംസംഗിനോടും ആരും ചോദിക്കുന്നുമില്ല.

?: ഇ.എം.എസ് ഭവന പദ്ധതിക്ക് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് ചെലവഴിക്കുമ്പോൾ ആ ചെലവ് റവന്യു ചെലവായിത്തന്നെ (Expenditure) കാണിക്കേണ്ടതല്ലേ? തൽഫലമായി വായ്പയെടുത്ത് റവന്യു ചെലവ് നടത്തിയ എല്ലാ പഞ്ചായത്തുകളുടെയും "ഇൻകം ആന്റ് എക്സ്പെൻഡിച്ചർ" സ്റ്റേറ്റ്മെന്റ് കമ്മി കാണിക്കേണ്ടതല്ലേ?

*** :** 1994 ലെ പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 214-ാം വകുപ്പുപ്രകാരം അഞ്ചു ശതമാനമെങ്കിലും വർക്കിംഗ് ബാലൻസ് ഇല്ലാതെ ബജറ്റ് തയ്യാറാക്കാനാവില്ല. മറ്റു വാക്കുകളിൽ പറഞ്ഞാൽ ബജറ്റ് 5% മിച്ചം കാണിക്കണം. ഇത് പഞ്ചായത്തിന്റെ പ്രധാന അക്കൗണ്ടിംഗ് നയങ്ങളുടെ (Significant Accounting policies)ഭാഗമായി കണക്കാക്കി ആയിരിക്കണം. അക്കൗണ്ടിംഗ് രീതികൾ നടപ്പാക്കേണ്ടത്. കമ്പനികൾക്കും മറ്റും നഷ്ടം കാണിച്ച് ബജറ്റും വാർഷികക്കണക്കും തയ്യാറാക്കാം. ബജറ്റിൽ 5% മിച്ചം കാണിച്ചതിനു ശേഷം ബജറ്റ് ലംഘനം നടത്തി വർഷാവസാനം കമ്മിയിൽ എത്തിച്ചേരുന്നത് പ്രവർത്തന വൈകല്യമാണ്. വരുമാനം കമ്മിയായ പഞ്ചായത്തുകൾക്ക് ഗ്യാപ് ഫണ്ട് (Gap fund) നൽകി വരുന്നുമുണ്ട്.

പഞ്ചായത്തുകൾ വായ്പയെടുക്കുന്നുണ്ടെങ്കിലും വായ്പയുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് സർക്കാരിൽ നിന്നുള്ള ഫണ്ടാണ് ഉപയോഗിക്കുന്നത്. അതിനാൽ തന്നെ ഈ വായ്പ എടുത്തതിന്റെയും അതുപയോഗിച്ച്



സമ്പൂർണ്ണമല്ലാത്ത മൊബൈൽ ഫോണും ടെലിവിഷനും നേരത്തെ മാർക്കറ്റിൽ എത്തിച്ചു എന്നു നാം മൊബൈൽ കമ്പനികളോടും ടെലിവിഷൻ കമ്പനികളോടും ചോദിക്കാറില്ലല്ലോ. എന്നത്തേക്ക് നിങ്ങളുടെ മൊബൈൽ ഫോണും ടെലിവിഷനും സമ്പൂർണ്ണമായിത്തീരും എന്ന് സോണിയോടും സാംസംഗിനോടും ആരും ചോദിക്കുന്നുമില്ല.

പ്രോജക്ട് നടപ്പാക്കിയതിന്റെയും ഫലമായി പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് തകരാറൊന്നും സംഭവിക്കുന്നില്ല. പഞ്ചായത്തിന്റെ തന്നാണ്ടിലെ പ്രവർത്തനഫലം കമ്മിയാണെന്നും, തൽഫലമായി പഞ്ചായത്ത് ഫണ്ടിൽ ഭീമമായ ചോർച്ച സംഭവിച്ച് ഫണ്ടിൽ നെഗറ്റീവ് ബാലൻസാണുള്ളതെന്നുമുള്ള തെറ്റായ വിവരം വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് വഴി പ്രഖ്യാപിക്കേണ്ട കാര്യവുമില്ല. ഇക്കാര്യത്തിൽ രേഖപ്പെടുത്തേണ്ട എൻട്രികൾ താഴെ കൊടുത്തിരിക്കുന്നു.

1. വായ്പതുക വി.ഇ.ഒയുടെ അക്കൗണ്ടിലേക്ക് ബാങ്ക് നിക്ഷേപിക്കുന്നത് പഞ്ചായത്തിന് കടം നൽകിയെന്ന് രേഖപ്പെടുത്തിയിട്ടാണ്.

തീയതി	വിവരങ്ങൾ	ഡെബിറ്റ് (രൂപ)	ക്രെഡിറ്റ് (രൂപ)
	4 നിർവഹണ ഉദ്യോഗസ്ഥന്/യ്ക്ക് മുൻകൂർ a/c Dr.	25,00,000	
	To		
	3 സെക്യൂർഡ് ലോൺ		25,00,000

മേൽകാണിച്ച പ്രകാരമാണ് പഞ്ചായത്ത് അക്കൗണ്ടിൽ ഈ ഇടപാട് രേഖപ്പെടുത്തുക.

2. നിർവഹണ ഉദ്യോഗസ്ഥന്റെ ചെലവ് സ്റ്റേറ്റ്മെന്റ് ലഭിക്കുമ്പോൾ Prepaid programme Expenses എന്ന Asset Headനു കീഴിൽ മൂലധനച്ചെലവിൽ ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്. താഴെ കാണിക്കുന്ന രീതിയിലാണ് എൻട്രി രേഖപ്പെടുത്തുക. (ഭാവി വർഷങ്ങളിൽ വികസന ഫണ്ടിൽ നിന്നു പണം പിൻവലിച്ച് വായ്പ തിരിച്ചടയ്ക്കുന്ന മുറയ്ക്ക് റവന്യൂ ചെലവിൽ ഉൾപ്പെടുത്തുകയും ചെയ്യും.)

തീയതി	വിവരങ്ങൾ	ഡെബിറ്റ് (രൂപ)	ക്രെഡിറ്റ് (രൂപ)
	4. Prepaid programme Expenses Dr.3	25,00,000	
	To		
	4. നിർവഹണ ഉദ്യോഗസ്ഥന്/യ്ക്ക് മുൻകൂർ		25,00,000

3. വായ്പയുടെ മുതലിന്റെ ഒരു ഭാഗം വികസന ഫണ്ടിൽ നിന്നു പിൻവലിച്ചു ചെലവഴിക്കുമ്പോൾ വായ്പ അത്രയും കണ്ട് കുറയുന്നു. താഴെ കൊടുത്ത എൻട്രി ശ്രദ്ധിക്കുക.

തീയതി	വിവരങ്ങൾ	ഡെബിറ്റ് (രൂപ)	ക്രെഡിറ്റ് (രൂപ)
	3. സെക്യൂരിറ്റി ലോൺ Dr.	5,00,000	
	To		
	4. വി.പി.എഫ് അക്കൗണ്ട് II(a)		5,00,000

4. ഉടൻതന്നെ ഭവന നിർമ്മാണച്ചെലവ് കണക്കിൽ ഉൾപ്പെടുത്താനുള്ള ജേണൽ എൻട്രി രേഖപ്പെടുത്തുന്നു. താഴെ കാണിക്കുന്ന പ്രകാരമാണിത്:

തീയതി	വിവരങ്ങൾ	ഡെബിറ്റ് (രൂപ)	ക്രെഡിറ്റ് (രൂപ)
	2. ഭവനനിർമ്മാണം Dr.	5,00,000	
	To		
	4. Prepaid programme Expenses		5,00,000

5. അതോടൊപ്പം തന്നെ തത്തുല്യമായ തുക വികസന ഫണ്ട് ബാദ്ധ്യതാഅക്കൗണ്ടിൽ നിന്ന് വികസന ഫണ്ട് വരുമാന അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള ജേണൽ എൻട്രിയും രേഖപ്പെടുത്തുന്നു. താഴെ കൊടുത്ത എൻട്രി കാണുക.

തീയതി	വിവരങ്ങൾ	ഡെബിറ്റ് (രൂപ)	ക്രെഡിറ്റ് (രൂപ)
	3. വികസന ഫണ്ട് - മൂലധനം Dr.	5,00,000	
	To 1. വികസന ഫണ്ട്		5,00,000

പലിശ പഞ്ചായത്ത് നൽകേണ്ടി വരുന്നില്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സഞ്ചിത നിധി യിൽ നിന്നു പിൻവലിച്ച് ബാങ്കിനു നൽകുന്നു.

ഇപ്രകാരം പഞ്ചായത്ത്രാജ് നിയമത്തിലെ 214-ാം വകുപ്പിന്റെ സത്ത ഉൾക്കൊണ്ട് കൊണ്ടുള്ള അക്കൗണ്ടിംഗ് രീതിയാണ് ഇക്കാര്യത്തിൽ അവലംബിച്ചിട്ടുള്ളത്. ■

പേജ് 29-ന്റെ തുടർച്ച

തീരത്തടുക്കേണ്ടിവരുന്നതേയില്ല. അന്തർവാഹിനികൾ ജലാന്തർഭാഗത്തെ നീക്കങ്ങൾ മാത്രമല്ല, ജലോപരിതലത്തിലെയും വായുവിലെയും ചലനങ്ങൾ വരെ സൂക്ഷ്മ നിരീക്ഷണത്തിനു വിധേയമാക്കുന്നു. സാധാരണ നിരീക്ഷണ യന്ത്രങ്ങൾക്കോ മനുഷ്യനോ നേത്ര-ശ്രവണേന്ദ്രിയങ്ങൾക്കോ കണ്ടെത്താനാവാത്ത കാര്യങ്ങൾവരെ അന്തർവാഹിനികൾക്ക് കണ്ടെത്താനാവും.

ഒരു രാജ്യത്തിന്റെ ആയുധ ശേഖരത്തിൽ ഏറ്റവുമധികം സാമ്പത്തിക ലാഭമുണ്ടാക്കുന്നത് അന്തർവാഹിനികളാണ്. രണ്ടാം ലോകമഹായുദ്ധത്തിൽ മൊത്തം നാവിക ശേഷിയുടെ 1.6 ശതമാനം മാത്രമായിരുന്നു അന്തർവാഹിനികളുടേത്. എന്നാൽ ശത്രുവിന്റെ യുദ്ധക്കപ്പലുകൾ തകർക്കുന്ന ജോലിയുടെ 55 ശതമാനത്തോളം നിർവ്വഹിച്ചത് അന്തർവാഹിനികളായിരുന്നു.

ആധുനിക അന്തർവാഹിനികൾ ജലോപരിതലത്തിൽ സഞ്ചരിക്കുന്നതിനേക്കാൾ വേഗത്തിൽ ജലാന്തർഭാഗത്ത് സഞ്ചരിക്കും. ഒരു മിനിറ്റിൽ കുറഞ്ഞ സമയം മതി ഇവയ്ക്ക് പൂർണ്ണമായും വെള്ളത്തിൽ മുങ്ങാൻ. ആധുനിക അന്തർവാഹിനികളിൽ സ്നോർക്കൽ എന്ന് പേരുള്ള ഒരു ശ്വസനോപകരണമുണ്ട്. ഉപരിതലത്തിൽ നിന്നും ശുദ്ധവായു അന്തർവാഹിനിക്കുള്ളിൽ എത്തിക്കുന്നത് ഈ ഉപകരണമാണ്.

അന്തർവാഹിനികളുടെ പേരുകൾ തരംതിരിവുകൾ

ലോകമെമ്പാടുമുള്ള നാവികസേന തങ്ങളുടെ അന്തർവാഹിനികൾക്ക് സ്രാവുകളുടെയും കൊലയാളി തിമിംഗലങ്ങളുടെയും രക്തദാഹികളായ മറ്റ് സമുദ്ര ജീവികളുടെയും പേരുകളാണ് സാധാരണയായി നൽകുന്നത്. ഇന്ത്യൻ നാവിക സേന നമ്മുടെ സമുദ്രാതിർത്തിക്കുള്ളിൽ കാണപ്പെടുന്ന ഇരപിടിയന്മാരും പ്രതികാരദാഹികളുമായ കടൽ ജീവികളുടെ സംസ്കൃത നാമങ്ങളാണ് അന്തർവാഹിനികൾക്ക് നൽകുന്നത്.

അന്തർവാഹിനികളെ അവ പേറുന്ന യുദ്ധോപകരണങ്ങളുടെയും അവയുടെ പ്രൊപ്പൽഷന്റെയും അടിസ്ഥാനത്തിൽ മൂന്നായി തിരിച്ചിരിക്കുന്നു. 1. SSBN (Ship, Subersible, Balistic, Nuclear), 2. SSN (Ship, Subersible, Balistic, Nuclear), 3. SSK (Sub Surface Killer) എന്നിവയാണിവ.

2012-ൽ ഏപ്രിൽ 4ന് ഇന്ത്യൻ നാവികസേനയുടെ ഭാഗമായ ഐ.എൻ.എസ് ചക്ര (എസ് എസ് എൻ) സേനയുടെ ഭാഗമാവാൻ പോകുന്ന ഐ.എൻ.എസ് അരിഹരന്ത് (എസ് എസ് ബി എൻ) എന്നീ അന്തർവാഹിനികൾ കൂടി ചേരുന്നതോടെ ഇന്ത്യയുടെ അന്തർവാഹിനി വ്യൂഹം ഏതൊരു വികസിത രാഷ്ട്രത്തിന്റെയും അന്തർവാഹിനി സമ്പത്തിനോട് കിട പിടിക്കത്തക്കതാവും.

എസ്.എസ്.ബി.എൻ അഥവാ ബാലിസ്റ്റിക് മിസൈൽ വാഹകരായ അന്തർവാഹിനികളുടെ നശീകരണശേഷി അപാരമാണ്. 12,000 കിലോമീറ്റർ അകലെയുള്ള ലക്ഷ്യത്തെ തകർക്കാൻ ശേഷിയുള്ള ബാലിസ്റ്റിക് മിസൈൽ അത്യധികം കൃത്യതയുള്ളതാണ്. ഇത്തരം 16 മുതൽ 24 വരെ മിസൈലുകളെ വഹിക്കാൻ എസ്.എസ്.ബി.എൻ അന്തർവാഹിനിക്ക് ശേഷിയുണ്ട്. ഒരേസമയം കുറേയേറെ നഗരങ്ങളെ ഒരുമിച്ച് നശിപ്പിക്കാനുള്ളത്ര ശേഷി!

ഓരോ മിസൈലിനും എം.ഐ.ആർ.വി.എസ് (Multiple Independent re-entry vehicles) എന്ന ഒരു സാങ്കേതിക ശേഷിയുണ്ട്. വ്യത്യസ്ത കേന്ദ്രങ്ങളിൽ നിന്ന് നിയന്ത്രിക്കാനാവുന്ന സംവിധാനമാണിത്. ഈ മിസൈലുകളിലോരോന്നിന്റെയും പോർമുനയ്ക്ക് 100 കിലോടൺ ആണവ ഇന്ധന ശേഷിയുണ്ട്. ഹിരോഷിമയെ നശിപ്പിച്ച ബോംബിന്റെ 6 ഇരട്ടി ശക്തി.

അന്തർവാഹിനികളെ ചൂഴ്ന്നു നിൽക്കുന്ന അപകടങ്ങൾ

ശത്രുവിന്റെ കണ്ണിൽ പെടാതെ മറഞ്ഞു നിന്ന് യുദ്ധക്കപ്പലുകളെ നശിപ്പിക്കുന്ന അന്തർവാഹിനികൾ നിരവധി ഹോളിവുഡ് ചിത്രങ്ങളിൽ നാം കണ്ടിട്ടുണ്ട്. എന്നാൽ കണ്ടെത്തപ്പെട്ടാൽ അന്തർവാഹിനികളെ വളരെ എളുപ്പത്തിൽ നശിപ്പിക്കാനാവും. അങ്ങനെ സംഭവിച്ചാൽ രക്ഷപ്പെടാനായി മുകൾപ്പരപ്പിലേക്ക് വരാൻ സാധിക്കാതെ ഒരു സമുദ്ര സംസ്കാരമാവും അന്തർവാഹിനിക്കും ജീവനക്കാർക്കും ലഭിക്കുക.

ഏതു വിധത്തിലുള്ള അന്തർവാഹിനിയായാലും മനുഷ്യനിർമ്മിതമായ ഏതൊരുപകരണത്തിനും ഉള്ളതുപോലെ യന്ത്രകരാറുകളും മറ്റും ഇവയ്ക്കും സംഭവിക്കാം. അത്തരം അപകട സാഹചര്യങ്ങളിൽ ഓരോ അന്തർവാഹിനി ജീവനക്കാരനും തങ്ങളുടെ ഉന്നതോദ്യോഗസ്ഥരുടെ മുഖത്തേക്കാവും ധൈര്യത്തിനായും ശക്തിക്കായും ഉറ്റുനോക്കുക. അത്തരം സന്ദർഭങ്ങളിലാണ് ഏറ്റവും പരിചയ സമ്പന്നനായ സബ്മറീനറുടെ പോലും മാറ്റുരച്ചു നോക്കപ്പെടുക.

ഭയം എന്നത് മറ്റൊരാൾ നോക്കിയാൽ നിങ്ങളുടെ കണ്ണുകളിൽ കണ്ടെത്താനേ പാടില്ല. നിങ്ങളുടെ ആളുകൾക്ക് അവർ നേരിടുന്ന ആപത്തിനെപ്പറ്റി നല്ല നിശ്ചയമുണ്ടാവും. എന്നാൽ അവർ ശക്തി ആർജ്ജിക്കുന്നത് നിങ്ങളുടെ ചലനങ്ങളിൽ നിന്നും പെരുമാറ്റത്തിൽ നിന്നുമാണ് മുതിർന്ന സബ്മറീനറായ അഡ്മിറൽ ചാറ്റർജി പറഞ്ഞു.

അതുകൊണ്ടാണ് സബ് മറീനറുകൾക്ക് അന്തർവാഹിനിയുടെ അകവും പുറവും നന്നായി അറിയണമെന്ന് പറയുന്നത്. വെറും ഊഹാപോഹങ്ങളുടെ പുറകേ പോകാതെ അന്തർവാഹിനിക്ക് എന്തെങ്കിലും കുഴപ്പമുള്ളതായി തോന്നിയാൽ ഉടനടി നന്നായി പരിശോധിച്ച് തകരാർ കണ്ടെത്തി പരിഹരിക്കണം. അതിനാവട്ടെ സബ്മറീനറുകൾ തമ്മിലുള്ള ബന്ധം അത്രയ്ക്ക് ശക്തമാവണം.

ഇന്ന്, നാവിക സേനാ ആസ്ഥാനത്തെ സുപ്രധാന തസ്തികയിലിരിക്കുമ്പോഴും അഡ്മിറൽ ചാറ്റർജിക്ക് മുൻ സഹപ്രവർത്തകരുടെ ഫോൺ കോളുകൾ വരും. തങ്ങൾ ജോലി ചെയ്ത കാലത്ത് പരസ്പരം അർപ്പിച്ച വിശ്വാസത്തിന്റെയും ആശ്രയത്തിന്റെയും മധുരിമ ഓർമ്മിപ്പിച്ചുകൊണ്ട് ഇവരും അവരുടെ കുടുംബങ്ങളും തമ്മിലുള്ള സൗഹൃദം അഭംഗുരം തുടർന്നു പോവുന്നതിന്റെ കാരണവുമാണിത്.

ഇനിയുമൊരിക്കൽ കൂടി അന്തർവാഹിനിക്കുള്ളിലെ അന്തരീക്ഷത്തിലേക്ക് മടങ്ങിപ്പോവാൻ തയ്യാറാണോ എന്നു ചോദിച്ചാൽ വൈസ് അഡ്മിറൽ സന്നദ്ധത പ്രകടിപ്പിക്കും. ഒരു യഥാർത്ഥ പ്രൊഫഷണലായതിനാൽ അദ്ദേഹത്തിന്റെ ഹൃദയം ഇന്നും അന്തർവാഹിനിക്കൊപ്പം സമുദ്രത്തിന്റെ അഗാധതയിൽ ഊളിയിട്ടു കൊണ്ടിരിക്കുകയാണ്. ഈ പ്രായത്തിലും അദ്ദേഹത്തിന്റെ ഫിറ്റ്നെസ് ലെവൽ വീണ്ടും ഒരു സബ്മറീനർ ആവാൻ യോജിച്ചതാണ്.

സാഹസികത നിറഞ്ഞ ജീവിതം കൊതിക്കുന്ന യുവാവാണ് നിങ്ങളെങ്കിൽ കടലിനടിയിലൂടെ ഊളിയിട്ടു നീങ്ങുന്ന സബ്മറീനറുടേതുപോലെ നിങ്ങൾക്കു യോജിച്ച മറ്റൊരു ജോലിയില്ല. ആ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടണമെങ്കിൽ നിങ്ങൾ തെരഞ്ഞെടുക്കുന്നത് ഇന്ത്യൻ നാവികസേനയിലെ ജോലി ആവണം.

ലേഖകൻ: കൽക്കത്ത സി.പി.ആർ.ഒ പ്രതിരോധ മന്ത്രാലയത്തിലെ ഗ്രൂപ്പ് ക്യാപ്റ്റനാണ്. ■

പോർച്ചുഗീസുകാർ അല്ലെങ്കിൽ പറങ്കികൾ, മണ്ണൊലിപ്പു തടയാൻ കൊണ്ടു വന്ന് നട്ട്, പിന്നീട് പ്രധാന നാണ്യവിളയായി തീർന്നതാണ് "പറങ്കിമാവ്" അല്ലെങ്കിൽ "കശുമാവ്".

വെറുതെ പാഴ്നിലങ്ങളായി, തരിശായി കിടക്കുന്ന സ്ഥലങ്ങളിലെല്ലാം കശുമാവ് ഒട്ടുതൈകൾ നടാൻ, ഗ്രാമതലത്തിൽ ശ്രദ്ധിച്ചാൽ നന്നായിരിക്കും. കാര്യമായി പരിചരണമില്ലാതെ തന്നെ നല്ല വിളവ് തരുന്ന കശുമാവ്, ശരിയായ അർത്ഥത്തിൽ കാശുനൽകുന്ന കാശുമാവാണ്. ശാസ്ത്രീയമായി പരിചരിച്ചാൽ നല്ല വിളവും നല്ല വരുമാനവും ഉറപ്പാക്കാവുന്ന മികച്ച ഇനങ്ങൾ നമുക്കു ലഭ്യമാണ്. ഇവയിൽ ചിലതിനെ പരിചയപ്പെടാം.

ആനക്കയം -1 : കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ ഇനമാണിത്. ഒതുങ്ങിയ വളർച്ചാരീതി, തിങ്ങിയ ശാഖകളുള്ളയിനം, സങ്കരയിനമല്ല. പുഷ്പിക്കൽ ഒക്ടോബർ-നവംബർ മാസത്തിലാണ്. ഡിസംബർ-ജനുവരിയിൽ പച്ചണ്ടിയുണ്ടാവും. നേരത്തെ പുഷ്പിക്കുന്നയിനം. 6 ഗ്രാം തൂക്കം വരുന്ന കശുവണ്ടി രുചികരമാണ്. ശരാശരി മരമൊന്നിന് 12കിലോ വിളവ് കിട്ടും. വലിയ മലമ്പ്രദേശങ്ങളിലൊഴികെ കേരളത്തിലെ എല്ലായിടങ്ങളിലും ആനക്കയം-1 നടാം. ഇതിന്റെ കശുമാങ്ങയുടെ നിറം പിങ്ക് കലർന്ന മഞ്ഞയാണ്.

മാടക്കത്തറ-1 : കേരള കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂരിലെ മാടക്കത്തറയിലെ കശുമാവ് ഗവേഷണ കേന്ദ്രം വികസിപ്പിച്ചയിനമാണിത്. ഒതുങ്ങിയ വളർച്ചാരീതിയിലുള്ള മാടക്കത്തറ-1, നേരത്തെ പുഷ്പിക്കും. കശുമാങ്ങയുടെ നിറം മഞ്ഞയാണ്. മരമൊന്നിന് ശരാശരി വിളവ് 13.8 കിലോയാണ്.

മാടക്കത്തറ 2: മാർച്ചിൽ പുഷ്പിക്കുന്നയിനം. ആയതിനാൽ വൈകി പുഷ്പിക്കൽ ഇതിന്റെ പ്രത്യേകതയാണ്. കശുമാങ്ങയുടെ നിറം ചുവപ്പാണ്. മരമൊന്നിന് ശരാശരി വിളവ് 17 കി.ഗ്രാമാണ്.

മാടക്കത്തറ 3: ഇടുക്കി, വയനാട് ജില്ലകൾക്ക് പറ്റില്ല. എന്നാൽ, ഉയരം കുറഞ്ഞ സമതല പ്രദേശങ്ങളിലേക്ക് പറ്റിയ ഇനമാണിത്.

കനക: സങ്കരയിനമാണിത്. മധ്യകാല പുഷ്പിക്കൽ സ്വഭാവമുള്ളതാണിത്. നവംബർ-ഡിസംബർ മാസങ്ങളിൽ പുഷ്പിക്കുന്ന "കനക" യുടെ മാങ്ങയ്ക്ക് മഞ്ഞനിറമാണ്. മരമൊന്നിന് ശരാശരി 12.8 കി.ഗ്രാം വിളവ് ലഭിക്കും. കേരളത്തിലെ എല്ലാ ഭാഗത്തേയ്ക്കും പറ്റിയ ഇനമാണിത്.

ധന: സങ്കര കശുമാവിനമാണ് "ധന" ഡിസംബർ-ജനുവരിയിൽ പുഷ്പിക്കും. കശുമാങ്ങയുടെ നിറം മഞ്ഞയാണ്. മരമൊന്നിന് ശരാശരി 10.66 കിഗ്രാം വിളവ് കിട്ടും.

പ്രിയങ്ക: സങ്കരയിനമാണ്. ഡിസംബർ-ജനുവരിയിൽ പുഷ്പിക്കുന്നയിനമാണിത്. തിങ്ങിയ ശാഖകളുള്ള പ്രിയങ്കയുടെ മാങ്ങയുടെ നിറം മഞ്ഞകലർന്ന ചുവപ്പാണ്. മരമൊന്നിന് ശരാശി 17 കി.ഗ്രാം വിളവ് കിട്ടും.

ധരശ്രീ: മധ്യകാല പുഷ്പിക്കൽ സ്വഭാവമുള്ള സങ്കരയിനം. ജനുവരി-മാർച്ചിലാണ് പച്ചണ്ടിയുണ്ടാവുക. കശുമാങ്ങയ്ക്ക് പിങ്ക് കലർന്ന മഞ്ഞയാണ് നിറം. മരമൊന്നിന് 15 കി.ഗ്രാം വിളവ് ലഭിക്കും.

സുലഭ: സങ്കരയിനമല്ലായിത്. സെലക്ഷൻ വഴി തയ്യാറാക്കിയ ഇനമാണിത്. വൈകി പുഷ്പിക്കുന്ന സ്വഭാവമാണിതിനുള്ളത്. വലിപ്പമേറിയ അണ്ടിയുള്ള ഇനമാണിത്. കശുമാങ്ങയുടെ നിറം, ഇളം ഓറഞ്ച് വരും. 22 കി.ഗ്രാം വരെ വിളവ് മരമൊന്നിന് ലഭിക്കും.

അമൃത: സങ്കര കശുമാവിനമാണിത്. പടരുന്ന വളർച്ചാരീതിയുണ്ടിതിന്. ഡിസംബർ-ജനുവരിയിൽ പുഷ്പിച്ച്, ജനുവരി-മാർച്ചിലാണ് പച്ചണ്ടിയുണ്ടാവുക. മാങ്ങയുടെ നിറം മഞ്ഞയാണ്. 18 കി.ഗ്രാമിലേറെ മരമൊന്നിന് വിളവ് കിട്ടും.

അനഘ: മധ്യകാല പുഷ്പിക്കൽ സ്വഭാവമുള്ള സങ്കരയിനമാണിത്. ഓറഞ്ചു കലർന്ന ചുവപ്പാണിതിന്റെ മാങ്ങയുടെ നിറം. മരമൊന്നിന് 14 കി. വരെ വിളവ് ലഭിക്കും. തിങ്ങിയ ശാഖാസ്വഭാവമുള്ള സങ്കരയിനമാണിത്.

അക്ഷയ: സങ്കര കശുമാവിനമാണ്. നന്നായി ഒതുങ്ങിയ വളർച്ചാ രീതിയാണിത്. തിങ്ങിയ ശാഖകളുള്ളതാണിത്. മധ്യകാല പുഷ്പിക്കൽ സ്വഭാവമുണ്ട്. കശുമാങ്ങയുടെ നിറം മഞ്ഞയാണ്. മരമൊന്നിന് 11.78 കി.ഗ്രാം ശരാശരി വിളവ് കിട്ടും.

കെ-22-1

"കൊട്ടാരക്കര 22" എന്നയിനമാണിത്. സങ്കരയിനമല്ല.

വെറുതെ പാഴ്നിലങ്ങളായി, തരിശായി കിടക്കുന്ന സ്ഥലങ്ങളിലെല്ലാം കശുമാവ് ഒട്ടുതൈകൾ നടാൻ, ഗ്രാമതലത്തിൽ ശ്രദ്ധിച്ചാൽ നന്നായിരിക്കും. കാര്യമായി പരിചരണമില്ലാതെ തന്നെ നല്ല വിളവ് തരുന്ന കശുമാവ്, ശരിയായ അർത്ഥത്തിൽ കാശുനൽകുന്ന കാശുമാവാണ്.





കാശുതരാൻ കശുമാവിനങ്ങൾ

എം.എ. സുധീർ ബാബു പട്ടാമ്പി

നന്നായി ഒതുങ്ങി വളരുന്നു. തിങ്ങിയ ശാഖയുണ്ടിതിന്. ഡിസംബർ-ഫെബ്രുവരിയിൽ പുഷ്പ്പിക്കും. മാങ്ങയുടെ നിറം ചുവപ്പാണ്. മരമൊന്നിന് ശരാശരി 13 കി.ഗ്രാം വിളവ് കിട്ടും.

വൃദ്ധാചലം-3: തമിഴ്നാട് കാർഷിക സർവ്വകലാശാല പുറത്തിറക്കിയ ഇനമാണിത്. ജനുവരി-ഫെബ്രുവരിയിൽ പുഷ്പ്പിച്ച്, ഫെബ്രുവരി-മാർച്ചിൽ പച്ചണ്ടിയുണ്ടാവും. മാങ്ങയുടെ നിറം ചുവപ്പാണ്. മരമൊന്നിന് ശരാശരി വിളവ് 11.68 കി.ഗ്രാമാണ്.

മൃദുല: കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ കറയില്ലാത്തയിനം. വൈകിയാണിത് പുഷ്പ്പിക്കുക. സങ്കരയിനമല്ല. "മൃദുല" ഫെബ്രുവരി-മാർച്ചിൽ പുഷ്പ്പിച്ച്, മാർച്ച്-ഏപ്രിലിൽ പച്ചണ്ടിയുണ്ടാവുന്ന ഇനമാണ്. കശുമാങ്ങയുടെ നിറം കടും ചുവപ്പാണ്. മൃദുലയുടെ വിളവ് വളരെ കുറവാണ്. കറയില്ലായെന്നതുമാത്രമാണിതിന്റെ പ്രത്യേകത. മരമൊന്നിന് ശരാശരി 3 കി.ഗ്രാം അണ്ടിയാണ് വിളവ് കിട്ടുക.

ഇതിനു പുറമെ ദാമോദർ, രാഘവ്, പൂർണ്ണിമ "ശ്രീ" എന്നീ കശുമാവിനങ്ങളും പുറത്തിറക്കിയിട്ടുണ്ട്. നേരത്തെ കായ്പ്പിടിക്കുന്ന "ശ്രീ" എന്ന കശുമാവിനം ആനക്കയം-1 ൽ നിന്ന് തിരഞ്ഞെടുത്തതാണ്. ഇതിന്റെ ശരാശരി വിളവ് മരമൊന്നിന് വർഷത്തിൽ 23 കിലോയിലേറെയാണ്. "പൂർണ്ണിമ" എന്ന സങ്കരയിനത്തിന് 14 കി.ഗ്രാം വരെയാണ് വിളവ്. കശുമാവ് നട്ടാൽ മണ്ണു സംരക്ഷിക്കാനും, നല്ല വിളവുൽപ്പാദിപ്പിച്ച് കർഷകന് മികച്ച വരുമാനം നേടാനും സാധിക്കും. ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കുന്നതിന് നല്ലഡിമാൻഡുള്ളതിനാൽ മികച്ച വിലയും ഉറപ്പിക്കാം. നല്ല തൈകൾക്ക് കേരള കാർഷിക സർവ്വകലാശാലയിൽ ബന്ധപ്പെട്ടാൽ മതി. ■

അന്താരാഷ്ട്ര സെമിനാർ

പങ്കാളിത്ത പ്രാദേശിക ഭരണത്തിലൂടെ ജനാധിപത്യത്തിന്റെ

കീഴ്തല വ്യാപനം

19 – 21 ജനുവരി 2014

തിരുവനന്തപുരം

International Conference on Deepening Democracy
ICODD 2014
Thiruvananthapuram Jan. 19-21

ജനാധിപത്യ അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും അർത്ഥപൂർണ്ണമായി നടപ്പാക്കി വരുന്ന കേരളം ഇതിനോടകം ലോകശ്രദ്ധ തന്നെ ആകർഷിച്ചു കഴിഞ്ഞു. സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം എന്ന ലക്ഷ്യം കൈവരിക്കുന്ന തരത്തിൽ വികസന പ്രക്രിയയെ വിഭാവനം ചെയ്തുകൊണ്ട് ജനപങ്കാളിത്തത്തോടെ നടപ്പാക്കി വരുന്ന വികേന്ദ്രീകരണ പ്രക്രിയ ഏതാണ്ട് ഒന്നരപതിറ്റാണ്ട് പിന്നിട്ടിരിക്കുകയാണ്. കേരളത്തിന്റെ ഈ പ്രവർത്തനങ്ങളെ അന്താരാഷ്ട്ര തലത്തിൽ വിലയിരുത്തുന്നതിനും ചർച്ച ചെയ്യുന്നതിനും മനസ്സിലാക്കുന്നതിനും മറ്റ് രാജ്യങ്ങളിലേയും സംസ്ഥാനങ്ങളിലേയും നൂതനമായ വികേന്ദ്രീകരണ മാതൃകകളെ ഉൾക്കൊള്ളുന്നതിനുമായി സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പും കിലയും സംയുക്തമായി ഒരു അന്ത്രാരാഷ്ട്ര സെമിനാർ ജനുവരി 19 മുതൽ 21 വരെ തിയ്യതികളിൽ തിരുവനന്തപുരത്ത് സമുദ്ര ഹോട്ടലിൽ സംഘടിപ്പിക്കുന്നു.

പഞ്ചായത്ത് - സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീറാണ് ഈ സെമിനാറിന് നേതൃത്വം വഹിക്കുന്നത്. കേന്ദ്ര പഞ്ചായത്തിരാജ് - പട്ടിക വർഗ്ഗ വകുപ്പു മന്ത്രി കിഷോർ ചന്ദ്രദേവ്, സെമിനാർ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ധനമന്ത്രി കെ.എം. മണി, കേന്ദ്ര സഹമന്ത്രി ഡോ. ശശി തരൂർ, സംസ്ഥാന ഗ്രാമ വികസന വകുപ്പു മന്ത്രി കെ.സി.ജോസഫ് തുടങ്ങിയവർ സെമിനാറിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുന്നു.

വിദേശ രാഷ്ട്രങ്ങളിൽ നിന്നും വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള അക്കാദമിക് വിദഗ്ദ്ധർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, നയരൂപീകരണത്തിൽ പങ്കെടുക്കുന്നവർ, ഗവേഷകർ, വിവിധ വിഷയ മേഖലകളിലെ വിദഗ്ദ്ധർ, വിദ്യാർത്ഥികൾ എന്നിവരാണ് ഈ സെമിനാറിൽ പങ്കെടുക്കുന്നത്.

വിദേശ രാഷ്ട്രങ്ങളിൽ നിന്നും വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള അക്കാദമിക് വിദഗ്ദ്ധർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, നയരൂപീകരണത്തിൽ പങ്കെടുക്കുന്നവർ, ഗവേഷകർ, വിവിധ വിഷയ മേഖലകളിലെ വിദഗ്ദ്ധർ, വിദ്യാർത്ഥികൾ എന്നിവരാണ് ഈ സെമിനാറിൽ പങ്കെടുക്കുന്നത്.

വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള 15 സെഷനുകളിലായി 150-ൽ പരം പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതാണ്. പ്രബന്ധാവതരണങ്ങൾ 15 സെഷനുകളിലായി വിഷയാടിസ്ഥാനത്തിൽ സമാന്തരമായി നടക്കുന്നതാണ്. പങ്കാളിത്ത ജനാധിപത്യം- നാഴികക്കല്ലുകളും വെല്ലുവിളികളും, വനിതാശാക്തീകരണവും തദ്ദേശ ഭരണവും, പങ്കാളിത്ത ആസൂത്രണം, സുതാര്യതയും അക്കൗണ്ടബിലിറ്റിയും, പ്രാദേശിക ഭരണത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ പങ്ക്, പ്രാന്തവത്കരിക്കപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കൽ, സാമ്പത്തിക വികേന്ദ്രീകരണം, വിഭവ സമാഹരണം, ഇലക്ട്രോണിക് ഭരണ സംവിധാനം, പഞ്ചായത്തുകളും സന്നദ്ധസംഘടനകളും, മാധ്യമങ്ങളും തദ്ദേശ ഭരണവും, കുട്ടികളുടെ അവകാശങ്ങൾ, ആഗോള തലത്തിലും പ്രാദേശിക തലത്തിലുമുള്ള പ്രശ്നങ്ങളും വെല്ലുവിളികളും, പങ്കാളിത്ത ജനാധിപത്യം- അനുഭവ പാഠങ്ങൾ, കേരളത്തിന്റെ ഗ്രാമ-നഗര വികസനം, സേവന പ്രദാനത്തിലെ അനുഭവ പാഠങ്ങൾ എന്നിവയാണ് സെമിനാറിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ.

അമേരിക്ക, ദക്ഷാണാഫ്രിക്ക, പാക്കിസ്ഥാൻ, ശ്രീലങ്ക, ബംഗ്ലാദേശ്, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്നു.

21-ന് ഉച്ചയ്ക്ക് ശേഷം ചേരുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നതാണ്. കേന്ദ്ര ഗ്രാമ വികസന വകുപ്പ് മന്ത്രി ജയറാം രമേശ്, നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി എന്നിവർ സംബന്ധിക്കും.

റിപ്പോർട്ട് ഡോ. വി.പി. ബാലൻ

അജയൻ പനയറ

ചില 2014 പുതുവർഷ വിചാരങ്ങൾ

കാലഗതിയിൽ ഒരാണ്ട് എന്നത് നിസാരമാണ്. എന്നാൽ മനുഷ്യനെ സംബന്ധിച്ച് അത് നിസാരമല്ല. പുതിയ ചിന്തകൾ, പുതിയ കാഴ്ചകൾ, കുതിപ്പുകൾ, കിതപ്പുകൾ......... കണക്കെടുപ്പുകളുടെ അവസരമാണ് ഓരോ ആണ്ടറുതിയും. സ്വപ്നങ്ങളുടെ, തീരുമാനങ്ങളുടെ, നിശ്ചയദാർഢ്യത്തിന്റെ നിമിഷങ്ങളാണ് ഓരോ ആണ്ടു പിറപ്പും. 2013 പടിയിറങ്ങി 2014 കടന്നുവരുമ്പോൾ ഇത്തരം വിചാരങ്ങളുടെ, ഓർമ്മകളുടെ അവസരം കൂടിയാണിത്.

ഭാരതത്തെയും കേരളത്തെയും സംബന്ധിച്ച് കഴിഞ്ഞ നാളുകൾ നേട്ടങ്ങളുടേത് തന്നെയായിരുന്നു. മംഗൾയാനും ജി.എസ്.എൽ.വി. വിക്ഷേപണവും ഒക്കെയായി ശാസ്ത്ര സാങ്കേതികരംഗത്ത് നമ്മെ ഉയരങ്ങളിലെത്തിച്ച ഇന്നലെകൾ അഭിമാനകരമാണ്. പ്രതിരോധരംഗത്തും കായികരംഗത്തും വിദ്യാഭ്യാസരംഗത്തും നാം കുതിച്ച നാളുകളാണ് കടന്നുപോയത്. പക്ഷേ, ചില വിലയിടിച്ചിലുകളുടെ, പതനങ്ങളുടെ ഘോരശബ്ദം ചെവിയോർത്തുകേൾക്കുക!

മണ്ണിനും പെണ്ണിനും വിലയിടിഞ്ഞ നാളുകളാണ് കടന്നുപോയത്. വിപണിയുടെ ആസുരമായ ഇടപെടലുകൾ മണ്ണിന്റെയും പെണ്ണിന്റെയും ശുദ്ധിയെ കളങ്കപ്പെടുത്താൻ കച്ചകെട്ടിയിറങ്ങിയ കഴിഞ്ഞ കാലത്തെ ഓർമ്മിച്ചുകൊണ്ട് ചില പുതിയ തീരുമാനങ്ങളുടെ പുതുവർഷമാണ് നമുക്ക് വേണ്ടത്.

വിഷം തീണ്ടിയ വെള്ളവും വായുവും ഔദാര്യമെന്ന മട്ടിൽ വച്ചുനീട്ടുന്ന അദൃശ്യവും അപകടകരവുമായ ശക്തികൾ നാട്ടിൽ കൂടുതൽ ശക്തിയാർജിച്ച നാളുകളാണ് കടന്നുപോയത്. നാമെന്ത് കഴിക്കണമെന്ന് തീരുമാനിക്കാൻ പോലും കഴിയാത്ത തരത്തിൽ എത്ര വേഗമാണ് നാം നിസഹായരായിപ്പോയത്! ആഗോളതലത്തിൽ കോർപ്പറേറ്റ് ഭീമന്മാർ നമ്മുടെ അവശേഷിക്കുന്ന പച്ചത്തുരുത്തുകളെപ്പോലും ആർത്തിയോടെ കവർന്നെടുക്കാനെത്തുമ്പോൾ ഗതകാലസമരസ്മരണകൾ പോലും നമുക്ക് നഷ്ടമാകുകയാണോ? നമ്മുടെ പെൺകുട്ടികൾ നിർഭയരായി വഴി നടക്കാൻ പോലും കഴിയാത്തത്ര കാലം കറുത്തപ്പോൾ നാം എന്തുചെയ്യുകയായിരുന്നു?

2013-ന്റെ പടിയിറക്കം അത്ര ശുഭകരമല്ലാത്തവിധം നമ്മുടെ മുന്നിൽ ചോദ്യങ്ങളുയർത്തുമ്പോഴാണ് പുതുവർഷത്തിൽ ചില വീണ്ടുവിചാരങ്ങൾക്ക് നാം ബാധ്യസ്ഥരാകുന്നത്.

ജനാധിപത്യപരമായ സൂക്ഷ്മസാധ്യതകളെയും ഇടങ്ങളെയും കണ്ടെത്തിയും സംരക്ഷിച്ചും കൊണ്ടാവണം 2014 നെ നാം വരവേൽക്കേണ്ടത്. ഭാരതത്തിൽ പാർലമെന്ററി ജനാധിപത്യത്തിൽ ചില നവ ബദലുകൾ ഈ വർഷപ്പിറപ്പിൽ നാം കണ്ടു. അത് വിജയിക്കുമോ എന്നത് കാലം തെളിയിക്കട്ടെ. പക്ഷേ വ്യക്തിപരമായ ജനാധിപത്യപുനർവിചാരങ്ങളാണ് ആസുരകാലത്തിന് മറുമരുന്ന്. തങ്ങളുടെ ചെറുകൃഷിയിടങ്ങളിൽ നമുക്ക് വേണ്ടത് കൃഷിചെയ്യുന്ന മനുഷ്യരാണ് കോർപ്പറേറ്റ് തേരോട്ടത്തിന് തടയിടുക. മൊൺസാന്റോ പോലുള്ള വൻ കമ്പനികൾ വിത്തുകളെപ്പോലും സംഹാരത്തിന്റെ ആയുധങ്ങളാക്കുമ്പോൾ തവളക്കണ്ണനും, കൈനിയും പോലുള്ള നാടൻ വിത്തിനങ്ങൾ സംരക്ഷിക്കാൻ നാം തയ്യാറാകണം. 'ഹിരണ്യമേവം ഭജേ' എന്ന് ഊണിലും ഉറക്കത്തിലും ഉരുവിടുന്ന ധനോപാസകർക്കു ബദൽ ധാന്യോപാസനയാണ്. മണ്ണിനെ കവർന്നെടുക്കാനെത്തുന്ന സർവാധികാരത്തിന്റെ പുതുമുഖങ്ങൾക്കെതിരെ അവസാനത്തെ ആറടി മണ്ണെങ്കിലും അവകാശമാക്കുന്ന ഒറ്റയൊറ്റ മനുഷ്യന്റെ നിശ്ചയദാർഢ്യമാകണം പുതുവർഷത്തിന്റെ വിചാരം.

പരസ്യങ്ങളുടെ, പ്രദർശനപരതയുടെ കാലമാണിത്. പെണ്ണ് ഉടൽ മാത്രമാണെന്നും, ഉടൽ ഉപഭോഗത്തിന് മാത്രമുള്ളതാണെന്നും കഴിഞ്ഞ നാളുകളിലെ

കേരളത്തെ സംബന്ധിച്ച് ലഹരി ഏറ്റവും പ്രിയങ്കരമാകുന്നു എന്ന് കണക്കുകൾ പറയുന്നു. ആഡംബരം, പണം, മദ്യം, ഭക്തി എല്ലാം ലഹരിയാണ് മലയാളിക്ക്. ആത്മവിസ്മൃതി എന്നത് തന്മയീഭാവം മാത്രമല്ലെന്നും സ്വത്വനഷ്ടം എന്നൊരർത്ഥം കൂടി അതിനുണ്ടെന്നുമുള്ള തിരിച്ചറിവ് 2014 – ൽ നാം വീണ്ടെടുക്കണം.

പ്പോഴേ, നാം ചിന്തിച്ചുതുടങ്ങി. ട്രെയിനിൽ, വഴിയിൽ, പള്ളിക്കൂടങ്ങളിൽ, വീടകങ്ങളിൽ പെൺജന്മങ്ങൾ ഭയത്തിന്റെ വസ്ത്രവുമായി പതുങ്ങി, പരുങ്ങി നടക്കാൻ തുടങ്ങിയത് സമീപഭൂതകാലത്തിന്റെ നാളുകളിലാണ്. കേരളം ഇന്ന് ലൈംഗികാ-സഹിഷ്ണുക്കളുടെ നാടാണെന്ന് മാധ്യമങ്ങൾ വിളിച്ചു പറയുന്നു. ഇവിടെയാണ് 'നിൻ പെങ്ങളാണിവൾ' എന്ന് കവിപ്പേച്ച് കേൾക്കാതെ പോകുന്നത്. നമ്മുടെ സ്ത്രീത്വത്തിന് നാം കാവലാകും എന്ന മനക്കരുത്താണ് 2014-ൽ ഉണ്ടാവേണ്ടത്.

പാവപ്പെട്ടവൻ എന്ന പദം ഒരു പരസ്യവാചകവും ഫലിതവുമാണിന്ന്. കോടികളുടെ കണക്കുകളാണ് ചെറിയ തട്ടിപ്പുകാർ പോലും പറയുന്നത്. മഹാത്മജി വിഭാവനം ചെയ്ത അന്ത്യോദയവും സർവോദയവുമൊക്കെ പ്രസംഗവേദികളിൽ മാത്രമേ കേൾക്കാനുള്ളൂ. സൂക്ഷ്മ ജനാധിപത്യം സർവോദയത്തിന്റേതാണ്. അന്ത്യോദയത്തിന്റേതാണ്. ഗ്രാമങ്ങൾ ചാണകക്കുണ്ടിൽ നിന്നും ഉയിർക്കുന്ന നാളുകളെ സ്വപ്നം കണ്ട ആ മഹാമനുഷ്യന്റെ വിചാരങ്ങൾക്ക് ഇടംനൽകുന്നതാകണം പുതുവർഷചിന്തകൾ.

കേരളം കഴിഞ്ഞ വർഷം ഏറ്റവുമധികം സംസാരിച്ചത് ജാതിയും മതവുമായിരുന്നു. ജാതി ചോദിക്കരുത്, പറയരുത് എന്നതിന് ജാതി ചോദിച്ചാലെന്ത്? പറഞ്ഞാലെന്ത്? എന്ന മറുചോദ്യം കൊണ്ട് പരിഹസിക്കുന്നതിൽ നാം മത്സരിക്കുകയായിരുന്നു.

"ജാതിഭേദവും മതദ്വേഷവുമെന്യേ ലോകർ
സോദരർ പോലെ വാഴും കാഴ്ച കാട്ടിയ കണ്ണേ
മുച്ചൂടും മുന്നേറിയും നിന്നൊപ്പമെത്തീലല്ലോ
അച്ചുണ്ടുവിരലോളം വളർന്നീലല്ലോ ഞങ്ങൾ"

എന്ന കവിമൊഴിയിലെ നാണക്കേട് നമുക്ക് ഉണ്ടായതേയില്ല. ജാതിയും മതവും പറയുന്നതും വിചാരിക്കുന്നതും അന്തസല്ല എന്ന തിരിച്ചറിവാകണം 2014-ന്റെ മറ്റൊരു നിശ്ചയം.

കേരളത്തെ സംബന്ധിച്ച് ലഹരി ഏറ്റവും പ്രിയങ്കരമാകുന്നു എന്ന് കണക്കുകൾ പറയുന്നു. ആഡംബരം, പണം, മദ്യം, ഭക്തി എല്ലാം ലഹരിയാണ് മലയാളിക്ക്. ആത്മവിസ്മൃതി എന്നത് തന്മയീഭാവം മാത്രമല്ലെന്നും സ്വത്വനഷ്ടം എന്നൊരർത്ഥം കൂടി അതിനുണ്ടെന്നുമുള്ള തിരിച്ചറിവ് 2014-ൽ നാം വീണ്ടെടുക്കണം. നവോത്ഥാനമൂല്യങ്ങൾ എടുക്കാനാണയങ്ങളാകുന്ന ദുരന്തം കേരളത്തെ ഇരുണ്ട യുഗത്തിലേക്ക് നയിക്കും. ഈ പുതിയ കാലത്തും, കൊന്നംവെന്നം രാഷ്ട്രീയ, സാമുദായിക -ശക്തി തെളിയിക്കുന്നവർ കേരളത്തിലുണ്ട്. 2014-ൽ സംവാദാത്മകവും സൗഹൃദപരവുമായ ബദലുകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. എല്ലാം വിവാദങ്ങളാകുമ്പോഴല്ല, വിലയിരുത്തപ്പെടുമ്പോഴാണ് ആരോഗ്യമുള്ള ഒരു ജനത രൂപപ്പെട്ടു തുടങ്ങുന്നത്.

2013-ൽ നമ്മുടെ കൊച്ചുകേരളത്തിൽ 'എല്ലാ കളികളിലും ജയിച്ചത്' മാധ്യമങ്ങളാണ്. കണ്ണും കാതും തുറന്നിരിക്കുന്ന മാധ്യമങ്ങളാണ് ജനാധിപത്യത്തിന്റെ കാവലാളുകൾ. എന്നാൽ പൈങ്കിളിത്തവും വിടുവായത്തവും കൂട്ടയോട്ടമത്സരത്തിൽ ജയിക്കാനുള്ള കുതികാൽവെട്ടും ഒളിഞ്ഞുനോട്ടവുമൊക്കെയായി നമ്മുടെ മാധ്യമങ്ങൾ-വിപണിയുടെ മാത്രം കാവൽക്കാരാകുകയാണോ? കഴിഞ്ഞ വർഷം റേറ്റിംഗിൽ ഉയർന്നു നിന്നു എന്നവകാശപ്പെടുന്ന പല ദൃശ്യമാധ്യമപരിപാടികളും വിമലീകരണത്തിന്റെയല്ല, 'വികലീകരണ'ത്തിന്റെ സന്ദേശമാണ് ഉയർത്തിയത്. കേസരിയും സ്വദേശാഭിമാനിയും പുലർത്തിയ, നട്ടെല്ലുള്ള മാധ്യമപ്രവർത്തനത്തിനു പകരം അഴകൊഴമ്പൻ മാധ്യമപ്രവർത്തനം മാതൃകയാക്കുന്നത് മലയാളിക്കു ഭൂഷണമല്ല. "ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരു നാടിനെന്ന്" തിരിച്ചറിയുന്ന മാധ്യമലോകമാണ് 2014-ൽ കേരളം സ്വപ്നം കാണേണ്ടത്.

ലോകത്തിനു തന്നെ മാതൃകയായിരുന്നു മലയാളിയുടെ വിദ്യാഭ്യാസലോകം. കഴിഞ്ഞ കുറേ നാളുകളായി കള്ളനും പോലീസും കളിയായിരിക്കുന്നു. അധ്യയന ദിവസങ്ങൾ നഷ്ടപ്പെട്ടാലും സമരം വിജയിക്കണമെന്നാഗ്രഹിക്കുന്ന സംഘടനകളും, അടിക്കടി ഉണ്ടാകുന്ന പരിഷ്കാരങ്ങളും ഈ മേഖലയെ സങ്കീർണമാക്കിയിരിക്കുകയാണ്. പുതിയ വർഷം പഠിക്കുക, പഠിപ്പിക്കുക എന്നത് മുദ്രാവാക്യവും ജീവിതശൈലിയുമാക്കുക. ഒരു അക്കാദമിക് ലോകം സാധ്യമാക്കുന്നതിനെക്കുറിച്ച് ആലോചിച്ച് തുടങ്ങാനെങ്കിലും നമുക്ക് കഴിയട്ടെ.

ശ്രേഷ്ഠഭാഷാപദവിയും മലയാളസർവകലാശാലയുമൊക്കെയായി മലയാള ഭാഷ തലയുയർത്തി നിന്ന വർഷമാണ് കടന്നുപോയത്. മലയാളിയുടെ അടിസ്ഥാനബോധത്തിൽ ഈ ഭാഷാബോധം വളർന്നോ എന്ന് പരിശോധിച്ചാൽ നിരാശയായിരിക്കും ഫലം. മലയാളം പഠിപ്പിക്കാതെ മക്കളെ വളർത്താൻ കിണഞ്ഞു പരിശ്രമിക്കുന്ന മാതാപിതാക്കൾ ഇപ്പോഴും കേരളത്തിലുണ്ട്. മാതൃഭാഷ അറിയാത്തവൻ മാതാപിതാക്കളെ അറിയണമെന്നും സ്നേഹിക്കണമെന്നും ആഗ്രഹിച്ചിട്ട് കാര്യമില്ല. അമ്മയും അമ്മിഞ്ഞപ്പാലും രണ്ടല്ല എന്നും നാവിലിറ്റുന്ന പാലും വരയുന്ന വാക്കും ചേർന്നാണ് മലയാളി മകൻ/മകൾ വളരുന്നത്/ വളരേണ്ടത് എന്നും തിരിച്ചറിയുന്ന വർഷമാകണം 2014.

വൃദ്ധരും കുഞ്ഞുങ്ങളുമാണ് സമകാലീന കേരളത്തിൽ ഏറ്റവും വേദനിപ്പിക്കപ്പെടുന്നത്. പിഞ്ചുകുഞ്ഞുങ്ങളെ പൊള്ളിച്ചും നിലത്ത് വലിച്ചെറിഞ്ഞും കംസാവതാരത്തിന് പുതിയ ഭാഷ്യങ്ങൾ ചമയ്ക്കുകയാണ് നാം. "വെള്ള സോക്സിട്ട മുടിനാരുക"ളെ ചങ്ങലക്കിട്ടും പട്ടിണിക്കിട്ടും വൃദ്ധസദനങ്ങളിലും തെരുവിലും തള്ളിയും മലയാളി അവന്റെ ജീവിതം ശല്യങ്ങളില്ലാത്തതാക്കാൻ തീരുമാനിക്കുകയാണ്.

വൃദ്ധരും കുഞ്ഞുങ്ങളുമാണ് സമകാലീന കേരളത്തിൽ ഏറ്റവും വേദനിപ്പിക്കപ്പെടുന്നത്. പിഞ്ചുകുഞ്ഞുങ്ങളെ പൊള്ളിച്ചും നിലത്ത് വലിച്ചെറിഞ്ഞും കംസാവതാരത്തിന് പുതിയ ഭാഷ്യങ്ങൾ ചമയ്ക്കുകയാണ് നാം. "വെള്ള സോക്സിട്ട മുടിനാരുക"ളെ ചങ്ങലക്കിട്ടും പട്ടിണിക്കിട്ടും വൃദ്ധസദനങ്ങളിലും തെരുവിലും തള്ളിയും മലയാളി അവന്റെ ജീവിതം ശല്യങ്ങളില്ലാത്തതാക്കാൻ തീരുമാനിക്കുകയാണ്. യുവത്വം മാത്രം മതിയെന്നും യുവത്വം മാത്രമാണ് ശരിയെന്നുമുള്ള തരത്തിൽ ചിന്തിക്കുമ്പോഴാണ് വേഗം കൂടുന്നത്, ശബ്ദം കൂടുന്നത്, ആവേശം കൂടുന്നത്. മൂല്യങ്ങൾ പഠിക്കാതെ എന്തു പഠിച്ചാലും അത് അറിവല്ല എന്ന തിരിച്ചറിവാണ് നമുക്കുവേണ്ടത്. പാഠപുസ്തകങ്ങളും മാധ്യമങ്ങളും രാഷ്ട്രീയ സാമൂഹികസാംസ്കാരിക നേതാക്കളും പറയുകയും പഠിപ്പിക്കുകയും ചെയ്യേണ്ടത് ആത്യന്തികമായി മനുഷ്യനെക്കുറിച്ചാണ്. 'മനുഷ്യൻ' റെഡ്ഡാറ്റാബുക്കിലാകാതിരിക്കാനുള്ള ഇത്തരം വിവേകം 2014-ൽ തുടങ്ങട്ടെ.

ഓരോ പുതുവർഷവും നക്ഷത്രങ്ങൾ തെളിയുന്ന രാവുകളുടേതാണ്. മനുഷ്യപുത്രന്റെ ജനനത്തെ ഓർമ്മിപ്പിക്കുന്ന നക്ഷത്രങ്ങൾ പുതുവർഷപ്പിറവിയുടെ ഓർമ്മവിളക്കുകൾ കൂടിയാകുന്നു. നക്ഷത്രം പ്രതീക്ഷയുടെ, വഴികാട്ടലിന്റെ, പ്രതീകമാണ്. പുതിയ വഴികളിലേക്ക് പ്രതീക്ഷകളിലേക്ക് ഓരോ വർഷവും നമ്മെ നയിക്കുന്നു. പുതുവർഷം ചില വീണ്ടുവിചാരങ്ങളുടെ നക്ഷത്രവെളിച്ചം കൂടി പ്രസരിപ്പിക്കട്ടെ. ഏതു കൊടിയ വിപണിയുത്സവങ്ങളിലും തന്റെ കൊച്ചുതുരുത്തുകൾ നഷ്ടപ്പെടുത്താത്ത, തന്റെ മണ്ണിനെയും പെണ്ണിനെയും പോറ്റി പുലർത്തുന്ന അപരന്റെ ജീവനെയും ജീവിതത്തെയും അറിഞ്ഞാദരിക്കുന്ന, മലയാളമറിയുന്ന, അമ്മയെ സ്നേഹിക്കുന്ന, മലയാളിയാകട്ടെ 2014-ന്റെ സ്വപ്നം. മനുഷ്യനെയറിയുന്ന മനുഷ്യനാകട്ടെ 2014-ന്റെ വാഗ്ദാനം. ■

ലേഖകൻ: തിരുവനന്തപുരം വിമൻസ് കോളേജിൽ മലയാളം വിഭാഗത്തിലെ അസി:പ്രൊഫസറാണ്.

കിലയും സെട്രൽ യൂണിവേഴ്സിറ്റിയും കരാറിൽ ഒപ്പു വച്ചു

പ്രാദേശിക ഭരണത്തെക്കുറിച്ചും അധികാരവികേന്ദ്രീകരണത്തെക്കുറിച്ചുമുള്ള സംയുക്ത ഗവേഷണത്തിന് കിലയും സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയും (സി.യു.കെ) ധാരണാപത്രത്തിൽ ഒപ്പുവച്ചു. കില ഡയറക്ടർ ഡോ. പി.പി. ബാലനും യൂണിവേഴ്സിറ്റി രജിസ്റ്റാർ വി. ശശിധരനുമാണ് ധാരണാ പത്രത്തിൽ ഒപ്പുവച്ചത്. ബിരുദാനന്തരബിരുദത്തിനു പഠിക്കുന്നവർക്കും ഗവേഷണ വിദ്യാർത്ഥികൾക്കും കിലയുമായുള്ള സഹകരണം ഗുണം ചെയ്യുമെന്ന് സർവകലാശാല അധികൃതർ അറിയിച്ചു. പ്രാദേശികഭരണത്തെക്കുറിച്ച് പഠിപ്പിക്കുന്നവരുടെ കാര്യശേഷി വികസനത്തിന് കരാർ സഹായകരമാകുമെന്ന് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ ജാൻസി ജെയിംസ് പറഞ്ഞു. ഇരു സ്ഥാപനങ്ങളേയും വിവിധ പരിശീലന പരിപാടികൾക്ക് ധാരണാപത്രം ശക്തിപകരും.

യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ പി. ഭാസ്കരൻ, ഇന്റർനാഷണൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റ് മേധാവി ആർ. ഗിരീഷ്കുമാർ എന്നിവർ സന്നിഹിതരായിരുന്നു. ■

മുതുവാൻ ഭാഷയിൽ കിലയുടെ കൈപ്പുസ്തകം

കേരളത്തിലെ ഏക പട്ടികവർഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിലെ ജനപ്രതിനിധികൾക്കും ഊരുമൂപ്പന്മാർക്കും വേണ്ടി കില മുതുവാൻ ഭാഷയിൽ കൈപ്പുസ്തകം തയ്യാറാക്കി. പഞ്ചായത്തിന്റെ പട്ടികവർഗ ഉപപദ്ധതി സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ തയ്യാറാക്കുന്നതിനു മുന്നോടിയായിട്ടുള്ള പഞ്ചദിന പരിശീലനത്തിന്റെ ഭാഗമായിട്ടാണ് കൈപ്പുസ്തകം തയ്യാറാക്കിയത്. പട്ടികവർഗ്ഗക്കാരുടെ പ്രാദേശിക ഭാഷയിൽ ഇതാദ്യമായിട്ടാണ് കില കൈപ്പുസ്തകം തയ്യാറാക്കുന്നത്.

ആദ്യ ദിവസം ജനപ്രതിനിധികൾക്കും മൂന്നുദിവസങ്ങളിൽ ഊരുമൂപ്പന്മാർക്കും ട്രൈബൽ പ്രമോട്ടർമാർക്കും അവസാന ദിവസം നിർവഹണ ഉദ്യാഗസ്ഥർക്കുമാണ് പരിശീലനം. ജനപ്രതിനിധികളുടേയും ഊരുമൂപ്പന്മാരുടേയും ഭാഷയായ മുതുവാൻ ഭാഷയിൽ പരിശീലനവിഷയങ്ങൾ തയ്യാറാക്കുന്നതിന് മുതുവാൻ സമുദായത്തിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ വളണ്ടിയർമാരെ കണ്ടെത്തി അവരുടെ സഹായത്തോടെയാണ് കൈപ്പുസ്തകം തയ്യാറാക്കിയത്. പരിശീലനവിഷയങ്ങളെക്കുറിച്ച് ഇവർ തന്നെ മുതുവാൻ ഭാഷയിൽ പരിഭാഷപ്പെടുത്തുകയും ചെയ്യും.

കില ഡയറക്ടർ ഡോ. പി.പി. ബാലൻ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ. ജെ.ബി.രാജൻ അദ്ധ്യക്ഷത വഹിച്ചു. യു.വി. ബാബുരാജ്, ഡി. സാങ്കി എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. ■

പ:ന്യൂ:സർവ്വീസ്

വാർത്തകളും വിശേഷങ്ങളും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ഗൃഹനാഥൻ മരണപ്പെട്ടുപോയാൽ റേഷൻ കാർഡിൽ പേരുള്ള ഗൃഹനാഥയ്ക്ക്

സാധുക്കളായ കുടുംബങ്ങളെ സഹായിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി വരുന്ന വീട് പുനരുദ്ധാരണം, ശുചിത്വ കക്കൂസ് മുതലായ പദ്ധതികളുടെ ആനുകൂല്യങ്ങൾ മരണപ്പെട്ട കുടുംബനാഥന്റെ പേരിലുള്ള വീടിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ നിന്നും നൽകുവാൻ നിയമപരമായി സാധിക്കാത്തതിനാലും, ഉടമസ്ഥാവകാശം മാറ്റുന്നതിന് നിയമപരമായി കാലതാമസം നേരിടുന്നതിനാലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ഗൃഹനാഥൻ മരണപ്പെട്ടുപോയാൽ റേഷൻകാർഡിൽ പേരുള്ള ഗൃഹനാഥയ്ക്ക് നൽകുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ)നം. 85/2014/തസ്വഭവ തീയതി: 08.01.2014

12-ാം പഞ്ചവത്സര പദ്ധതി ആസൂത്രണം- മാർഗ്ഗരേഖകൾ സ്പഷ്ടീകരണം നൽകി ഉത്തരവു പുറപ്പെടുവിച്ചു

16.11.2013-ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയ്ക്ക് 2014-15 സാമ്പത്തിക വർഷം മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ എന്ന് സ്പഷ്ടീകരണം നൽകി ഉത്തരവു പുറപ്പെടുവിച്ചു. സ.ഉ.(എം.എസ്)നം 395/2013/തസ്വഭവ. തീയതി: 30.12.2013

പഞ്ചായത്ത് ദിനാഘോഷം - സംസ്ഥാന തല ഫോട്ടോഗ്രാഫി മത്സരം

ഫെബ്രുവരി 18,19 തീയതികളിൽ കോട്ടയത്ത് നടക്കുന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന സംസ്ഥാനതല ഫോട്ടോഗ്രാഫി മത്സരത്തിലേയ്ക്ക് എൻട്രികൾ ക്ഷണിക്കുന്നു. 'ഗ്രാമകേരളം' എന്നതാണ് മത്സരവിഷയം. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി 31.01.2014 ആണ്. മത്സരത്തിന്റെ നിബന്ധനകളും വിശദാംശങ്ങളും കൺവീനർ, പഞ്ചായത്ത് ദിനാഘോഷ പ്രോഗ്രാം കമ്മിറ്റി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ കോട്ടയം എന്ന വിലാസത്തിൽ നിന്നോ, www.lsg.kerala.gov.in എന്ന വെബ് വിലാസത്തിൽ നിന്നോ 9447660287, 9446022284 എന്നീ ഫോൺ നമ്പരുകളിൽ നിന്നോ ലഭിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളിൽ/സർട്ടിഫിക്കറ്റുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും, തസ്തികയുടെ പേരും ഉൾപ്പെടുത്തണം

2012 നവംബർ 1 മുതൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കെട്ടിട നിർമ്മാണാനുമതി/കെട്ടിട നമ്പർ/ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന മറ്റു എല്ലാ സർട്ടിഫിക്കറ്റുകളിലും, സർക്കാരിലേയ്ക്ക് അയയ്ക്കുന്ന എല്ലാ കത്ത് ഇടപാടുകളിലും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഓഫീസ്, ലാന്റ്ഫോൺ/ മൊബൈൽ ഫോൺ നമ്പർ എന്നിവ വ്യക്തമായി മനസ്സിലാക്കുന്നവിധം സീൽ പതിക്കേണ്ടതാണെന്ന് 30.10.2012 ലെ 59177/ ആർ എ1/12/തസ്വഭവ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിരുന്നു. വ്യക്തമായ നിർദ്ദേശം ഉണ്ടായിട്ടും സർക്കുലറിലെ നിർദ്ദേശങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ പാലിക്കപ്പെടുന്നില്ല എന്ന് സർക്കാരിന് ലഭിക്കുന്ന കത്തുകളിൽ നിന്നും ചീഫ് ടൗൺ പ്ലാനർ വിജിലൻസ് നടത്തിയിട്ടുള്ള പരിശോധനകളിൽ നിന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കണമെന്നും മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആധാരമായ കുറിപ്പ് ഫയലുകളിലും മേൽപ്പറഞ്ഞ പ്രകാരം സീൽ നിർബന്ധമായും പതിച്ചിരിക്കേണ്ടതാണെന്നും കൂടാതെ കെട്ടിട നിർമ്മാണം അനുമതിയുമായി ബന്ധപ്പെട്ട് ടൗൺ പ്ലാനിംഗ് വകുപ്പിൽ നിന്നും നൽകുന്ന അപ്രൂവൽ/ലേ ഔട്ട് അപ്രൂവൽ എന്നിവയിലും മേൽ പരാമർശിച്ച പ്രകാരം സീൽ പതിപ്പിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശം 2014 ജനുവരി 1 മുതൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നഗരാസൂത്രണ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ട് എന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പു വരുത്തേണ്ടതുമാണെന്നും മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി സർക്കാർ തലത്തിൽ പരിശോധനകൾ നടത്തുമെന്നും 01.01.2014 മുതൽ മേൽ നിർദ്ദേശം പൂർണ്ണമായും പാലിക്കപ്പെടാത്ത ഉദ്യോഗസ്ഥർക്കെതിരെ വിശദീകരണം ആവശ്യപ്പെടാതെ തന്നെ സർക്കാർ സ്വമേധയ കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നമ്പർ. 75419/ആർ എ1/2013/തസ്വഭവ തീയതി: 30.12.2013)

Central Regulation Zone പരിധി - മാനദണ്ഡം ഭേദഗതി ചെയ്ത് ഉത്തരവായി

ഐ.എ.വൈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനുള്ള തറ വിസ്തീർണ്ണം 25m^2 നും 66m^2 നും ഇടയിലായിരിക്കണം എന്ന് 28.05.2012 ലെ 41234/ഡിസി1/11, 6.2.2013 ലെ 333/13/തസ്വഭവ എന്നീ ഉത്തരവുകൾ പരാമർശം 1, 2 മുഖേന നിഷ്കർഷിച്ചിട്ടുണ്ട്.

2. Coastal Regulation Zone പരിധിയിൽ താമസിക്കുന്ന ഇന്ദിരാ ആവാസ് യോജന ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവർക്ക് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണ അനുമതി ലഭിക്കുന്നത് പലപ്പോഴും ഐ.എ.വൈ. മാനദണ്ഡങ്ങൾ പ്രകാരമുള്ള തറ വിസ്തീർണ്ണത്തിന്റെ കുറഞ്ഞ പരിധിയായി നിശ്ചയിച്ചിട്ടുള്ള 25 ചതുരശ്ര മീറ്ററിനു താഴെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കാനാണ്. ആയതിനാൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടിമാർക്ക് ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വച്ച് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതിനാൽ Coastal Regulation Zone ൽ താമസിക്കുന്ന ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നും ഭവനനിർമ്മാണാനുമതി ലഭിക്കുന്ന അതേ വിസ്തീർണ്ണത്തിൽ തന്നെ ഭവന നിർമ്മാണം നടത്തുന്നത് അനുവദിച്ച് അനുമതി നൽകി ഉത്തരവായി. സ.ഉ.(കൈ)നം. 392/13/തസ്വഭവ. തീയതി: 26.12.2013

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by Mithra.T. IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.

ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി



പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

PANCHAYATRAJ (Monthly) January 2014
Annual Subscription ₹120/-, Published on 20th January 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

ഹൈമാസ്റ്റ്ലൈറ്റുകൾ സൗരോർജ്ജത്തിൽ..

AMMINI SOLAR Introduces..

GreenMast

SOLAR LED MAST LIGHTS

Different Models
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

MSME National Award
for Quality Products

ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

For more details:1800 300 00 600 (TOLL FREE)

Printed & Published by Mithra.T. IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: Mithra.T. IAS